ഓണം. നന്മകൾ വിടരട്ടെ..!

READ ONLINE :: www.malankarasabha.in

MAHATMA GANDHI

"The weak can never forgive. Forgiveness is the attribute of the strong."

:: ഓഗസ്റ്റ് 2012 :: Rs. 15 ::

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമം


മലങ്കരസഭ


THE MALANKARA SABHA

COVER STORY

ചില ചാനൽ കൺകെട്ടുകൾ..!










olympics

follow the pink

ദൈവത്തിന്റെ മഹാപുരോഹിതാ.. സമാധാനത്തോടെ പോവുക.


ദൈവകൃപയുടെ
86-ാം വർഷത്തിലേക്ക്



റവ. മദർ സൂസൻ കുരുവിള

ആയുരാരോഗ്യ മംഗളങ്ങളോടെ...

മാർ ഗ്രീഗോറിയോസ്ആശ്രമം
Kandanadu




മലങ്കരസഭ

ലക്കം 8,
പുസ്തകം 69
ഓഗസ്റ്റ് 2012

ദേവലോകം, കോട്ടയം -04. ഫോൺ: 0481 - 2573234
Fax : +91 481 2573234







മലങ്കരസഭ
MALANKARASABHA.IN

CONTENTS

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമം


മലങ്കരസഭ

വരിസംഖ്യ

ഇന്ത്യയിൽ	
ഒറ്റപ്രതി	: 15 രൂപ
ഒരു വർഷം	: 150 രൂപ
3 വർഷം	: 450 രൂപ
വിദേശത്തേക്ക്	
ഒരു വർഷം	: 2000 രൂപ

യാത്രാമൊഴി

പൗലോസ് മാർ പക്കോമിയോസ്
(മാവേലിക്കര ഭദ്രാസനം)



ദൈവാഭിമുഖ്യത്തിൽ വളരുവാൻ പ്രേരിപ്പിച്ച മാതാപിതാക്കളുടെ ശിക്ഷണത്തിൽ ആത്മീയ അന്തരീക്ഷമുള്ള ഭവനത്തിലാണ് ഞാനും എന്റെ സഹോദരങ്ങളും വളർന്നുവന്നത്. പ്രത്യേകിച്ച് എന്റെ പിതാവിന് സഭയോടും സഭാപിതാക്കന്മാരോടുമുള്ള വ്യക്തിബന്ധവും അടുപ്പവും ഭക്ത്യാദരവുകളും ഞങ്ങളുടെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു. ബിരുദപഠനത്തിനുശേഷം എഞ്ചിനിയറിംഗ് വിദ്യാഭ്യാസത്തിനു ചേർന്ന ഞാൻ ടൈഫോയിഡ് ബാധിതനായതിനാൽ പഠനം പൂർത്തിയാക്കാൻ ആയില്ല. ഈ രോഗം എന്നെ ദൈവശുശ്രൂഷയുടെ പുതിയ വഴിയിലേക്ക് തിരിയുവാൻ അതിശക്തമായി പ്രേരിപ്പിച്ചു. "എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട് അത് നിന്റെ തിന്മയ്ക്കായിട്ടല്ല നന്മയ്ക്കായിട്ടാകുന്നു" എന്ന യിരമ്യപ്രവാചകന്റെ വാക്കുകൾ അന്വർത്ഥമാകത്തക്ക വിധത്തിൽ കൃപാവരങ്ങളുടെ വിവിധ പടവുകൾ കയറുവാൻ തക്കവിധം ബലഹീനനായ എന്നെ ദൈവം തെരഞ്ഞെടുത്തു. ഇപ്പോൾ ഇതാ വേറൊരു രോഗം വഴിയായി ലോകം വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെയായിരിപ്പാനുള്ള മഹാഭാഗ്യത്തിലേക്ക് അരുമനാഥൻ എന്നെ കൂട്ടികൊണ്ടുപോകുന്നു. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കേണമെ. (അന്ത്യ കല്പനയിൽ നിന്നും)

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനവും ആത്മീയ സ്രോതസ്സും സഭയിലെ സന്യാസപ്രസ്ഥാനത്തിന്റെ മാർഗ്ഗനിർദ്ദേശക കേന്ദ്രവുമായ പെരുനാട് ബഥനി ആശ്രമത്തിലെ ഒരംഗമായി ശുശ്രൂഷ ആരംഭിച്ച ഞാൻ ആബോ യൂഹാനോന്റെ (കാലം ചെയ്ത യൂഹാനോൻ മാർ അത്താനാസിയോസ്) പ്രീതിവാത്സല്യങ്ങൾക്ക് പാത്രീഭൂതനാകുകയും തിരുമേനിയോടൊപ്പമുള്ള ആശ്രമവാസം എന്നിലെ ദൈവസാന്നിദ്ധ്യം ആവോളം ജ്വലിപ്പിക്കുകയും ചെയ്തു. ആശ്രമസാധുവായും, വൈദികനായും, സുപ്പീരിയറായും, മേൽപ്പട്ടക്കാരനായുമുള്ള ജീവിതത്തിൽ എന്റെ സന്ന്യാസ സഹോദരങ്ങൾ എല്ലാവരും പ്രത്യേകിച്ച് നമ്മുടെ സഹോദര മെത്രാപ്പോലീത്താ കൂടിയായ അഭിവന്ദ്യ തേവോദോസിയോസ് പിതാവും എന്നോടൊപ്പം അന്നും ഇന്നും കൂടെയുണ്ട്. എന്റെ ആത്മീയ ഗുരുക്കന്മാരും സന്യാസ സഹോദരങ്ങളും അന്ത്യവിശ്രമം കൊള്ളുന്നമണ്ണിൽ എന്റെ മേൽനോട്ടത്തിൽ പണികഴിപ്പിക്കപ്പെട്ടിട്ടുള്ള കബറിൽ തന്നെ ഉറങ്ങണമെന്നാണ് എന്റെ ആഗ്രഹവും അഭിലാഷവും. സഭയിലെ എളിയവനായ ഒരു ധ്യാനഗുരു എന്ന നിലയിലുള്ള എന്റെ വളർച്ച ബഥനിയിൽ നിന്നും ഞാൻ ആർജ്ജിച്ച ശക്തിയും ചൈതന്യവും ഒന്നുമാത്രമാണ്.

(പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ അന്ത്യ കല്പനയിൽ നിന്നും...)

■



വാത്സല്യമക്കളെ,

മാവേലിക്കര മെത്രാസനാധിപനായിരിക്കുന്ന അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ തിരുമേനി നമ്മോട് വിടപറഞ്ഞിരിക്കുന്നു എന്ന വസ്തുത ഏറെ ഹൃദയവേദനയോടെയാണ് നാം മനസ്സിലാക്കുന്നത്. ബഥനി ആശ്രമാംഗമായി സഭാ ജീവിത ശുശ്രൂഷ ആരംഭിച്ച അഭി. പൗലോസ് മാർ പക്കോമിയോസ് തിരുമേനിയെ കുറിച്ചുള്ള ഓർമ്മകൾ വാക്കുകൾക്കും വർണ്ണനകൾക്കുമപ്പുറമായി ഹൃദയത്തോട് ചേർന്നു നിൽക്കുന്ന സ്നേഹ മന്ത്രങ്ങളാണ്. തന്നോട് ഇടപെട്ടവർക്കെല്ലാം സ്നേഹത്തിന്റേയും സന്തോഷത്തിന്റെയും, ചിരിയുടെയുമൊക്കെ നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ചിട്ടുള്ള തിരുമേനി വിട്ടുപിരിഞ്ഞു എന്നയാഥാർത്ഥ്യം മനസ്സാ ഉൾക്കൊള്ളുവാൻ നാം പ്രയാസപ്പെടുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി തിരുമേനി രോഗബാധിതനായിരുന്നു എങ്കിലും തിരുമേനിയുടെ സഭാസേവന താല്പരതയേയോ, ഇച്ഛാശക്തിയേയോ രോഗം കീഴടക്കിയില്ല. സഭയുടെ എല്ലാ ആവശ്യങ്ങളിലും തിരുമേനിയുടെ സാന്നിധ്യവും, അഭിപ്രായവും ശക്തവും വ്യക്തവുമായിരുന്നു. അങ്കമാലി, ഇടുക്കി ഭദ്രാസനങ്ങളെ ശുശ്രൂഷിച്ച പിതാവ് മാവേലിക്കര മെത്രാസനത്തിന്റെ പ്രഥമ അധിപനായിരുന്നുകൊണ്ട് സഭയ്ക്ക് ചെയ്ത സേവനങ്ങൾ അമൂല്യങ്ങളാണ്. കുറഞ്ഞവർഷങ്ങൾകൊണ്ട് ഓണാട്ടുകരയിൽ മലങ്കരസഭയുടെ അന്തസ്സും, ശ്രേയസ്സും, പാരമ്പര്യങ്ങളും ഉയർത്തിപിടിക്കത്തക്കവിധത്തിലുള്ള ഒരു ഭദ്രാസനാസ്ഥാനം പിതാവ് പണിതുയർത്തി. അരമന പണിയിലുണ്ടായിരുന്ന ബാധ്യതകളെല്ലാം ഈ കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ തീർത്തു എന്ന സംതൃപ്തിയോടെയാണ് പിതാവ് യാത്രയാകുന്നത്. പരിശുദ്ധ കുറിച്ചി ബാവായുടെ കുടുംബപാരമ്പര്യത്തിന്റെ ശ്രേഷ്ഠമായ പൗരോഹിത്യപിന്തുടർച്ചയും അഭിവന്ദ്യ പക്കോമിയോസ് തിരുമേനിക്ക് അവകാശപ്പെടാവുന്നതാണ്.


ആരോടും എവിടെയും തന്റെ അഭിപ്രായങ്ങൾ വളച്ചുകെട്ടലുകളില്ലാതെ പറയുന്ന പിതാവ് സഭയുടെ കക്ഷിവഴക്കുകളുടെ മൂർദ്ധന്യതയിൽ നടത്തിയിട്ടുള്ള സഭാ താൽപര്യ സംരക്ഷണശ്രമങ്ങൾ ശ്ലാഘനീയങ്ങളാണ്. ആരോടും പിണക്കമോ, പരാതിയോ, പരിഭവങ്ങളോ ഇല്ലാതെ, അവകാശവാദങ്ങളില്ലാതെ, ആരാവാരങ്ങളില്ലാതെ യാത്രയായത് രോഗങ്ങളും, വേദനകളുമില്ലാത്ത ഭവനത്തിലേക്കാണ്. സഭയെ സ്നേഹിച്ച ഈ ശ്രേഷ്ഠ പിതാവിനെ ദൈവം തമ്പുരാൻ നിത്യതയുടെ കൂടാരത്തിൽ ആശ്വസിപ്പിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ

EDITORIAL

ഇടവകയോഗത്തിലെ വനിതാ പ്രാതിനിധ്യം



WOMEN: PARISH GENERAL BODY

സഭയിലും സമൂഹത്തിലും സ്ത്രീപുരുഷസമത്വം അനിവാര്യമാണ്. ക്രിസ്തീയ വിശ്വാസത്തിൽ സ്ത്രീയും പുരുഷനും തുല്യപദവിയാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. സ്ത്രീയും പുരുഷനും ഒരുപോലെ ദൈവ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണ്. എന്നാൽ പാപത്തിന്റെ പരിണതഫലം സ്ത്രീ പുരുഷ അസമത്വങ്ങൾ സൃഷ്ടിച്ചു.

സ്ത്രീസ്വാതന്ത്ര്യം, സ്ത്രീവിമോചനം, സ്ത്രീ ശക്തീകരണം തുടങ്ങിയ ദർശനങ്ങളിൽ അടിസ്ഥാനമിട്ട സിദ്ധാന്തങ്ങളും പഠനങ്ങളും സാഹിത്യം, സാമൂഹികശാസ്ത്രം, വേദശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളിൽ നിരവധി ചലനങ്ങളുണ്ടാക്കി. സ്ത്രീപക്ഷ രചനകളും സിദ്ധാന്തങ്ങളും പ്രയോഗങ്ങളും ഏറെ ചർച്ചചെയ്യപ്പെട്ടു. പാശ്ചാത്യ വിജ്ഞാനശാഖകളിൽ നിന്നും സംക്രമിച്ച ഈ ദർശനങ്ങൾ ഇന്ത്യയിലെ വിവിധ വിജ്ഞാനശാഖകളെയും മതപഠനങ്ങളെയും സ്വാധീനിച്ചു. സ്ത്രീകൾക്ക് തുല്യപദവിയും പങ്കാളിത്തവും നൽകുന്നതിനുള്ള ചർച്ചകളും തീരുമാനങ്ങളും രാഷ്ട്രീയ സാമൂഹിക, മതതലങ്ങളിലും പ്രബലപ്പെട്ടു. വിവിധ ഭരണസമിതികളിൽ സ്ത്രീ പ്രാതിനിധ്യത്തിനുള്ള പോരാട്ടങ്ങൾ ശക്തമായി. സ്ത്രീയ്ക്കും പുരുഷനും ഭരണരംഗത്ത് തുല്യപങ്കാളിത്വമുള്ള ഒരു വ്യവസ്ഥിതി വളർന്നു വരണമെന്നത് സഭാശാസ്ത്ര ദർശനങ്ങളിലും പുതിയ പ്രബോധനമായി. അതിന്റെ പ്രതിഫലനം മലങ്കര ഓർത്തഡോക്സ് സഭയിലും പ്രകടമായി.

മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീപങ്കാളിത്തവും പ്രാതിനിധ്യവും തിരിച്ചറിഞ്ഞ പശ്ചാത്തലത്തിലാണ് സ്ത്രീകൾക്ക് പങ്കാളിത്തമുള്ള വിവിധ തീരുമാനങ്ങൾ പ്രാബല്യത്തിലായത്. ഇതിന്റെ പ്രാരംഭം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 225/88 നമ്പർ കല്പനയാണ്. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം ആരാധനാചടങ്ങുകളിൽ നിലനിന്ന ആൺപെൺ വ്യത്യാസം നിർത്തലാക്കി:

1. 'വി. മാമോദീസാ വേളയിൽ മാമോദീസായ്ക്കുശേഷം ആൺ കുഞ്ഞുങ്ങളെ മദ്ബഹായിൽ കയറ്റി വി. ബലിപീഠം മുത്തിക്കുന്നതുപോലെ അഞ്ചുവയസ്സിൽ താഴെയുള്ള പെൺകുഞ്ഞുങ്ങളെയും മാമോദീസാ വേളയിൽ മദ്ബഹായിൽ കയറ്റി വി. ബലിപീഠം മുത്തിക്കേണ്ടതാകുന്നു.

2. ദനഹായ്ക്കുശേഷം ആദ്യം വരുന്ന മാമോദീസാ ആൺകുഞ്ഞിന്റേതായാലും പെൺകുഞ്ഞിന്റേതായാലും മമോദീസാ തൊട്ടിയിൽ തന്നെ നടത്തേണ്ടതാണ്.

3. വി. മാമോദീസായ്ക്ക് ഒരേ സമയം ഒന്നിലധികം കുഞ്ഞുങ്ങൾ ഉണ്ടെങ്കിൽ അവർ ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും ഓരോരു

ത്തർക്കും പ്രത്യേകം പ്രത്യേകം വെള്ളം ഉപയോഗിക്കേണ്ട താണ്... ഈ കാര്യത്തിലും ആൺകുഞ്ഞുങ്ങൾക്കു വ്യത്യസ്ത രീതി നടപ്പിലുള്ളത് നിർത്തലാക്കിയിരിക്കുന്നു.

'സ്ത്രീകൾക്ക് ഇടവകപൊതുയോഗങ്ങളിൽ അംഗത്വം നൽകണം, ഇടവകയിലെ എല്ലാ തലങ്ങളിലും വോട്ടവകാശം വേണം, തീരുമാന സമിതികളിലെല്ലാം പ്രാതിനിധ്യം വേണം, വേദശാസ്ത്രം പഠിക്കുവാൻ അവസരം നൽകണം, സ്ത്രീവി രുദ്ധ വേദപാഠങ്ങൾ പുനർവായിക്കപ്പെടണം, തുടങ്ങി നിര വധി കാര്യങ്ങൾ മലങ്കരസഭയിൽ ഉന്നയിച്ചത് 1990 ഫെബ്രു വരി 7 മുതൽ 10 വരെ തിരുവനന്തപുരത്ത് നടന്ന ഭാരത ത്തിലെ ഓർത്തഡോക്സ് സഭകളിലെ വനിതാ പ്രതിനിധിക ളുടെ പ്രഥമ സമ്മേളനമാണ്. സഭയിൽ സ്ത്രീ പ്രാതിനിധ്യ ത്തിന്റെ ആവശ്യകത ഈ സമ്മേളനം ഏകകണ്ഠമായി പ്രഖ്യാ പിച്ചു. തുടർന്ന് നിരവധി ചർച്ചകളും സംവാദങ്ങളും നടന്നു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സുപ്രീംകോടതിയുടെ 1995-ലെ നിർദ്ദേശപ്രകാരം സ്ത്രീകളേയും ഉൾപ്പെടുത്തി ഇട വകയോഗം പുനഃസംഘടിപ്പിക്കുന്നതിന് നിർദ്ദേശം ഉണ്ടാ യെങ്കിലും സഭ ഔദ്യോഗികമായി ആവശ്യപ്പെട്ടതിൻപ്രകാരം സ്ത്രീകളുടെ പ്രാതിനിധ്യം ഒഴിവാക്കി.

'സഭയിൽ കൂട്ടായ്മശേഷി ഫലപ്രദമാകണമെങ്കിൽ സ്ത്രീപുരുഷ പങ്കാളിത്തം അനിവാര്യമാണെന്നുള്ള' മല ങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി ഉപസമി തിയുടെ 2005 ഫെബ്രുവരി 11-ലെ പ്രഖ്യാപനരേഖ സ്ത്രീ പ്രാതിനിധ്യത്തിന് മാർഗ്ഗം പകർന്നു.

മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷയും സംബന്ധിച്ച് നിരവധി ഔദ്യോ ഗിക പ്രഖ്യാപനങ്ങളുണ്ട്: മാമോദീസാ കഴിഞ്ഞ് പെൺകു ഞ്ഞുങ്ങളെ വി. മദ്ബഹായിൽ പ്രവേശിപ്പിക്കണം (1988), വി. കുർബ്ബാനയ്ക്കുമുമ്പ് പഴയനിയമം പരസ്യമായി പള്ളി യിൽ സ്ത്രീകൾക്ക് വായിക്കാം (1988), യുവജനപ്രസ്ഥാന ത്തിൽ സ്ത്രീകൾക്ക് പങ്കാളിത്തവും വോട്ടവകാശവും ഉണ്ട് (2005), നാഗപ്പൂർ സെമിനാരിയിൽ വേദശാസ്ത്രപഠനത്തിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചു (2005), ഇടവകയോ ഗത്തിൽ സ്ത്രീകൾക്ക് പങ്കെടുക്കാം (2007), ഇടവക യോഗ ത്തിൽ സ്ത്രീകൾക്ക് 'അഭിപ്രായ സ്വാതന്ത്ര്യവും ഇടവക യിലെ ഉപ സമതികളിൽ അംഗത്വവും നൽകാം' (2008), ഇടവക യോഗത്തിൽ സ്ത്രീകൾക്ക് വോട്ടവകാശം (2011) തുടങ്ങിയ സഭയുടെ ഔദ്യോഗിക തീരുമാനങ്ങൾ സഭയിൽ സ്ത്രീപങ്കാളിത്തം, ശുശ്രൂഷ, നേതൃത്വം എന്നിവയിലെ പുത്തൻ ഉൾക്കാഴ്ചകൾ വെളിപ്പെടുത്തുന്നവയാണ്.

പ. ബസേലിയോസ് മാർത്തോമ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 'സ്ത്രീകൾക്ക് ഇടവകയോഗ ത്തിൽ പങ്കെടുക്കാം' എന്ന 161/07 നമ്പർ കല്പനയും ഇട വകയുടെ ഉപസമിതികളിൽ അംഗമാകാമെന്നുള്ള 266/08 കല്പനയും സഭയുടെ ഭരണസംവിധാനത്തിൽ സ്ത്രീപ ങ്കാളിത്തം ഉറപ്പാക്കുന്ന രജതരേഖയാണ്. പ. ബസേലി യോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 475/2011 നമ്പർ കല്പന പ്രകാരം സ്ത്രീകൾക്ക് സമ്പൂർണ്ണ ഇടവക യോഗാംഗത്വം നൽകിയുള്ള കല്പന മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണസംവിധാനത്തി ലുണ്ടായ പുത്തൻ കാൽവെയ്പാണ്. സഭയിൽ സ്ത്രീപു രുഷ തുല്യതയ്ക്കും ഭരണ പങ്കാളിത്തത്തിനുമുള്ള പ്രാതി നിധ്യത്തിന്റെ മാഗ്നാകാർട്ടയാണ് ഈ പ്രഖ്യാപനം. അതിൻപ്രകാരം മലങ്കര ഓർത്തഡോക്സ് സഭയിലെ ഇട വകയോഗത്തിൽ വനിതകൾക്ക് 2011 മുതൽ വോട്ടവകാശം ലഭ്യമായി.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനപ്ര കാരം 19-10-2011-ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി പാസ്സാക്കിയ ഭരണ ഘടനാ ഭേദഗതിയനുസരിച്ച് "ഇടവക രജിസ്റ്ററിൽ പേരുള്ള എല്ലാ സ്ത്രീ പുരുഷന്മാരും ഇടവകയോഗത്തിൽ അംഗ ങ്ങളായിരിക്കും. യോഗത്തിലെ എല്ലാ അംഗങ്ങൾക്കും വോട്ട വകാശവും ഇടവകയിലെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാനുള്ള അവകാശവും ഉണ്ടായി രിക്കും" (വകുപ്പ് 7). അതിൻപ്രകാരം മലങ്കര അസ്സോസി യേഷനിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽ 2011-ൽ സ്ത്രീകൾ വോട്ടുരേഖപ്പെടുത്തി. ഇടവക ഭരണസമിതിയിൽ 2012 മുതൽ സ്ത്രീകൾ പങ്കാളികളുമായി.

സ്ത്രീ പങ്കാളിത്തം വഴി ഇടവകയോഗം ഹൃദ്യവും സുഗ മവും സജീവവുമാകും. എല്ലാ ഭവനങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുകയും ചെയ്യും. സ്ത്രീപുരുഷ പങ്കാളിത്തമുള്ള 'ഇട വകയോഗം' ഇടവകയുടെ കൂട്ടായ്മശേഷി വർദ്ധിപ്പിക്കു കയും പരമ്പരാഗതമായി നിലനിന്ന സ്ത്രീപുരുഷ വിവേ ചന വിടവ് ലഘൂകരിക്കുകയും ചെയ്യും.

മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും പുനഃസൃഷ്ടിക്കുവാൻ കഴിയുന്നില്ലെങ്കിൽ ദേശീയ അന്തർദ്ദേശീയ സമിതികളിൽ മലങ്കര സഭയിലെ സ്ത്രീകൾക്ക് ലഭ്യമാകേണ്ട അംഗീകാരവും അധികാരവും അന്യമാകും. രാഷ്ട്രീയ സാമൂഹിക സഭാരംഗങ്ങളിൽ നമ്മുടെ സഭയുടെ സ്ത്രീ സാന്നിധ്യവും വളർന്നു വരണം. പങ്കാളിത്തം, പ്രാതിനിധ്യം, വിമോചനം, ശക്തീകരണം, പരിവർത്തനം തുടങ്ങിയ ചിന്താധാരകളിൽ അധിഷ്ഠിതമായ കാഴ്ചപ്പാടുകളും പ്രവർത്തന പന്ഥാവുകളും രൂപപ്പെടുത്തുവാൻ മലങ്കര ഓർത്തഡോക്സ് സഭയിലെ സ്ത്രീ സംഘങ്ങളും ബോധ പൂർവ്വം ശ്രമിക്കണം.

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

'അ'ദൃശ്യ വിചാരം

ഷാലു മാത്യു





നവ "ഫോർത്ത് എസ്റ്റേറ്റ്"

ജൂലൈ ആറിന് രാത്രി 9.30ന് കേരളത്തിലെ ഒരു പ്രമുഖ ചാനലിലെ പ്രൈം ടൈംമിലെ അവതാരകന്റെ ബഹളവും അവതരണത്തിന്റെ തീക്ഷ്ണയും കണ്ടാണ് തിരക്കിട്ട ജോലിക്കിടയിലും ടി.വി.യിലേക്ക് ഒന്നു കണ്ണോടിക്കുന്നതിന് കാരണമായത്.തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ സി.ആർ.പി.എഫ്. ജവാന്റെ തോക്കിൽ നിന്നും അബദ്ധത്തിൽ വെടി പൊട്ടി മനാഫ് എന്നയാൾക്ക് ഗുരുതരമായി പരുക്കേറ്റു, അദേഹം ഇപ്പോൾ തിരുവന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയനായിക്കൊണ്ടിരിക്കുകയാണ്, ഇപ്പോൾ ഏറ്റവും പുതിയ വിവരങ്ങൾ പ്രേക്ഷകർക്ക് ലഭ്യമാക്കുന്നതിന് മനാഫിന്റെ ഭാര്യ യാസ്മിൻ ടെലിഫോൺ ലൈനിൽ നമ്മോടൊപ്പം ചേരുന്നു. പിന്നീട് പ്രേക്ഷകർ കേൾക്കുന്നത് മലവെള്ളം ഇരച്ചു വരുന്നതുപോലെയുള്ള പത്ത് ചോദ്യങ്ങൾ.ഹലോ യാസ്മിൻ കേൾക്കാമോ? എപ്പോഴാണ് വെടിയേറ്റത്? എവിടെയാണ് കൊണ്ടത്?അങ്ങോട്ട് നടക്കുമ്പോഴാണോ അതോ ഇങ്ങോട്ട് നടക്കുമ്പോഴാണോ വെടി കൊണ്ടത്? കൂടെ ആരൊക്കെ ഉണ്ടായിരുന്നു?ആരാണ് ആശുപത്രിയിൽ കൊണ്ടുപോയത്?ശരിക്കും എന്താണ് സംഭവിച്ചത്?ഈ ചോദ്യങ്ങളുടെയെല്ലാം ഉത്തരം തേടിയ ചാനൽ അവതാരകന് പന്നീട് കേൾക്കാൻ കഴിഞ്ഞത് ഒരു തേങ്ങൽ മാത്രം. ശസ്ത്രക്രിയ മുറിയിൽ മരണത്തോട് മല്ലിടുന്ന ഭർത്താവിന്റെ ജീവൻ രക്ഷിക്കാൻ സകല ദൈവങ്ങളെയും വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന യാസ്മിന് തേങ്ങിക്കരയാൻ അല്ലാതെ എന്ത് കഴിയും.

വാർത്താ ചാനലുകളുടെ മത്സരം കടുത്തപ്പോൾ പ്രേക്ഷകനെ ചാനലിന് മുന്നിൽ പിടിച്ചിരുത്താൻ സ്ഥല കാലബോധം നോക്കാതെ വാർത്ത എടുക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന ആധുനിക ചാനൽ പ്രവർത്തനത്തിന്റെ ഒരു ചെറിയ ഉദാഹരണം മാത്രമാണ് മുകളിൽ പറഞ്ഞത്.ചാനലിൽ നിന്നും ചോദ്യങ്ങൾക്ക് ഉത്തരം നൽകണമെന്നും ഒന്നും പറഞ്ഞല്ല ചാനൽ പ്രതിനിധി യാസ്മിനെ സമീപിച്ചത്. സംഭവത്തിൽ എന്തോ സംശയം ഉണ്ട് അത് വ്യക്തമാക്കാനാണ് എന്നു മാത്രമാണ് പറഞ്ഞാണ്. എന്നാൽ സ്വന്തം ഭർത്താവ് നേരിട്ട ഒരു ദരന്തം മുന്നിൽ കണ്ട ശരാശരിക്കാരിയായ ഒരു വീട്ടമ്മയോട് ചോദിക്കേണ്ട ചോദ്യങ്ങൾ പോലും മനസിലാക്കാതെയാണ് ചാനൽ അവതാരകൻ ആവേശത്തോടെ ചോദ്യശരങ്ങളെറിഞ്ഞത്.

വാർത്താമേഖലയിൽ വിഷ്വൽ ഇഫക്റ്റിന് ഉണ്ടായ സ്വാധീനമാണ് ചാനലുകളെ കേരളീയ സമൂഹത്തിന് പൊതുവേ സ്വകാര്യമാക്കിയത്.സംഭവങ്ങൾ അപ്പപ്പോൾ അറിയാം എന്ന നേട്ടവും ചാനലുകളുടെ സ്വീകാര്യതയുടെ പ്രധാന കാരണങ്ങളിലൊന്നായി.പൊതുജനങ്ങളുടെ താൽപര്യത്തെ കൂടുതൽ ചൂഷണം ചെയ്യാൻ ചാനലുകൾ തമ്മിൽ മത്സരിച്ചതാണ് വാർത്തകളുടെ വിശ്വാസ്യതയ്ക്ക് മങ്ങലേല്പിച്ചത്.

ലോകത്തിന്റെ ഏത് കോണിൽ നടക്കുന്ന സംഭവങ്ങളും നമ്മുടെ സ്വീകരണമുറയിലെ കൊച്ചു ടി.വി.യിൽ തത്സമയം കാണാൻ കഴിയുന്നു എന്നത് വാർത്താവിനിമയ മേഖലയിലെ കുതിച്ചുചാട്ടത്തിന്റെ

എറ്റവും വലിയ ഉദാഹരണങ്ങളിലൊന്നാണ്. എന്നാൽ ഈ തത്സമയ അവതരണത്തിനൊപ്പം മറ്റ് ചാനലിന് ലഭിക്കാത്ത കാര്യങ്ങൾ സ്വന്തം ചാനലിലൂടെ അറിയിക്കാനുള്ള ചാനൽ റിപ്പോർട്ടറുടെ വ്യഗ്രതയാണ് പലപ്പോഴും വാർത്തയുടെ വിശ്വാസ്യത ചോർത്തുന്നത്.

പ്രിന്റ് മീഡിയായെ സംബന്ധിച്ചിടത്തോളം വാർത്തയുടെ നിജസ്ഥിതി മനസിലാക്കാനും അതേപ്പറ്റി അന്വേഷിക്കാനും ധാരാളം സമയമുണ്ട്.മാത്രമല്ല റിപ്പോർട്ടർ മുതൽ ചീഫ് ന്യൂസ് എഡിറ്റർ വരെയുള്ള നിരവധിയാളുകളുടെ കൈമറിഞ്ഞാണ് വാർത്ത പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നത്.ഇതിലൂടെ തെറ്റുകൾ ഇല്ലാതാക്കാനും വാർത്ത പൂർണ്ണമായും സത്യസന്ധമാണെന്ന് ഉറപ്പാക്കാനും കഴിയും.എന്നാൽ ഒരു ചാനൽ റിപ്പോർട്ടർ വാർത്ത നേരിട്ട് ജനങ്ങളിലെത്തിക്കുകയാണ്.ഈ സമയത്ത് പലപ്പോഴും വാർത്തയുടെ സത്യാവസ്ഥ അന്വേഷിക്കുന്നതിനുള്ള സമയം ലഭ്യമായെന്ന് വരില്ല.

ഇത് കാരണം ഓരോ ചാനൽ റിപ്പോർട്ടർക്കും ലഭിക്കുന്ന ഓരോ തരത്തിലുള്ള വാർത്തകൾ കേൾക്കാൻ ജനം നിർബന്ധിതമാകുകയാണ്.ദൃശ്യമാധ്യമങ്ങളുടെ വരവോടെയാണ് നമ്മുടെ രാഷ്ട്രീയ സാമൂഹികമേഖല കലശലായ മൂല്യച്യുതിക്ക് വിധേയമായത്. മാർക്കറ്റിംഗ് സ്ഥാപനങ്ങൾ ഉപഭോക്താവിനെ കണ്ടെത്താൻ എക്സിക്യൂട്ടീവിനെ വിടുന്നതുപോലെ ചാനലുകാർ റിപ്പോർട്ടർമാരെ കയറൂരി വിടുകയാണ്.ഡസൻ കണക്കായ ചാനലുകൾക്കിടയിൽ മത്സരം മുറുകിയപ്പോൾ ഓരോ മണിക്കൂറിലും പുതിയ വാർത്തകൾ വേട്ടയാടിപ്പിടിക്കാൻ നിയോഗിക്കപ്പെടുകയാണ് റിപ്പോർട്ടർമാർ. അവരുടെ ടാർജറ്റ് പൂർത്തിയാക്കുന്നതിന്റെ തിരക്കിനിടെ കണ്ടെത്തുന്ന വാർത്തകളിലെ സത്യവും അസത്യവും വേർതിരിക്കാൻ സമയമില്ല.

ദൃശ്യമാധ്യമങ്ങൾക്ക് ഓരോ മണിക്കൂറിലും വാർത്തകൾ അപ്‌ലോഡ് ചെയ്തുകൊണ്ടിരിക്കണം. എന്നാൽ നമ്മുടെ കൊച്ചു കേരളത്തിൽ അവർക്കാവശ്യമായത്ര വാർത്തകൾ ഉണ്ടാകുന്നില്ല.ഈ സന്ദർഭത്തിലാണ് വാർത്തകൾ സൃഷ്ടിക്കുക എന്നതിലേക്ക് റിപ്പോർട്ടർമാർ എത്തിച്ചേരുന്നത്. ഇത് പലപ്പോഴും വ്യക്തികേന്ദ്രീകൃതമായ വാർത്തകളിലാണ് അവസാനിക്കുക. എന്ത് ലഭിച്ചാലും അത് വാർത്തയാക്കുക എന്ന ദൗത്യമാണ് ചാനൽ റിപ്പോർട്ടർമാർക്ക് നൽകിയിരിക്കുന്നത്.ഏറ്റവും കൂടുതൽ പ്രേക്ഷകർ കാണുന്ന ചാനൽ എന്ന പേര് സമ്പാദിക്കാനാണ് എല്ലാ ചാനലുകളുടെയും ശ്രമം.എന്നാൽ ഈ മത്സരത്തിനിടയിൽ നിരവധി കുടുംബങ്ങൾ പോലും തകർന്നടിയുന്നു എന്ന വസ്തുത നിലനിൽക്കുന്നു.

അടുത്തയിടെ ഒരു ചാനലിൽ പ്രത്യക്ഷപ്പെട്ട വാർത്തയുടെ പേരിൽ തിരുവനന്തപുരത്തെ ഒരു ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യാപികയായ ഭാര്യ ആത്മഹത്യക്ക് ശ്രമിച്ച സാഹചര്യം വരെ ഉണ്ടായി. ഔദ്യോഗിക ആവശ്യത്തിന് കോഴിക്കോടിന് പോയ ശേഷം തിരികെ തിരുവനന്തപുരത്തേക്ക് വരുന്നതിനായി ട്രെയിനിൽ എ.സി. കമ്പാർട്ട്മെന്റിൽ യാത്ര ചെയ്യുകയായിരുന്നു ഈ ഉദ്യോഗസ്ഥൻ. അൽപസമയം കഴിഞ്ഞപ്പോൾ ഒരു പെൺകുട്ടി അടുത്ത സീറ്റിൽ ഇരുന്നു. ഇതിനിടെ ഉദ്യോഗസ്ഥൻ ഇരുന്ന സീറ്റിന് മുന്നിൽ ലാപ്ടോപ്പ് ചാർജ് ചെയ്യാൻ പെൺകുട്ടി കുത്തിയിട്ടു. ഇത് കണ്ട ഉദ്യോഗസ്ഥൻ ലാപ് ടോപ്പ് എടുത്തുമാറ്റാൻ ആവശ്യപ്പെട്ടു. ഇത് ഇഷ്ടപ്പെടാതിരുന്ന പെൺകുട്ടി തന്റെ ഒരു ചാനൽ സുഹൃത്തിനെ വിളിച്ച് ഒരാൾ വലിയ ശല്യമായെന്ന് പറഞ്ഞു. കേട്ട പാതി ചാനലിൽ ബ്രേക്കിംഗ് ന്യൂസ് വന്നു. ട്രെയിനിൽ പെൺകുട്ടിയോട് സഹയാത്രികൻ അപമര്യാദയായി പെരുമാറി ട്രെയിൻ തൃശൂരിലെത്തിയപ്പോഴേക്കും വൻ മാധ്യമപ്പടയും പോലീസ് സംഘവുമാണ് റെയിൽവേ സ്റ്റേഷനിൽ കാത്തുനിന്നത്.ട്രെയിൻ നിന്നപാടെ പോലീസ് ചോദ്യം ചെയ്യുന്നതിന് മുമ്പേ ചാനലുകാർ ചോദ്യം തുടങ്ങി. എന്താണ് പേര്? എവിടെ പോയതാണ് ?എന്താണ് ജോലി? കാര്യം മനസിലാകാതിരുന്ന ഉദ്യോഗസ്ഥൻ കൃത്യമായി ഉത്തരവും നൽകി. പിന്നീടാണ് ട്രെയിനിൽ പെൺകുട്ടിയെ അപമാനിക്കാൻ ശ്രമിച്ച ഉന്നത സർക്കാർ ഉദ്യോഗസ്ഥൻ പിടിയിൽ എന്ന വാർത്ത ചാനലുകളിൽ നിറഞ്ഞത്.

സ്കൂളിൽ സ്റ്റാഫ് റൂമിൽ സഹപ്രവർത്തകരോടൊപ്പം വാർത്ത കണ്ടിരുന്ന ഭാര്യയുടെ അവസ്ഥ നമുക്ക് ഊഹിക്കാൻ കഴിയും. ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞ് വീട്ടിലേക്ക് ഓടിപ്പോയ ഭാര്യയെ സഹപ്രവർത്തകർ വളരെ പാടുപെട്ടാണ് പിന്തിരിപ്പിച്ചത്.എന്നാൽ പിന്നീട് പെൺകുട്ടിയോട് പരാതി എഴുതി നൽകാൻ പോലീസ് പറഞ്ഞപ്പോഴാണ് തനിക്ക് പരാതി ഒന്നും ഇല്ലെന്നും തന്നോട് അപമര്യാദയായി പെരുമാറിയില്ലെന്നും പറഞ്ഞത്. ഇത് കാരണം കേസിൽ നിന്നും രക്ഷപെട്ടെങ്കിലും നഷ്ടപ്പെട്ട മാനം തിരിച്ചെടുക്കാൻ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല. ഉദ്യോഗസ്ഥനെ മോശക്കാരനാക്കിയ ചാനലുകാരാരും തിരുത്താനും തയാറായില്ല.

ദൃശ്യമാധ്യമങ്ങളുടെ പുതിയ ട്രെൻഡ്, ബോഡി ലാംഗ്വേജ് പിന്തുടരുന്നതിലാണ്. ഒരാളുടെ ചിരി, മുഖഭാവം, നടത്തം തുടങ്ങിയവയെല്ലാം തെറ്റായ രീതിയിൽ അവതരിപ്പിക്കുന്ന പ്രവണത കൂടി വരികയാണ്. അതോടൊപ്പം രാഷ്ട്രീയ നേതാക്കളോ സമുദായ നേതാക്കളോ മറ്റ് സാംസ്കാരിക നായകരോ അബദ്ധത്തിൽ പറയുന്ന വാക്കുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് വിവാദമുണ്ടാക്കാനാണ് ചാനലുകൾ ശ്രമിക്കുന്നത്.മാത്രമല്ല പലപ്പോഴും വാർത്തകളേക്കാളുപരി റിപ്പോർട്ടറുടെയും അവതാരകന്റെയും നിരീക്ഷണങ്ങളാണ് ചാനലുകാർ വാർത്തകളായി അവതരിപ്പിക്കുന്നത്.

ഭാരതത്തെ പിടിച്ചുകുലുക്കിയ മുംബൈ ഭീകരാക്രമണം ദൃശ്യമാധ്യമങ്ങൾ കൈകാര്യം ചെയ്ത രീതി ഏറെ പഴി കേൾക്കേണ്ടി വന്നിരുന്നു. ഭീകരരെ തുരത്തുന്ന ദൃശ്യങ്ങൾ ചാനലുകൾ തത്സമയം കാണിക്കരുതെന്ന് സർക്കാരും പോലീസും പലതവണ വിലക്കിയിട്ടും ഫോർത്ത് എസ്റ്റേറ്റെന്ന അധികാരം ഉപയോഗിച്ച് ചാനലുകൾ തത്സമയ സംപ്രേക്ഷണം നടത്തുകയായിരുന്നു. ഇതിന്റെ ഫലമായി

ശേഷം 21-ാം പേജിൽ

നമ്മുടെ കൊച്ചുകേരളത്തിൽ അവർക്കാവശ്യമായ വാർത്തകൾ ഉണ്ടാകുന്നില്ല. ഈ സന്ദർഭത്തിലാണ് വാർത്തകൾ സൃഷ്ടിക്കുക എന്നതിലേക്ക് റിപ്പോർട്ടർമാർ എത്തിച്ചേരുന്നത്.



ഫാ. ഡോ. ഒ. തോമസ്

അക്രമരാഷ്ട്രീയത്തിന്റെ വേദപുസ്തക ഭാഷ്യം

ദൈവത്തിന്റെ സ്വന്തം നാടെന്ന് (God's own Country) പരസ്യങ്ങളിൽ വിശേഷിപ്പിച്ചിരിക്കുന്ന കേരളത്തിൽ ഒരു വർഷത്തിൽ ഏകദേശം 400 ൽ അധികം കൊലപാതകങ്ങൾ നടക്കുന്നുണ്ട് എന്ന് കണക്കുകൾ വെളിപ്പെടുത്തുന്നു. ഭാരതത്തിൽ ഏറ്റവും അധികം ക്രിസ്തീയ വിശ്വാസികൾ ഉള്ള സ്റ്റേറ്റും കേരളം തന്നെ. ജനസംഖ്യയുടെ ഏകദേശം അഞ്ചിൽ ഒന്ന് (20%) എല്ലാസഭകളിൽ നിന്നുമായി 250 ബിഷപ്പുമാരും പുരോഹിത-പാസ്റ്റർ ശ്രേണിയിൽ 15000-20000 നുമിടയിൽ (കൃത്യമായ കണക്ക് ലഭ്യമല്ല) നേതാക്കന്മാരും, അത്രത്തോളം തന്നെ സന്യസ്തരും കന്യാസ്ത്രീകളുമുള്ള ഒരു സമൂഹമാണ് കേരളത്തിനുള്ളത് എന്നു നാം മറന്നുപോകരുത്. അനുദിനം ഉണ്ടാകുന്ന കൊലപാതകങ്ങളിൽ സംഖ്യാപരമായി നോക്കുമ്പോൾ ഒന്നു മാത്രമായ ടി.പി. ചന്ദ്രശേഖരൻ വധം, മാധ്യമങ്ങളുടെയും അതുവഴി ജനങ്ങളുടെയും പ്രധാനപ്പെട്ട ചിന്താവിഷയമായി മാറി. കൊലനടത്തിയ നിഷ്ഠൂരമായ രീതിയും, അതിനുപിമ്പിൽ പ്രവർത്തിച്ച വാടക കൊലയാളിസംഘവും, അവരെ വിലയ്ക്കെടുത്തു എന്ന് മാധ്യമങ്ങൾ തെളിവുസഹിതം തരുന്ന മുഖ്യധാരയിലുള്ള രാഷ്ട്രീയ പാർട്ടിയുടെ പങ്കാളിത്തവും എല്ലാം കൂടി ഒരുമിച്ചു ചേർത്തപ്പോൾ ചന്ദ്രശേഖരൻ വധത്തിന് അസാധാരണമായ ഒരു മാനം ഉണ്ടായി. കൊലപാതകരാഷ്ട്രീയത്തിന് അറുതിവരുവാൻ ഇതേപ്പറ്റിയുള്ള പരിചിന്തനങ്ങൾ സഹായിച്ചാൽ അതു കേരളത്തിന്റെ ഭാവിക്കു നല്ലതാവുമായിരുന്നു.

മാധ്യമങ്ങൾ ആ രീതിയിൽ ഇതിനെ വിശകലനം ചെയ്തുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കൊലപാതക രാഷ്ട്രീയത്തിന്റെ കുത്തക ഒരു രാഷ്ട്രീയപാർട്ടിക്കു മാത്രമാണ് എന്ന രീതിയിലാണ് മാധ്യമങ്ങൾ മിക്കതും വിലയിരുത്തിയത്. രാഷ്ട്രീയ കൊലപാതകങ്ങളിൽ കൂടുതലും ആ പാർട്ടിയാണ് നടത്തിയിട്ടുള്ളതെങ്കിലും ആനുപാതികമായി എല്ലാവർക്കും അതിൽ പങ്കുണ്ട് എന്ന് കാണാൻ വിഷമമില്ല. എന്നാൽ തല്ലും, കൊല്ലും വെടിവെപ്പും, കുത്തിക്കൊല്ലലും, ഞങ്ങളുടെ പാർട്ടി അഹിംസാവാദികളുടെ പാർട്ടിയല്ല, എന്നൊക്കെ വീമ്പിളക്കാനുള്ള ഔദ്ധത്യം മറ്റു പാർട്ടി നേതാക്കൾ കാണിച്ചിട്ടില്ല. എന്നതും ഒരു വസ്തുതയാണ്.

തെറ്റു തിരുത്തും എന്ന് പാർട്ടികൾ പറയാറുണ്ടെങ്കിലും, പശ്ചാത്താപം, മാനസാന്തരം എന്നീ പദവികൾക്ക് മതങ്ങളോ, ആത്മീയവാദികളോ നൽകുന്ന അർത്ഥത്തിൽ സെക്കുലർ പാർട്ടികളൊന്നും അവരുടെ നയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഗാന്ധിജിയെപ്പോലെ ആത്മീയനായ നേതാവിനു മാത്രമേ അത്തരത്തിൽ മനസ്സിലാക്കാനുള്ള കഴിവുണ്ടാകയുള്ളു. സിക്ക്, കൂട്ടക്കൊലയിൽ കോൺഗ്രസോ, ബാബറിമസ്ജിദ് തകർച്ചയിൽ RSS ഓ, ഗുജറാത്ത് കൂട്ടക്കൊലയിൽ മോഡിയോ തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയോ വിലപിക്കുകയോ പശ്ചാത്തപിക്കുകയോ ചെയ്തിട്ടില്ല. അക്രമരാഷ്ട്രീയത്തെ വിശകലനം ചെയ്യുമ്പോഴും ഓരോരുത്തരുടെ രാഷ്ട്രീയ നിലപാടുകളും, മുൻവിധികളും മാറ്റിനിർത്തി വസ്തുനിഷ്ഠമായി വിലയിരുത്താൻ വളരെ പ്രയാസമുണ്ട്. എന്നാലും

ആ പ്രാർത്ഥനയാണ് എന്നെ ജീവതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. ആ പ്രാർത്ഥന ഉരുവിട്ടപ്പോൾ അതുല്യമായ ദൈവികത എനിക്ക് അനുഭവപ്പെട്ടു.

ഒരു വിശ്വാസിക്ക് വേദപുസ്തക ത്തിലെ ചില ഉൾക്കാഴ്ചകളുടെ സഹായത്തോടെ ഈ പ്രതിഭാസത്തെ വിലയിരുത്തുവാൻ ബാദ്ധ്യതയുണ്ട്. പഴയനിയമത്തിലെ മൂന്നു സംഭവങ്ങൾ ഇവിടെ ശ്രദ്ധയിൽ കൊണ്ടുവരട്ടെ.

1) ഹാബേലിന്റെ കൊലപാതകം (ഉല്പത്തി 4:4-45)

2) ഊരിയാവിനെ കൊല്ലിച്ചത് (2 ശമു. 11:2-27)

3) നാബോത്തിന്റെ കൊലപാതകം (1 രാജാ. 21:1-29)

1. ദൈവം തമ്പുരാൻ നേരിട്ടു സൃഷ്ടിച്ച ആദ്യമാതാപിതാക്കളുടെ മക്കൾ തമ്മിൽ ഇത്രമാത്രം വൈരാഗ്യ മുണ്ടാകാൻ കാരണമുണ്ടോ? ഹാബേൽ ഏതെങ്കിലും വിധത്തിൽ കായേനെ പ്രകോപിതനാക്കിയതായി വേദപുസ്ത കത്തിൽ നാം വായിക്കുന്നില്ല. ഹാബേ ലിന്റെ ബലിയിൽ ദൈവം പ്രസാദിച്ചു. അതുമൂലം കായീന് എന്ത് നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത് എന്നുപോലും വേദപുസ്തകത്തിൽ വിശദീകരണം ഇല്ല. സൺഡേസ്ക്കൂൾ കുട്ടികളെ പഠി പ്പിക്കുവാൻ ഒരു കാരണം പൊതുവെ കണ്ടെത്തിയിട്ടുണ്ട്. അസൂയയാണ് ഹാബേലിന്റെ കൊലപാതകത്തിന് പ്രേരണയായ സംഗതി എന്ന്. അസൂയ കൊണ്ട് മറ്റൊരാളിനെ കൊല്ലണമെന്നാ ണോ. എന്നാൽ ദൈവത്തിന്റെ പ്രീതി ഹാബേലിനു ലഭിക്കുമ്പോൾ തനിക്കു ണ്ടാകാൻ സാധ്യതയുള്ള നഷ്ടമാണ് കായീനെ കോപാകുലനാക്കിയത് എന്ന് വ്യാഖ്യാനിക്കാമെന്നു തോന്നുന്നു. ചുരുക്കത്തിൽ സ്വന്ത സംരക്ഷണം.

2. ഊരിയാവിനെ കൊല്ലിച്ചത് പരമ ഭക്തനായ ദാവീദാണ്. അവിഹിതമായി, ബത്ശേബയോടുകൂടി ശയിച്ച ദാവീദ് രാജാവ്. അവളെ എന്നന്നേക്കുമായി തന്റെ സ്വന്തമാക്കണമെന്ന് തോന്നി. അതിനു തടസ്സമായി കണ്ടത് ബത്ശേ ബയുടെ ഭർത്താവായ ഊരിയാവിനെ യുദ്ധത്തിൽ കൊല്ലിക്കുകയാണുണ്ടായത്. ക്വൊട്ടേഷൻ സംഘത്തിന്റെ ആദിമരൂപം ഇവിടെ കാണാം. കൂട്ടത്തിൽ സുഖം കവർന്നെടുക്കാനുള്ള തൃഷ്ണയും.

3. നാബോത്തും, ആഹാബ്‌രാജാ വിനോ ഇസബേലിനോ യാതൊരു ഉപദ്രവും ചെയ്യുന്നതായി കാണുന്നില്ല. മറിച്ച് നാബോത്തിന്റെ ജന്മാവകാശ മായ മുന്തിരിത്തോട്ടം രാജാവിനു ചീര ത്തോട്ടമാക്കാൻ വിട്ടുകൊടുക്കാത്ത തിന്റെ അസ്വസ്ഥത പാവം നാബോ ത്തിനെ കൊല്ലിക്കുന്നതിൽ കൊണ്ടെ ത്തിച്ചു. മറ്റൊരുവന്റെ, സ്വത്ത് കവർന്ന് എടുക്കണമെന്ന ദുരാഗ്രഹത്തിന്റെ പരി ണിത ഫലമാണ് ഈ കൊലപാതകം.



സമ്പത്തുള്ളവർക്ക് അധികാരം വേണം. അധികാരം ഉള്ളവർക്ക് സ്വത്തു വേണം. ഇതു രണ്ടും കെട്ടുപിണ ഞ്ഞാണു കിടക്കുന്നത്. ഇതു രണ്ടും സംരക്ഷിക്കു വാൻ കൂലിപ്പട്ടാളക്കാരും വേണം

ഈ മൂന്നു കൊലപാതകങ്ങളും വെളിപ്പെടുത്തുന്ന പൊതുവായ ചില തത്വങ്ങളുണ്ട്. മനുഷ്യന്റെ പാപസ്വഭാ വത്തിന്റെ വിവിധ മാനങ്ങൾ ഇവിടെ പ്രത്യക്ഷമാകുന്നു. കുറേനാൾ മുൻപ് വായിച്ച ഒരു പുസ്തകത്തിന്റെ തല ക്കെട്ട് ഓർക്കുന്നു. sex, money & power. ലൈംഗികത, പണം, അധി കാരം ഇവ പിടിച്ചെടുക്കാൻ ആഗ്രഹി ക്കുമ്പോൾ അവിടെ അക്രമണ സ്വഭാവം രൂപപ്പെടുന്നു. ലൈംഗികത വ്യക്തിയിൽ അധിഷ്ഠമെങ്കിൽ പണവും അധികാരവും വ്യക്തിക്കെന്ന തുപോലെ സംഘടിതരൂപം പ്രാപിച്ചി ട്ടുള്ള ഏതു സമൂഹത്തിനും ഒരു പോലെ താല്പര്യമാകുന്നു. ഈ താല്പര്യങ്ങളെ ഹനിക്കുന്ന എല്ലാറ്റി നെയും പ്രതിയോഗികളായി കണ്ട് ഇല്ലാതെയാക്കാൻ ശ്രമിക്കുന്നു. അധി കാരം, സമ്പത്ത് ഇവ സംരക്ഷിക്കാനും കൂടുതൽ പിടിച്ചെടുക്കാൻ ആഗ്രഹി ക്കുന്ന വ്യക്തിയും, സമൂഹവും എക്കാ ലത്തും അക്രമ സ്വഭാവം കാട്ടിയിട്ടുണ്ട്. ഏകാധിപതികളായ രാജാക്കന്മാർ, സാമ്രാജ്യത്വ താല്പര്യമുള്ള ഭരണകൂ ടങ്ങൾ, ധാരാളം അധികാരവും സമ്പത്തും സംരക്ഷിക്കുവാൻ താല്പ ര്യമുള്ള സംഘടിത മതങ്ങൾ (ആ കൂ ട്ടത്തിൽ സഭകളും ഉൾപ്പെടുന്നു.) തുട ങ്ങിയവ ചരിത്രത്തിൽ ആക്രമണകാരി കളായിട്ടുണ്ടെന്ന് വസ്തുതകൾ തെളി യിക്കുന്നു. വിശ്വാസ വിപരീതികളെ കൊന്ന ചരിത്രമുള്ള സഭകൾ എന്താണ് ചെയ്തത്? തങ്ങളുടെ നില നിൽപ്പിനും, സ്ഥാപിത താല്പര്യങ്ങ ളുടെ സംരക്ഷണത്തിനും മറ്റുള്ളവർ വിലങ്ങുതടിയാണെന്ന് കണ്ടതിനാൽ അവരെ ഇല്ലാതാക്കുവാൻ തീരുമാനി ക്കയാണുണ്ടായത്. കുപ്രസിദ്ധമായ ഇൻക്വിസിഷനുകളൊക്കെ ഈ പറ ഞ്ഞതിനുദാഹരണങ്ങളാണ്. സ്വാഭാവി കമായ ഈ അക്രമ സ്വഭാവത്തിന് വർദ്ധനവ് ഉണ്ടാകാനുള്ള സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക സാഹചര്യങ്ങ ളാണ് ഇപ്പോഴുള്ളത്. പ്രത്യേകിച്ചും ആഗോള വൽക്കരണത്തിൽ ഒരു സമ്പ്രദായത്തിലും പാവപ്പെട്ടവർക്ക് നീതി ലഭിച്ചിരുന്നില്ല എന്നിരുന്നാലും മുതലാളിത്തവും ജനാധിപത്യവും സമ്മേളിച്ചിരുന്ന ആദ്യകാലങ്ങളിൽ അതിന് മേൽ സ്റ്റേറ്റിനു നിയന്ത്രണ വും, കോടതികൾ നീതിയും ന്യായവും നടത്തിക്കൊടുക്കുന്നതിൽ വിജയിച്ചുമി രുന്നു. ആഗോള വൽക്കരണത്തിൽ സാമ്പത്തിക താല്പര്യങ്ങളും, വെട്ടിപ്പി ടിക്കലും അനുവദനീയമായപ്പോൾ ഭര ണകൂടങ്ങളും, അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും പതുക്കെ കോടതികളുമൊക്കെ അഴിമതികളിൽ മുങ്ങാൻ തുടങ്ങി. സ്റ്റേറ്റിനു നിയന്ത്രി ക്കാനാവാത്ത അധികാര കേന്ദ്രങ്ങൾ സാർവ്വത്രികമായി. എന്ന് കേറ്റ് ഉടമ കൾ, ചിട്ടിക്കമ്പനികൾ, പണം പലി ശയ്ക്കു കൊടുത്തവർ, ബിസിനസ്സ് സ്ഥാപനങ്ങൾ, ഭൂമി മാഫിയാകൾ എന്തിനധികം പണം, അധികാരം, എന്നിവ കൈകാര്യം ചെയ്യുന്ന മത സ്ഥാപനങ്ങൾ ഇവയ്ക്കൊക്കെ തങ്ങ ളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ

ഭരണകൂടങ്ങളും, കോടതികളും മതിയാകാതെ വന്നു. ചെറ്റക്കുടിലിൽ കഴിയുന്നവൻ കാവൽക്കാരനെ നിയമിക്കാറില്ലല്ലോ? കൊട്ടാരങ്ങളിൽ കഴിയുന്നവർക്കല്ലേ ഇരുമ്പുഗേറ്റുകളും, തോക്കുധാരികളായ കാവൽക്കാരും അത്യന്താപേക്ഷിതമായിരിക്കുന്നത്? സമ്പത്തുള്ളവർക്ക് അധികാരം വേണം. അധികാരം ഉള്ളവർക്ക് സ്വത്തു വേണം. ഇതു രണ്ടും കെട്ടുപിണഞ്ഞാണു കിടക്കുന്നത്. ഇതു രണ്ടും സംരക്ഷിക്കുവാൻ കൂലിപ്പട്ടാളക്കാരും വേണം. ഇങ്ങനെ സമൂഹം പൊതുവെ അക്രമ സ്വഭാവമുള്ളതായി മാറുമ്പോൾ അതിലെ വ്യക്തികളും സ്വഭാവികമായി ആക്രമകാരികളായി മാറുന്നു. നിലവിലുള്ള സാമൂഹ്യതിന്മയുടെ ആനുകൂല്യം അനുഭവിച്ച് ചിലർ പണവും, അധികാരവും, ഭൗതികസുഖഭോഗങ്ങളും കൈയാളുമ്പോൾ, ആ ആനുകൂല്യം നിഷേധിക്കപ്പെട്ട മറ്റൊരു കൂട്ടർ എന്തുകൊണ്ട് ഇതൊക്കെ തങ്ങൾക്കും ആയിക്കൂടാ, എന്ന് ചിന്തിച്ചു പോകുന്നു. മോഷണം, പിടിച്ചുപറി, ബലാൽസംഗം, വാടകകൊലയാളി സംഘം ഇവയൊക്കെ സമൂഹത്തിൽ വർദ്ധിച്ചു വരുന്നത് നീതിനിഷേധിക്കപ്പെടുന്ന ഒരു സാമൂഹ്യ പശ്ചാത്തലത്തിലാണ്. എന്തു പ്രകോപനമുണ്ടായാലും അഹിംസയിലൂന്നിയ തത്ത്വശാസ്ത്രം സ്വീകരിച്ച വ്യക്തികളും, പ്രസ്ഥാനങ്ങളും പ്രതികരണങ്ങളിൽ സംയമനം പാലിച്ചു എന്നു വരാം. എന്നാൽ ഹിംസയുടെ പ്രത്യയശാസ്ത്ര പിൻബലമുള്ള വ്യക്തികളും, സംഘടനകളും അക്രമത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നതിൽ മടികാണിക്കാറില്ല. ഇവിടെയാണ് പ്രതിക്കൂട്ടിലായ രാഷ്ട്രീയ പ്രസ്ഥാനത്തിന് അക്രമരാഷ്ട്രീയത്തിൽ കൂടുതൽ പങ്കുണ്ട് എന്ന് പറയേണ്ടി വരുന്നത്. എന്നാൽ സമ്പത്തും അധികാരവും ഭൗതികസുഖങ്ങളും വെട്ടിപ്പിടിക്കണമെന്ന ആഗോള വൽക്കരണ നയങ്ങളിലൂടെ സമൂഹത്തെ മുഴുവനായി ഹിംസാത്മകമാക്കിയതിന്റെ ഉത്തരവാദിത്വം മറ്റുള്ള എല്ലാവരും കൂടി പങ്കിട്ടേ മതിയാവൂ.

സഭകൾക്ക് എന്തു ചെയ്യാം?

നേരത്തെ സൂചിപ്പിച്ചതുപോലെ അഞ്ചിൽ ഒന്ന് വിശ്വാസികളുള്ള കേരള സമൂഹത്തിലെ ഹിംസാത്മകത കുറച്ചു കൊണ്ടുവരാൻ സഭകൾക്കു വളരെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും. അതേ സമയം അത്ര എളുപ്പമുള്ള കാര്യമല്ലാതാനും. നിലവിലുള്ള ശൈലികളെ അപ്പാടെ മാറ്റി മറിക്കാൻ ആർക്കാണു കഴിവുണ്ടാകുക? നേരത്തെ വേദപുസ്തക സംഭവങ്ങളിൽ കണ്ടതുപോലെ സംരക്ഷിക്കുവാൻ താല്പര്യങ്ങളൊന്നുമില്ലാത്ത അവസ്ഥയിലേക്കു വിശ്വാസികളും, സഭകളും, മടങ്ങി വരിക, കുറുനരികൾക്കു കുഴിയും, ആകാശത്തിലെ പറവകൾക്കു കൂടും ഉള്ളപ്പോൾ തല ചായിപ്പാനില്ലാത്ത നസ്രായനായ യേശു അനുകരിക്കാനാവുന്ന ഒരു മാതൃകയായിത്തീരുക. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്നു വെക്കുന്നിടത്തു താല്പര്യങ്ങൾ അവസാനിപ്പിക്കുക. വർത്തമാന കാലചരിത്രത്തിൽ, ഒരു സഭയിലും ഈ വർഗ്ഗത്തിന്റെ അവശിഷ്ടം പോലും കാണാൻ കഴിയുന്നില്ല, എന്നതാണ് ഏറ്റവും വലിയ ദുര്യോഗം. സ്ഥാപിത താല്പര്യങ്ങളോടെ സഭകൾ എന്തെല്ലാം വലിയ കാര്യങ്ങൾ ചെയ്താലും സമൂഹത്തിന്റെ ഹിംസാത്മക സ്വഭാവത്തിന് ആക്കം കൂട്ടുന്നതാണെന്നു പറഞ്ഞാൽ പലരും സമ്മതിച്ചുതരികയില്ല. എന്നോർക്കുമ്പോൾ ഭാവിയേക്കുറിച്ച് കൂടുതൽ ആശങ്കകൾ ഉണ്ടാകുന്നു. ■


In ever Loving Memory of

40th Day of demise
04-08-2012



MARIAMMA
Madathanil
Malam, Kottayam

5th Death Anniversary
12-8-2012



KURUVILLA MATHEN
(Pappachy)
Madathanil, Malam, Kottayam


By Sorrowing Family

അടിത്തറ ഇല്ലാത്ത മേല്പുരകൾ

അഥവാ

ഉന്നതവിദ്യാഭ്യാസരംഗം

തോമസ് കുരുവിള



> Born Intelligent...Killed by Education
>
> \- Albert Einstien

ഠനകാലം തികയും മുമ്പ് സ്കൂൾ അധികൃതർ വിടുതൽ സർട്ടിഫിക്കറ്റ് നൽകിയ ഒരു വിദ്യാർത്ഥി എന്തുചെയ്യണം? അറിവിന്റെ ലോകത്തേക്കുള്ള വാതിൽ തനിക്കു മുമ്പിൽ അടഞ്ഞുവെന്ന് കരുതി നിരാശപ്പെട്ടു പഠനം അവസാനിപ്പിക്കാം. ഒരു വാതിൽ അടയുമ്പോൾ തുറക്കുന്ന ഒൻപതു വാതിലുകളെ ലക്ഷ്യം വച്ച് മുന്നേറാം. ഇതിൽ രണ്ടാമത്തെ വഴിയാണ് ശരിയെന്ന് ഒന്നാം പാഠം. സ്കൂളിൽ നിന്നു ലഭിച്ച വിടുതൽ സർട്ടിഫിക്കറ്റ് അറിവിന്റെ ലോകത്തേക്കുള്ള പ്രവേശന ടിക്കറ്റായി മാറ്റുക!

പാഠം ഒന്ന്

1879-ൽ ജർമ്മനിയിൽ ജനിച്ച ആൽബർട്ട് ഐൻസ്റ്റീൻ പതിനഞ്ചാം വയസ്സിൽ ക്ലാസ്സ്മുറി ഉപേക്ഷിച്ചിറങ്ങേണ്ടി വന്ന വിദ്യാർത്ഥിയായിരുന്നു. കാരണം മറ്റുകുട്ടികളെപ്പോലെ അവൻ കാണാപ്പാഠം പഠിച്ചില്ല. അടക്കിവെക്കാനാവാത്ത വിജ്ഞാനതൃഷ്ണകൊണ്ട് അവൻ ക്ലാസ്സ്മുറിയിൽ നിരന്തരം ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അധ്യാപകർക്ക് ആ പ്രതിഭയെ ഉൾക്കൊള്ളാനായില്ല. അവർ അവനെ പുറത്താക്കി. ക്ലാസ്സ്മുറിയുടെ നാലു ചുവരുകൾക്കപ്പുറത്ത് അറിവിന്റെ വിശാലമായ ആകാശം അവൻ കണ്ടെത്തുക തന്നെ ചെയ്തു. ലോകം കണ്ട ഏറ്റവും പ്രതിഭാശാലിയായ ശാസ്ത്രജ്ഞൻ എന്നു പ്രശസ്തനായ ഐൻസ്റ്റീൻ, ഫോട്ടോ ഇലക്ട്രിക് പ്രഭാവത്തെക്കുറിച്ചുള്ള കണ്ടെത്തലിന് 1921-ൽ നോബൽ സമ്മാനം നേടി. പ്രശസ്തമായ $E=MC^2$ എന്ന സൂത്രവാക്യത്തിന്റെ സ്രഷ്ടാവ് ആപേക്ഷികതാ സിദ്ധാന്തം കൊണ്ട് ഭൗതികശാസ്ത്രത്തെ മാത്രമല്ല, ശാസ്ത്രലോകത്തെ ആകമാനം വികസ്വരമാക്കിത്തീർത്തു. 'ഐൻസ്റ്റീനാണ് ശരി' എന്നു ശാസ്ത്രം വീണ്ടും അടിവരയിടുന്ന ഈ നാളുകളിൽ ആ പ്രതിഭയെ ഉൾക്കൊള്ളാനാകാതെ പോയ സ്കൂളിന് ശരിയിലേക്ക് സഞ്ചരിക്കുവാൻ എത്രകാലം വേണ്ടിവരും?

പാഠം രണ്ട്

ബ്രിട്ടനിലെ ഒരു ഇരുമ്പുപണിക്കാരന്റെ മകൻ. സ്കൂൾ വിദ്യാഭ്യാസത്തിനു പോകാൻ വീട്ടിൽ പണമില്ല. നിത്യദാരിദ്ര്യം! രോഗിയായ പിതാവിനെ ശുശ്രൂഷിക്കുന്നതിനായി ഒരു പുസ്തകക്കടയിൽ ജോലി നോക്കി. പുസ്തകങ്ങൾക്കു ചട്ടയിട്ടും ലാബോറട്ടറികളിൽ കുപ്പികഴുകിയും പിന്നിട്ട കൗമാരത്തിനൊടുവിൽ അവൻ ശാസ്ത്രവിസ്മയങ്ങൾക്കു നേരെ തന്റെ മനസ്സു തുറന്നു വെച്ചു. ബൈൻഡു ചെയ്യാൻ കിട്ടിയ പുസ്തകങ്ങളായിരുന്നു പ്രചോദനം. പാഠപുസ്തകങ്ങളൊന്നും അവൻ പഠിച്ചിട്ടില്ലെങ്കിലും ഇന്നത്തെ പാഠപുസ്തകങ്ങളിലൊക്കെ അവന്റെ പേരുണ്ട്; മൈക്കൽ ഫാരഡെ. വൈദ്യുതിയുടെ പിതാവ്. നമ്മുടെ വീടുകളിൽ വൈദ്യുതവിളക്കു കത്തുമ്പോൾ പ്രകാശം കുറഞ്ഞ അവന്റെ ബാല്യകൗമാരത്തെക്കുറിച്ച് നാം ഓർക്കുക. വൈദ്യുത മോട്ടോർ, ക്ലോറിൻ ദ്രാവകം, ബെൻസീൻ കണിക, വൈദ്യുത ജനറേറ്റർ, വൈദ്യുത വിശ്ലേഷണ നിയമങ്ങൾ എന്നീ കണ്ടുപിടുത്തങ്ങളിലൂടെ പ്രതിഭ തെളിയിച്ച ആ 'സ്കൂൾ ഡ്രോപ്പൗട്ടി'ന്റെ നഷ്ടപ്പെട്ടുപോയ വിദ്യാഭ്യാസത്തെക്കുറിച്ച് ഇന്ന് ആരു ദുഃഖിക്കും?

നമ്മുടെ ഇരുട്ടു നിറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായത്തിനു നേരെ

പുഞ്ചിരി തൂകിക്കൊണ്ട് 500 വാട്ടിന്റെ ബൾബിട്ടു തരികയായിരുന്നു ഫാരഡെ!

അനുഭവപാഠം

വിദ്യാഭ്യാസം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നതെന്താണ്? നാളത്തെ തലമുറ എങ്ങനെയായിരിക്കണമെന്നു ഇന്നേ വിഭാവനം ചെയ്യുന്ന കർമ്മപദ്ധതിയെന്നു വിദ്യാഭ്യാസത്തെ ലളിതമായി നിർവ്വചിക്കാം. ഏതു തൊഴിലിനുമുള്ള വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. കഴിവും ഭാവനയുമുള്ള തലമുറകളുടെ സൃഷ്ടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഈ ലോകത്തിൽ എനിക്കു ജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസം ഒരു വിദ്യാർത്ഥിയിൽ ഉണർത്തുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ വിദ്യാഭ്യാസം സൃഷ്ടിപര (creative) മാകൂ. സമകാല ചുറ്റുപാടിൽ ഈ സങ്കല്പങ്ങൾ പലതും ചോദ്യം ചെയ്യപ്പെടുന്നു. വിദ്യാഭ്യാസം ഇന്ന് കേവലം തൊഴിൽ നേടാനുള്ള ഉപാധിയും തൊഴിൽ, പണം നേടാനുള്ള മാർഗ്ഗവുമായി അധഃപ്പതിച്ചുകൊണ്ടിരിക്കുന്നു.

അഭ്യസ്തവിദ്യർ തൊഴിൽ രഹിതരായി കഴിയുന്നു. ഉദ്യോഗസ്ഥരാകട്ടെ മൂല്യബോധമില്ലാത്തവരായി മാറുന്നു. നമ്മുടെ കുട്ടികൾ കൗമാരത്തിലെത്തും മുമ്പേ കൊലപാതകികളും മോഷ്ടാക്കളും കുറ്റവാളികളുമായി മാറുന്നു. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? ആരാണ് യഥാർത്ഥ കുറ്റക്കാർ? വിദ്യാഭ്യാസരംഗത്തെക്കുറിച്ചുള്ള ഒരു പുനർവിചിന്തനത്തിന് സമകാല സാഹചര്യത്തിൽ വളരെ പ്രസക്തിയുണ്ട്.

ജനസംഖ്യയിലും മനുഷ്യവിഭവശേഷിയിലുമൊക്കെ നമ്മുടെ രാഷ്ട്രം വളരെ മുൻപന്തിയിലാണെങ്കിലും വിദ്യാഭ്യാസനിലവാരത്തിൽ നാം പിന്നാക്കമാണ്. ഇന്ത്യയിലെ ജനസംഖ്യയിൽ പകുതി യുവജനങ്ങളാണ്. എന്നാൽ ഭരണഘടന അനുശാസിക്കുന്നതുപോലെ 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം ഇനിയും കൈവരിച്ചിട്ടില്ല. പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ രാജ്യം പ്രധാന ഊന്നൽ കൊടുത്തിരിക്കുന്നത് വിദ്യാഭ്യാസത്തിനാണ്. വിദ്യാഭ്യാസരംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കി 1964-ൽ രൂപം കൊടുത്ത കോത്താരി കമ്മീഷന്റെ നിർദ്ദേശം ഇന്നും വളരെ പ്രസക്തമാണ്. A lot is taught, but a little is learned. 350-ൽ അധികം സർവ്വകലാശാലകളുള്ള, 30 ലക്ഷത്തിലധികം വിദ്യാർത്ഥികൾ വർഷംതോറും കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഇന്ത്യയിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളിൽ ഭൂരിപക്ഷവും തൊഴിൽരഹിതരായി തുടരുന്നതിന്റെ കാരണമന്വേഷിച്ച് നമുക്ക് മറ്റെവിടെയും പോകേണ്ടതില്ല. മഹാകവി രവീന്ദ്രനാഥ ടാഗോർ ഇന്ത്യയിലെ വിദ്യാഭ്യാസത്തെ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്, 'അടിത്തറയില്ലാതെ മേല്പുര കെട്ടിയ സൗധമാണ് ഇന്ത്യൻ വിദ്യാഭ്യാസം.'

അടിത്തറ (പ്രൈമറിയും സെക്കന്ററിയും)

വിദ്യാഭ്യാസത്തിന്റെ ഹരിശ്രീ കുറിക്കുന്നത് പ്രാഥമിക വിദ്യാഭ്യാസ (Primary Education) ത്തോടെയാണ്. പ്രാഥമിക വിദ്യാഭ്യാസമാണ് അടിസ്ഥാന വിദ്യാഭ്യാസം (Fundamental Education). ഇന്നു കരുതുന്നതുപോലെ പ്രൈമറി വിദ്യാഭ്യാസം താണതരം വിദ്യാഭ്യാസം (Low Education) അല്ല. ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിലും അവന്റെ ഭാവനയെ വികസ്വരമാക്കുന്നതിലും പ്രാഥമിക വിദ്യാഭ്യാസത്തിനു പ്രധാന പങ്കുണ്ട്. അത് പൗരന്റെ ഭരണഘടനാവകാശമാണ്. ഇന്ന് പ്രാഥമിക വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന വിദ്യാലയങ്ങൾ പ്രാഥമിക സൗകര്യം പോലും ഇല്ലാത്തവയാണ്. മാറി മാറി ഭരണത്തിലേറുന്ന രാഷ്ട്രീയ കക്ഷികൾ മുറിവൈദ്യചികിത്സ പോലെ പ്രാഥമിക വിദ്യാഭ്യാസത്തെ വികലമാക്കുകയും ഉപരിതല വിദ്യാഭ്യാസത്തെ നന്നാക്കുവാൻ ശ്രമിക്കുകയുമാണ്. വിദ്യാഭ്യാസരംഗത്തെ ശുദ്ധീകരിക്കുവാനാഗ്രഹിക്കുന്നവർ പ്രൈമറി തലത്തിൽ നിന്നു തന്നെ ശുദ്ധീകരണ പ്രക്രിയ തുടങ്ങണം. കതിരിൽ കൊണ്ടു വളംവെച്ചാൽ എന്തു പ്രയോജനം? ഐൻസ്റ്റീൻ പറഞ്ഞതുപോലെ, വളർന്നുവരുന്ന പ്രതിഭകളെ വിദ്യാഭ്യാസം കൊണ്ട് ഗളഛേദം ചെയ്യരുത്.

വിദ്യാഭ്യാസത്തിന്റെ കച്ചവടവത്ക്കരണമാണ് പ്രധാന പ്രശ്നം. ഇന്റർനെറ്റിലെ ഒരു പഠനം വെളിപ്പെടുത്തുന്നത് 1976-93 കാലയളവിൽ ഒരു വിദ്യാർത്ഥിയുടെ പതിനഞ്ചുവർഷത്തെ പഠനച്ചിലവ് (ഹയർസെക്കന്ററി തലം വരെ) ഒരു ലക്ഷം രൂപയായിരുന്നു. എന്നാൽ ഇന്ന് ഒരു കുട്ടിയെ 'കിന്റർ ഗാർട്ടനി'ൽ അയയ്ക്കുവാനുള്ള ശരാശരി ചിലവ് ഒരു ലക്ഷം രൂപയാണ്. സാധാരണക്കാരൻ ആശ്രയിക്കുന്ന സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തുവാൻ ക്രിയാത്മകമായ യാതൊരു നടപടിയുമില്ല താനും. സർക്കാർ സ്കൂളുകൾ 'പ്ലേസ്കൂളു'കളാണല്ലോ? പ്രൈമറി അപ്പർപ്രൈമറി തലങ്ങളിൽ കളി മാത്രമായി തുടർന്നാൽ കുട്ടികളുടെ ബുദ്ധിവികാസത്തെ ഇതു സാരമായി ബാധിക്കും. ഭാഷ, ശാസ്ത്രം, മാനവിക വിഷയങ്ങൾ എന്നിവയെ സംബന്ധിക്കുന്ന അടിസ്ഥാപാഠങ്ങൾ സമകാലജീവിതത്തോടു ബന്ധപ്പെടുത്തി ഈ ഘട്ടത്തിൽ അഭ്യസിപ്പിച്ചു തുടങ്ങണം. കളിയും വിനോദവും വേണ്ട എന്നല്ല. കളിക്കേണ്ട പ്രായത്തിൽ അതു നിഷേധിക്കുമ്പോഴാണ് കളിക്കരുതാത്ത കളികളിൽ അവർ ചെന്നുപെടുന്നത്. വീട്ടിലും സ്കൂളിലും സ്വതന്ത്രരായി ചിന്തിക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള സാഹചര്യം നാം അവർക്ക് ഒരുക്കണം. അറിവിന്റെ പാഠങ്ങൾക്കൊപ്പം തിരിച്ചറിവിന്റെ പാഠങ്ങളും അവരെ അഭ്യസിപ്പിക്കുക.

ഉന്നതവിദ്യാഭ്യാസത്തിന്റെ കവാടമായ ദ്വിതീയ (Secondary) ഘട്ടവും വളരെ പ്രധാനമാണ്. പൗരസ്ത്യ വീക്ഷണത്തിൽ അധ്യാപകരിൽ നിന്ന് കാൽഭാഗം മാത്രമേ നാം അറിയുന്നുള്ളൂ. ക്ലാസ് മുറിക്കു പുറത്തുള്ള അറിവിന്റെ ലോകത്തെ പരിചയപ്പെടുവാനും വിവിധ വിജ്ഞാനങ്ങളെ സംബന്ധിച്ചുള്ള ഉൾക്കാഴ്ച രൂപപ്പെടുത്താനും സെക്കന്ററി തലത്തിൽ കഴിയേണ്ടതാണ്.

ആചാര്യാൽ പാദമാദത്തേ
പാദം ശിഷ്യ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യ
പാദം കാലക്രമേണ തു

ആചാര്യനിൽ നിന്നു കാൽഭാഗം അഭ്യസിക്കുന്നു. സ്വന്തം ബുദ്ധിശക്തി കൊണ്ട് കാൽഭാഗം നേടുന്നു. സഹപാഠികളിൽ നിന്നു പാദവും കാലക്രമത്തിൽ അന്ത്യപാദവും സ്വീകരിക്കുമ്പോഴാണ് അറിവിന്റെ ചക്രം പൂർണ്ണമാകുന്നത്. ഇന്ന് ക്ലാസ്സ് മുറിയിൽ നിന്നുള്ള കാൽ പങ്കുകൊണ്ട് വിദ്യാർത്ഥി അറിവിന്റെ അന്വേഷണം പരിമിതപ്പെടുത്തുന്നു. രണ്ട് ഹൈഡ്രജൻ തന്മാത്രയും ഒരു ഓക്സിജൻ തന്മാത്രയും ചേർന്നാൽ ജലമുണ്ടാകുന്നു എന്നു ക്ലാസ്സ് മുറിയിൽ നിന്നു വിദ്യാർത്ഥി പഠിക്കുന്നുണ്ട്. എന്നാൽ

ഇത്രയധികം മഴ ലഭിച്ചിട്ടും നമ്മുടെ നാട്ടിൽ ജലദൗർലഭ്യമുണ്ടാകുന്നതെന്തുകൊണ്ട്? ഇതിനുള്ള പരിഹാരനടപടികളെന്തെല്ലാം? എന്നിങ്ങനെയുള്ള സാമാന്യപ്രശ്നങ്ങൾക്ക് പരിഹാരത്തിനുള്ള യാതൊരു അന്വേഷണങ്ങളും നമ്മുടെ ക്ലാസ്സ് മുറികളിൽ ആരംഭിക്കുന്നില്ല. പ്രായോഗികപരിജ്ഞാനമില്ലാത്ത, ചുറ്റും നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അജ്ഞരായ വിദ്യാർത്ഥികളെയാണ് നമ്മുടെ വിദ്യാലയങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ഇവർക്ക് സാമൂഹിക പ്രതിബദ്ധതയില്ല. അടുത്ത കമ്പാർട്ട്മെന്റിൽ യാത്ര ചെയ്യുന്ന പെൺകുട്ടി ട്രെയിനിൽ നിന്നു പുറത്തേക്കു വീഴുന്നതും അവൾ ആക്രമിക്കപ്പെടുന്നതും മനസ്സിലാക്കിയിട്ടും ട്രെയിനിന്റെ ചങ്ങല വലിക്കാൻ മുതിരാത്ത സഹയാത്രികർ നമ്മുടെ വിദ്യാലയങ്ങളുടെ പരാജയമാണ് വിളിച്ചറിയിക്കുന്നത്. അപകടത്തിൽ പെട്ടു രക്തം വാർന്നു നിലവിളിക്കുന്ന യാത്രക്കാരനു മുമ്പിലൂടെ വേഗത്തിൽ കാറോടിച്ചും പോകുന്നവരും ഇതേ മാനസിക നിലവാരം പങ്കിടുന്നവരാണ്. ഒരു 'നല്ല ശമര്യക്കാര'നെ സൃഷ്ടിക്കാൻ കഴിയാത്ത വിദ്യാഭ്യാസത്തിൽ വിദ്യയെവിടെ? അഭ്യാസമെവിടെ?

ഇന്ന് എവിടെയെങ്കിലും വിദ്യ അഭ്യസിക്കാതെ കഴിയുന്നുണ്ടെങ്കിൽ അതു വിദ്യാലയമാണെന്നു വിളിച്ചു പറഞ്ഞത് സുകുമാർ അഴീക്കോടാണ്. പ്ലസ്-ടു സിലബസനുസരിച്ചുള്ള മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശ പരീക്ഷയെഴുതുന്ന വിദ്യാർത്ഥി ലക്ഷങ്ങൾ മുടങ്ങി എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ അടയിരിക്കേണ്ടിവരുന്നത് സെക്കന്ററി വിദ്യാഭ്യാസത്തിന്റെ പരാജയമല്ലാതെ മറ്റെന്താണ്?

മേല്പുര

പ്രൈമറി, സെക്കന്ററി തലങ്ങൾക്കു ശേഷമുള്ള തൃതീയ (Tertiary) ഘട്ടത്തെയാണ് ഉന്നതവിദ്യാഭ്യാസം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഇതിനു പ്രധാനമായും രണ്ടു ധാരകളുണ്ട്; പരമ്പരാഗത വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത (പ്രൊഫഷണൽ) വിദ്യാഭ്യാസവും. കോളേജുകളും സർവ്വകലാശാലകളുമാണ് പരമ്പരാഗതവിദ്യാഭ്യാസ കേന്ദ്രങ്ങൾ. ഈ കലാശാലകളിൽ നിന്ന് എത്ര കലാകാരന്മാർ, ഗവേഷകർ, നേതൃത്വഗുണമുള്ളവർ, വ്യവസായ സംരംഭകർ, ശാസ്ത്രജ്ഞർ സൃഷ്ടിക്കപ്പെടുന്നുണ്ട്? വർഷംതോറും 30 ലക്ഷത്തിലധികം കോളജ് വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ചിറങ്ങുന്ന ഇന്ത്യയിൽ വിദഗ്ദ്ധ ജോലികളിൽ ആവശ്യമായ പരിശീലനവും കഴിവും സ്വായത്തമാക്കിയവർ വളരെക്കുറവാണ്. 'അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ' എന്ന് നമ്മുടെ യുവതലമുറയെ ഇന്നും വിശേഷിപ്പിക്കേണ്ടി വരുന്നത് പരമ്പരാഗത വിദ്യാഭ്യാസത്തിന്റെ പോരായ്മയാണ് കാണിക്കുന്നത്. ഇവർ ശരിയായ വിധത്തിൽ അഭ്യസ്തരുമല്ല, ഇവരുടെ കൈയിൽ വിദ്യയുമില്ല എന്നതാണ് സത്യം. ബിരുദ ബിരുദാനന്തര തലത്തിൽ ഭാഷയും സാഹിത്യവും പഠിക്കുന്ന വിദ്യാർത്ഥികളെ ഉദാഹരണമായെടുക്കാം. ഇവരിൽ എത്ര പേർക്ക് തെറ്റുകൂടാതെ വായിക്കാനും എഴുതാനും സംസാരിക്കുവാനും കഴിയും. ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ഒന്നാംക്ലാസ്സോടെ മാസ്റ്റർ ബിരുദം നേടിയ വിദ്യാർത്ഥി ഇംഗ്ലീഷ് സംസാരിക്കാൻ വലിയ തുക ഫീസ് നൽകി 'സ്പോക്കൺ ഇംഗ്ലീഷ്' ക്ലാസ്സുകളെ ആശ്രയിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്? ഭരണകൂടവും മാനേജ്മെന്റും അധ്യാപകരും രക്ഷിതാക്കളുമെല്ലാം ഇക്കാര്യത്തിൽ കൂട്ടുപ്രതികളാണെന്നതാണ് സത്യം. കൂട്ടുകക്ഷി ഭരണം മുന്നോട്ടുകൊണ്ടുപോകാൻ ഈർക്കിൽ പാർട്ടികളെ വിദ്യാഭ്യാസം പോലെയുള്ള സുപ്രധാന വകുപ്പ് ഏല്പിക്കാതെ ഇടതിനോ വലതിനോ രക്ഷയില്ല, കേരളത്തിൽ കഴിവിനു പകരം കോഴയാണ് പല മാനേജ്മെന്റുകളുടെയും മാനദണ്ഡം. ജോലി കിട്ടിക്കഴിഞ്ഞാൽ Faculty improvement programme (FIP) കളെ Family improvement programme കളാക്കി മാറ്റുന്ന അധ്യാപകരും, കുട്ടികളുടെ അഭിരുചി നോക്കാതെ ധനസമ്പാദനം ലക്ഷ്യമാക്കി വിദ്യാഭ്യാസത്തിനയയ്ക്കുന്ന മാതാപിതാക്കളും ഉന്നത വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണത്തിന് ഉത്തരവാദികളാണ്.



വിദ്യാഭ്യാസം ഇന്ന് കേവലം തൊഴിൽ നേടാനുള്ള ഉപാധിയും തൊഴിൽ, പണം നേടാനുള്ള മാർഗ്ഗവുമായി അധഃപ്പതിച്ചുകൊണ്ടിരിക്കുന്നു.

മെഡിക്കൽ - എഞ്ചിനീയറിംഗ് പോലെയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിലാകട്ടെ സമ്പന്നർക്കു മാത്രമേ പ്രവേശനം സാധ്യമാകൂ. കോഴ കൊടുത്ത് പ്രവേശനം, ഭീമമായ തുക ഫീസ്. ജോലി കിട്ടിയാൽ മുടക്കുമുതൽ തിരികെപ്പിടിക്കുന്നതിലായിരിക്കും രക്ഷിതാവിന്റെയും ഉദ്യോഗാർത്ഥിയുടെയും ശ്രദ്ധ. പരിശീലന കാലയളവിൽ ഈ വിദ്യാർത്ഥികൾ പ്രകടിപ്പിക്കുന്ന ആദർശവും ധാർമ്മികരോഷവുമൊക്കെ അവരുടെ പിൽക്കാല ജീവിതത്തിൽ അവശേഷിക്കാത്തതിനു വേറെ കാരണമെന്താണ്?

1952-ൽ നോബൽ പുരസ്കാരത്തിലൂടെ ലോകം ആദരിച്ച ആൽബർട്ട് ഷെറ്റ്സർ, ഒരു തത്വശാസ്ത്ര പ്രൊഫസറായിരുന്നു. ആഫ്രിക്കയിലെ 'കാടന്മാരെ' ചികിത്സിക്കാൻ വേണ്ടിയാണ് 45-ാം വയസ്സിൽ അദ്ദേഹം മെഡിക്കൽ ബിരുദം നേടിയത്. പ്രൊഫഷണൽ വിദ്യാഭ്യാസം ധനസമ്പാദനമാർഗ്ഗം മാത്രമല്ലെന്നും സാമൂഹിക പ്രതിബദ്ധതയിലധിഷ്ഠിതമായ ഒരു ജീവിത സംസ്ക്കാരത്തെ രൂപപ്പെടുത്തുകയാണ് പ്രധാനമെന്നും അദ്ദേഹം ലോകത്തിനു കാണിച്ചു തരികയായിരുന്നു. ഇന്നത്തെ ഉന്നതവിദ്യാഭ്യാസം എതിരായ മൂല്യങ്ങളെയാണോ സൃഷ്ടിക്കുന്നതെന്ന് നാം പരിശോധിക്കണം. സന്തോഷ് പണ്ഡിറ്റിനെപ്പോലെ, കലാമൂല്യമില്ലാത്ത സിനിമയെടുത്താണെങ്കിലും പണമുണ്ടാക്കാമെന്നും, 'വൈ ദിസ് കൊലവെറി' പോലെ സമർപ്പണമില്ലാതെ പാട്ടെഴുതി കൈയടി വാങ്ങാമെന്നും എത്ര അശ്ലീലം നിറഞ്ഞ പരസ്യം കാട്ടിയിട്ടാണെങ്കിലും എന്റെ പ്രോഡക്ട് വിറ്റാൽ മതിയെന്നും ചിന്തിക്കുന്ന ഒരു യുവതലമുറ ഇവിടെ വളർന്നു വരുന്നുണ്ടെങ്കിൽ അത് വിദ്യാഭ്യാസത്തിന്റെ പരാജയം തന്നെയാണ്.

(ലേഖകൻ കോട്ടയം ബസേലിയോസ് കോളജ് മലയാള വിഭാഗത്തിൽ അസി. പ്രൊഫസർ)

■

നവതിയിൽ ഉത്രാടം തിരുനാൾ ൯൦

വെരി. റവ. എം. അലക്സാണ്ടർ വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ,

ആയിരത്തി ഒരുനൂറ്റി എൺപത്തിയേഴാമാണ്ട് മീന മാസം 4-ാം തീയതി (2012 മാർച്ച് 17) ഉത്രാടം നാളിൽ നവതിയിലെത്തിയ ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയ്ക്ക് ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു.

ഭാരതത്തിലെ നാട്ടുരാജ്യങ്ങളിൽ ഏറ്റവും പ്രശോഭിച്ചിരുന്ന തിരുവിതാംകൂർ രാജകുടുംബത്തിലെ രാജാക്കന്മാരുടെ ലാളിത്യവും എളിമയും സത്യസന്ധതയും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. പ്രത്യേകിച്ച് പ്രജാതൽപ്പരരായ രാജാക്കന്മാരുടെ പിൻതലമുറയിൽപ്പെട്ട ശ്രീചിത്തിര തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഇളയസഹോദരൻ എന്ന നിലയിൽ ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ഏറ്റവും ജനകീയനാണ്. പഠിത്തത്തിൽ അതിസമർത്ഥനായിരുന്നു. ചരിത്രം, രാഷ്ട്രമീമാംസ, സംസ്കൃതം എന്നീ വിഷയങ്ങളിൽ തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്ന് ഓണേഴ്സോടെ ബിരുദം നേടിയ ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ എളിമയുടെ പ്രതീകവുമായിരുന്നു.

1947-ൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ തിരുവിതാംകൂറിനെപ്പോലെ 575 നാട്ടുരാജ്യങ്ങൾ ഭാരതത്തിലുണ്ടായിരുന്നു. അവയെ ഏകീകൃത ഇന്ത്യയിൽ ലയിപ്പിക്കാൻ സർദാർ വല്ലഭായി പട്ടേൽ ആവശ്യപ്പെട്ടപ്പോൾ ശാന്തചിത്തനായ ശ്രീചിത്തിരതിരുനാൾ മഹാരാജാവ് എല്ലാം ശ്രീപത്മനാഭനിൽ അർപ്പിച്ച് സമ്മതപത്രത്തിൽ ഒപ്പിടുകയായിരുന്നു. ഇതിൽ നിന്ന് തിരുവിതാംകൂർ രാജകുടുംബത്തിന്റെ ജനകീയ സ്വഭാവമാണ് വെളിപ്പെടുത്തപ്പെട്ടത്. എല്ലാറ്റിനും ഉപരി ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യമായ സ്വത്ത് തിരുവിതാംകൂർ രാജകുടുംബത്തിന്റെ സംരക്ഷണത്തിലായിരുന്നതിനാൽ ഇന്ന് അതിന്റെ മൂല്യം വിലമതിക്കപ്പെടാൻ സാദ്ധ്യമല്ലാ എന്നത് വസ്തുതയാണ്. ഈ ഒരൊറ്റ കാര്യം മതി തിരുവിതാംകൂർ രാജകുടുംബത്തിന്റെ സത്യസന്ധത വിളിച്ചോതാൻ. ഇത്രമാത്രം എളിമയുടെ പര്യായമായ തിരുവിതാംകൂർ രാജകുടുംബം കേരളജനതയുടെ ഒരു മുതൽക്കൂട്ടാണ് എന്നു പ്രസ്താവിക്കുന്നതിൽ തെറ്റില്ല.

മലങ്കര സഭാ ചരിത്രത്തിൽ സഭാധ്യക്ഷന്മാരെ തൽസ്ഥാനങ്ങളിൽ അംഗീകരിച്ച് പുറപ്പെടുവിക്കുന്ന വിളംബരമാണ് 'തിരുവെഴുത്ത് വിളംബരം'



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും തിരുവിതാംകൂർ രാജകുടുംബവുമായി ദീർഘകാല ബന്ധമാണുള്ളത്. മലങ്കര സഭാ ചരിത്രത്തിൽ സഭാധ്യക്ഷന്മാരെ തൽസ്ഥാനങ്ങളിൽ അംഗീകരിച്ച് പുറപ്പെടുവിക്കുന്ന വിളംബരമാണ് 'തിരുവെഴുത്ത് വിളംബരം' എന്ന പേരിൽ അറിയപ്പെടുന്നത്. മലങ്കര സഭാ ചരിത്രത്തിൽ ഇപ്രകാരം ആദ്യത്തെ തിരുവെഴുത്ത് വിളംബരം പുറപ്പെടുന്നത് പകലോമറ്റം മെത്രാന്മാരുടെ വാഴ്ചയ്ക്കുശേഷം സഭയുടെ പൊതു തെരഞ്ഞെടുപ്പിന്റെ പിൻബലത്തോടെ മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനത്തേക്ക് കുന്നംകുളം പുലിക്കോട്ടിൽ അഭിവന്ദ്യ ജോസഫ് മാർ

ദീവന്നാസ്യോസ് പ്രഥമൻ പ്രവേശിച്ചതോടെയാണ്. 1852 കർക്കിടകം 15ന് അഭിവന്ദ്യ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്, മലങ്കര മെത്രാപ്പോലീത്തയായി ശ്രീ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് രാജകീയ വിളംബരം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഈ വിളംബരം 1876 കുംഭം 23 ന് ദുർബലപ്പെടുത്തി മറ്റൊരു വിളംബരം പ്രഖ്യാപിക്കേണ്ടി വന്നതിനെ തുടർന്ന് മെത്രാന്മാരുടെ അംഗീകാരം തിരുവെഴുത്തു വിളംബരത്തിലൂടെ പ്രഖ്യാപിക്കുന്ന സമ്പ്രദായം അവസാനിക്കയാണുണ്ടായത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂറിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് സർക്കാർ സർവ്വീസിൽ അധികമൊന്നും പ്രവേശനം ലഭിച്ചിരുന്നില്ല. തന്നെയുമല്ല കേണൽ മൺട്രോ തിരുവിതാംകൂർ ദിവാൻ പദവിയിൽ നിന്നും റസിഡണ്ടു പദവിയിൽ നിന്നും വിരമിച്ച് നാടുവിട്ടു പോയതോടെ സർക്കാർ സർവ്വീസിൽ അന്നുണ്ടായിരുന്ന ക്രിസ്ത്യാനി ഉദ്യോഗസ്ഥന്മാരിൽ ഭൂരിപക്ഷത്തെയും പിരിച്ചുവിടുകയും ചെയ്തിരുന്നു. ഇതിൽ മനം നൊന്ത് മലങ്കര മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ ജോസഫ് മാർ ദിവന്നാസ്യോസ് 1055-ാമാണ്ട് കർക്കിടകം 30-ാം തീയതി ശ്രീ വിശാഖം തിരുനാൾ മഹാരാജാവ് കോട്ടയം സന്ദർശിച്ചപ്പോൾ മഹാരാജാവിന് ഒരു മംഗളപത്രം സമർപ്പിക്കുകയും അതിന്റെ മൂന്നാം ഖണ്ഡികയിൽ ക്രിസ്ത്യാനികൾ അനുഭവിച്ചുകൊണ്ടിരുന്ന സ്ഥാനമാനങ്ങൾ തിരികെ ലഭിക്കുന്നതിനു വേണ്ടി അപേക്ഷിക്കുകയും ചെയ്തിരുന്നു. പ്രസ്തുത മംഗള പത്രത്തിനു മറുപടിയെന്നോണം 1055-കർക്കിടകം 31-ന് കോട്ടയം ഡിവിഷൻ കച്ചേരി കൊട്ടാരത്തിൽ വച്ചു ശ്രീ. വിശാഖം തിരുനാൾ മഹാരാജാവ് കൽപ്പിച്ചു നൽകിയത് ഇപ്രകാരമായിരുന്നു.

“സുറിയാനിസഭയിലെ വൈദികന്മാരും ജനങ്ങളുമായുള്ളോരെ, നിങ്ങൾ ഇപ്പോൾ നമ്മുടെ മുൻപാകെ ബഹുമതിപൂർവം ബോധിപ്പിച്ചിരിക്കുന്ന ഇച്ഛയും പരമാർത്ഥവും ഉള്ള മംഗളപത്രത്താൽ നമുക്കു മനോതൃപ്തി ഉണ്ടായിരിക്കുന്നു. നിങ്ങളുടെ സമുദായം പൂർവ്വത്തുങ്കലേ ഉള്ളതും ചരിത്രസംബന്ധമായ സാഹിത്യത്തോടു കൂടിയതും ആയ ഒരു സംഘവും, തൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും ഒരു ഉത്തമദൃഷ്ടാന്തക്കാരും ആകുന്നു. നിങ്ങളെക്കാൾ അധികം രാജഭക്തിയും സന്മാർഗവും ഉള്ള ഒരു ജനസമുദായത്തെ കാൺമാൻ കഴികയില്ല. സർക്കാർ ജീവിതം അതിന്റെ മിക്ക തുറകളിലും മതവിഷയം ആലോചിക്കാതെ എല്ലാവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മതവിശ്വാസം ഗൗനിക്കാതെ യോഗ്യതയും ശേഷിയുമുള്ളവരെ അംഗീകരിക്കുന്നതാകുന്നു എന്ന് നാം നിങ്ങളോട് ഉറപ്പു പറയുന്നു. നമ്മെക്കുറിച്ചുള്ളതായ നിങ്ങളുടെ പ്രീതിയോടു കൂടിയ എല്ലാ നല്ല ആഗ്രഹങ്ങൾക്കുമായി നമ്മുടെ മനപ്പൂർവമായ വന്ദനത്തെ കൈക്കൊൾവിൻ. തിരുവിതാംകോട്ടെ പുരാതനയ്ക്കു കീർത്തിപ്പെട്ടിരിക്കുന്ന സുറിയാനി സമുദായത്തിന്റെ ഗുണത്തിനു നാം സദായിപ്പോഴും ദൃഷ്ടിവയ്ക്കുന്നതാകുന്നുവെന്നു നാം നിങ്ങളോടു നിശ്ചയമായി ഉറപ്പുപറയുന്നു”.

മഹാരാജാവു കാട്ടിയ സ്നേഹനിർഭരമായ പരമാർശത്തിൽ നിന്നും തിരുവിതാംകൂർ രാജകുടുംബവും മലങ്കര സുറിയാനി സഭയും തമ്മിലുള്ള ആഴമേറിയ ബന്ധത്തെയാണു സൂചിപ്പിക്കുന്നത്.

കേരളത്തിലെ പുരാതനമായ കോട്ടയത്തെ പഴയ സെമിനാരി സ്ഥാപിക്കുന്നതിൽ തിരുവിതാംകൂർ രാജകുടുംബം കാണിച്ച താത്പര്യം അളവറ്റതായിരുന്നു. 1815-മാർച്ചിൽ പണിപൂർത്തിയാക്കിയ പഴയ സെമിനാരി മലങ്കര മെത്രാപ്പോലിത്തായുടെ ആദ്യത്തെ ഔദ്യോഗിക ആസ്ഥാനമായി എന്നു തന്നെയുമല്ല, സഭയുടെ കേന്ദ്ര സെക്രട്ടേറിയേറ്റുമായി. കൂടാതെ 1817-ൽ സെമിനാരിയിൽ ഇംഗ്ലീഷ് പഠനം ആരംഭിച്ചപ്പോൾ കേരളത്തിലെ ഒന്നാമത്തെ ഇംഗ്ലീഷ് ഭാഷാ പഠനകേന്ദ്രവുമായി. അങ്ങനെ മലങ്കര സഭയുടെ ദൃശ്യപ്രതീകമെന്ന് വിശേഷിപ്പിക്കാവുന്ന കോട്ടയം പഴയ സെമിനാരിയുടെ വളർച്ചയ്ക്ക് തിരുവിതാംകൂർ രാജകുടുംബം കാണിച്ച താൽപ്പര്യത്തിന് മലങ്കര ഓർത്തഡോക്സ് സഭ എന്നും കടപ്പെട്ടിരിക്കുന്നു.

മലങ്കര മെത്രാപ്പോലീത്തന്മാർ സ്ഥാനാരോഹണം ഏറ്റാലുടൻ തിരുവിതാംകൂർ മഹാരാജാവിനെ സന്ദർശിച്ച ശേഷമേ സഭാ ഭരണം നടത്തുകയുള്ളു എന്നൊരു കീഴ്വഴക്കം പണ്ടുമുതലെ സഭയ്ക്കുണ്ട്.

വിവിധ സ്ഥലങ്ങളിൽ മലങ്കരസഭയ്ക്ക് പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിക്കുന്നതിനും അതിന്റെ നടത്തിപ്പിനും രാജകുടുംബത്തിൽ നിന്നും ലഭിച്ചിട്ടുള്ള സഹായങ്ങൾക്ക് സ്മരണീയമാണ്.

രാജവാഴ്ച അവസാനിച്ചെങ്കിലും രാജകുടുംബവുമായി സഭാമേലദ്ധ്യക്ഷന്മാർ സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്നു. അഭിവന്ദ്യ മാത്യൂസ് മാർകൂറിലോസ് തിരുമേനിയോടൊപ്പം (പിന്നീട് പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ) പല അവസരങ്ങളിലും ഈ ലേഖകന് കവടിയാർ കൊട്ടാരത്തിൽ പോയി ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിനെ കാണുവാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. അദ്ദേഹം നാടുനീങ്ങിയ അവസരത്തിലും മലങ്കര ഓർത്തഡോക്സ് സഭക്കുവേണ്ടി തിരുമേനിയോടൊപ്പം ഭൗതികശരീരം ദർശിക്കുന്നതിനും റീത്തു സമർപ്പിക്കുന്നതിനും അന്ത്യകർമ്മങ്ങളിൽ പങ്കുചേരുന്നതിനും ഇടയായ സന്ദർഭം അവിസ്മരണീയമാണ്.

അദ്ദേഹത്തിന്റെ കാലശേഷം ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയെ പട്ടം കൊട്ടാരത്തിൽ പോയി പലപ്പോഴും സന്ദർശിച്ചിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ പല സമ്മേളനങ്ങളിലും അദ്ദേഹം അതിഥിയായി വന്ന് സഹകരിച്ചിട്ടുണ്ട്.

2000-മാണ്ടിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന ‘ക്രിസ്തുജയന്തി മഹാജൂബിലി’ (കേരളാ യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ, തിരുവനന്തപുരം) മഹാസമ്മേളനത്തിൽ മുഖ്യാതിഥിയായി സംബന്ധിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്ത ചരിത്രസംഭവം സഭാംഗങ്ങൾക്ക് വിസ്മരിക്കാവുന്നതല്ല. അതിനുശേഷവും സഭയുടെ പല സമ്മേളനങ്ങളിലും സംബന്ധിക്കുകയും സഭയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. നവതി ആഘോഷിക്കുന്ന ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയ്ക്ക് ആയുരാരോഗ്യങ്ങൾ നേർന്നു കൊള്ളുന്നു.

അഭിവന്ദ്യ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്, മലങ്കര മെത്രാപ്പോലീത്തയായി ശ്രീ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് രാജകീയ വിളംബരം പുറപ്പെടുവിക്കുകയുണ്ടായി.

ശതാബ്ദി വർഷം ബൈബിൾ ഒരുവട്ടം വായിക്കൂ



'റോമൻ കത്തോലിക്കാവിശ്വാസിയായ ലേഖകൻ പെരുമ്പാവൂരിലെ മലങ്കര വർഗീസ് വധത്തോടുകൂടി ലോക ക്രൈസ്തവ സഭാ ചരിത്രം ആഴത്തിൽ പഠിച്ച് - ഭാരതത്തിലെ മാർതോമസഭയുടെ പിൻതുടർച്ച അവകാശപ്പെടാവുന്ന ഏക സഭാ കൂട്ടായ്മ മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയാണെന്നു തിരിച്ചറിഞ്ഞ് - (1663 ലാണ് ഭാരതത്തിൽ റോമൻ കത്തോലിക്കാസഭ പറമ്പിൽ ചാണ്ടി മെത്രാനാൽ സ്ഥാപിതമായത്.)

ഓർത്തഡോക്സ് സഭാംഗമായി ജീവിക്കാൻ ചിന്തിച്ചപ്പോൾ - യാദൃശ്ചികമായി ആലുവ തൃക്കുന്നത്ത് സെമിനാരി മാനേജർ ഫാ. യാക്കോബു തോമസച്ചനെ കണ്ടുമുട്ടുകയും അദ്ദേഹവുമായിട്ടുണ്ടായ നിരന്തര സൗഹൃദത്തിലൂടെ ഓർത്തഡോക്സ് സഭാംഗമായി (ഒരു കുടുംബം ഒന്നടങ്കം) പുനരൈക്യപ്പെട്ട് ഒരു പുതുക്രൈസ്തവ ജീവിതം ആരംഭിക്കുകയും ഇപ്പോൾ ബൈബിൾ പുതിയ നിയമം മൂന്നുഭാഷകളിൽ ഒറ്റ പുസ്തകത്തിൽ ത്രിഭാഷ ബൈബിൾ ചിത്രകഥയായി പ്രസിദ്ധീകരിച്ചുവരുന്നു.'

- പി.കെ തോമസുകുട്ടി

മാനവജീവിതത്തെയും ചരിത്രത്തെയും ബൈബിൾ പോലെ സ്വാധീനിച്ച കൃതികൾ വേറെയില്ല. ക്രിസ്തു ശിരസ്സായ ആദിമ സഭാകൂട്ടായ്മയിലേക്ക് ഒന്നെത്തിനോക്കിയാൽ ഇതേറെ വ്യക്തമാകും "അവർ ഒരുമനപ്പെട്ടു ദിനം പ്രതി ദൈവാലയത്തിൽ കൂടിവരുകയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെയും കൃപഅനുഭവിക്കുകയും ചെയ്തു" (അപ്പ. പ്രവൃ.2-46-47) ഇപ്രകാരം ഭൂമിയുടെ ഉപ്പായി ലോകത്തിന്റെ പ്രകാശമായി മാറേണ്ട സഭാകൂട്ടായ്മകളിൽ ചിലതെങ്കിലും ഇന്നെവിടെ എത്തി നിൽക്കുന്നു എന്നുള്ളത് നമ്മളേറെ ചിന്തിക്കേണ്ടതാണ്.

യേശുവിന്റെ ദർശനങ്ങളിൽ നിന്നും, ബൈബിൾ പഠനങ്ങളിൽ നിന്നും ഏറെ അകന്ന് സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു ഭൗതിക പ്രസ്ഥാനമോ, ധനകാര്യസ്ഥാപനങ്ങളോ ആയി അധ: പതിച്ചിരിക്കുകയാണല്ലോ ഇന്ന് പല സഭാകൂട്ടായ്മകളും പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യം വരെ "തോമായുടെ മാർഗ്ഗം" എന്ന അപ്പസ്തോലിക നടപടി ക്രമങ്ങളിലായിരുന്നു മലങ്കര നസ്രാണികൾ സഭാജീവിതം നയിച്ചിരുന്നതെന്ന് നിഷ്പക്ഷമതികളായ എല്ലാ സഭാചരിത്രകാരന്മാരൻമാരും വിവരിക്കുന്നുണ്ട് "പള്ളിയുടെ ഭരണം നടത്തിയിരുന്നതും പള്ളിയോഗമാണ് കുടുംബത്തലവൻമാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായം ചെന്ന ആളാണ് പള്ളിയോഗത്തിന്റെ അദ്ധ്യക്ഷൻ. അദ്ദേഹം തന്നെയാണ് പള്ളിയിലെ കർമ്മാനുഷ്ടാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതിക സ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയ ജീവിതം മുഴുവന്റെയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ് സഭാസമൂഹത്തിൽ നിന്ന് തൽക്കാലത്തേക്ക് പുറം തള്ളുവാൻ അധികാരവും പള്ളിയോഗത്തിനുണ്ടായിരുന്നു."

ഇപ്രകാരമായിരുന്നു പുരാതന മലങ്കര നസ്രാണി പള്ളി ഭരണസമ്പ്രദായം. എന്നാൽ പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മലങ്കര നസ്രാണികൾ വിദേശ (ലത്തീൻ) ഭരണത്തിലാകുകയും മലങ്കര സഭയുടെ അപ്പസ്തോലിക തനിമ നഷ്ടപ്പെട്ട് - കാലാന്തരത്തിൽ ദൈവവചനത്തിൽ മായം ചേർത്ത് കച്ചവടം ചെയ്യുന്ന ചില സഭാകൂട്ടായ്മകൾ തന്ത്രപൂർവം മലങ്കര സഭയെ ഒന്നടങ്കം വിദേശമതകൂട്ടായ്മകളുടെ പിന്തുടർച്ചക്കാരാക്കാൻ പരിശ്രമിച്ചപ്പോൾ 'ഞങ്ങൾ ദൈവവചനത്തിൽ കൂട്ടിച്ചേർക്കുന്ന അനേകരെപ്പോലെയല്ല നിർമ്മലതയോടും ദൈവത്തിന്റെ കല്പനയാലും ദൈവസന്നിധിയിൽ ക്രിസ്തുവിൽ സംസാരിക്കുന്നു.' വി.പൗലോസ് 2.കൊരി. 2.17 ലെ വേദവാക്യത്തിന്റെ ചുവടുപിടിച്ച് മലങ്കര സഭയുടെ കാവൽ പിതാവായ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹികപാരമ്പര്യത്തിൽ അധിഷ്ഠിതമായ ആദിമ മലങ്കര സഭാകൂട്ടായ്മയുടെ പുന:സ്ഥാപനം നമ്മൾ നടത്തിയതാണ് 1912 ലെ പരി.കാതോലിക്കോസ് സിംഹാസനം. നമുക്കേവർക്കും ഏറെ സന്തോഷകരമായ ഈ വർഷം പരി. കാതോലിക്കേറ്റ് പുന:സ്ഥാപനത്തിന്റെ (1912-2012) ശതാബ്ദിയടോനു

ബന്ധിച്ച് ബൈബിൾ പഠന വർഷാചരണം എന്ന ഒരു പദ്ധതിക്ക് തുടക്കമിടേണ്ടതിലേക്ക് ഏവരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. മലങ്കര സഭയുടെ പുതുതലമുറ പ്രത്യേകിച്ച് യുവജനങ്ങളിൽ വലിയൊരു ഭാഗം പ്രവാസികളാണ് അവർക്ക് ബൈബിൾ അധിഷ്ഠിതമായ മലങ്കരസഭയുടെ വിശ്വാസ പൈതൃകത്തിൽ പൂർണമായി ഉൾച്ചേർന്ന് ജീവിക്കാൻ സാധിക്കാതെ വരുന്നത് ഈ സഭയുടെ ഭാവിയെ ഏറെ ദോഷകരമായി ബാധിക്കും. മലങ്കര സഭയുടെ അപ്പോസ്തോലിക വിശ്വാസ പാരമ്പര്യങ്ങൾക്കനുസരിച്ചുള്ള സമഗ്രമായ വിശ്വാസ പരിശീലനം അനിവാര്യമാണ്. അത് അപ്പോസ്തോലികവും സഭാത്മകവുമായ ആരാധനാക്രമവുമാണ്. കാരണം സഭകൾ ജന്മം കൊള്ളുന്നതും വളരുന്നതും ദൈവ വചനത്തിന്റെ പൂർണ്ണതയിൽ നിന്നാണല്ലോ. അപ്പോൾ ബൈബിൾ പഠനം ഇളം പ്രായത്തിൽ തന്നെ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇക്കാര്യങ്ങൾ വിരൽചൂണ്ടുന്നത്. സന്ധ്യാ നമസ്ക്കാരത്തിനുശേഷം കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി ബൈബിൾ പരായണം ചെയ്യുന്നത് അത്യുത്തമമായിരിക്കും. അതിലേക്ക് വേണ്ട 5 കർമ്മ പദ്ധതികൾ ചുവടെ അകമിട്ടുനിരത്തുന്നു.

1. ബൈബിൾ പാരായണത്തിന്റെ തുടക്കം എങ്ങിനെ?

2012 ൽ തുടങ്ങി 2013 ൽ അവസാനിപ്പിക്കണം ബൈബിൾ അനായാസം ഒരു കഥാപുസ്തകം വായിക്കുന്ന ലാഘവത്തോടെ വായിച്ചു പഠിക്കാൻ ശ്രമിച്ചാൽ ശ്രമം വിഫലമാണ് ആയതിനാൽ എപ്രകാരം ബൈബിൾ പഠനം ക്ലേശരഹിതമാക്കാം എന്നതിനെക്കുറിച്ച് ഒരുപ്രഭാഷണം ഇടവക വികാരി നടത്തി ഒരു ബൈബിൾ പഠന ക്ലാസിലൂടെ വേണം ഇതിന് തുടക്കമിടാൻ അതിന് ഒരു ഞായറാഴ്ച ബൈബിൾ പഠനത്തിനുള്ള ഒരുക്ക ഞായറാഴ്ചയായി തിരഞ്ഞെടുക്കണം.

2. എല്ലാ ഭവനത്തിലും ഒരു ബൈബിൾ ബോർഡ് സ്ഥാപിക്കണം

ഇന്നത്തെ ബൈബിൾ വചനം എന്ന് ഒരു തല വാചകം എഴുതി ഒരു ബൈബിൾ ബോർഡ് സ്ഥാപിച്ച് അതിൽ അന്നന്ന് വായിക്കുന്ന ബൈബിൾ ഭാഗങ്ങളിൽ നിന്നും ഓരോരുത്തർക്കും യുക്തമെന്നു തോന്നുന്ന ഒരു വാക്യം ഒരു പേപ്പറിലെഴുതി ബോർഡിൽ ഒട്ടിക്കണം ഇത് വർഷം മുഴുവൻ നടത്തേണ്ടതാണ്.

3. ഓരോ ദിവസവും വായിക്കേണ്ട ഭാഗം എങ്ങനെ വിഭജിക്കാം

ബൈബിൾ പഴയനിയമം ആകെ 902 പേജും പുതിയ നിയമം 266 പേജുമായി കണക്കാക്കി 1168 പേജ് വരുന്നു അപ്പോൾ ഒരു ദിവസം 3 പേജ് വീതം വായിച്ചാൽ ഒരു വർഷം കൊണ്ട് അവസാനിപ്പിക്കാം.

4. സംശയനിവാരണം എങ്ങിനെ?

അനുദിന ബൈബിൾ പരായണത്തിൽ സംശയമുള്ള ഭാഗം ഒരു കടലാസിൽ - ബുക്കിൽ, എഴുതി സൂക്ഷിക്കുകയും അടുത്ത ഞായറാഴ്ചയിലെ പ്രാർത്ഥനായോഗത്തിൽ വച്ച് സംശയനിവാരണം നടത്തിപ്പോകാവുന്നതാണ്.

5. എങ്ങനെ കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കണം?

ബൈബിൾ ഒരാവർത്തി വായിച്ചതുകൊണ്ടുമാത്രം പഠിക്കാൻ കഴിയണമെന്നില്ല. അതിന് കൂട്ടായപരിശ്രമവും പഠനവും അത്യാവശ്യമാണ് അതിനായി ബൈബിൾ പഠനവർഷാചരണത്തിൽ നടക്കുന്ന പ്രാർത്ഥനായോഗ ത്തിൽ ഓരോ ഞായറാഴ്ചയും വായിച്ച ഭാഗങ്ങൾ മുഴുവനും വീണ്ടും വായിക്കുകയും വേദഭാഗങ്ങൾ സുഗ്രാഹ്യമാകത്തക്കവിധം ലളിതമായി വിശദീകരിച്ച് സംശയനിവാരണം നടത്തണം. അതിനായി ഒരു വർഷത്തെ പ്രാർത്ഥനായോഗം നമുക്ക് ഉപയോഗപ്പെടുത്താം.

E.mail:athmeeyajeevanpublication@gmail.com

■

പുണ്യ കുടീരത്തിലേക്ക്

ഫാ. സാമുവേൽ ജോൺ തേവത്തുമണ്ണിൽ

ഗോവയിലെ വെർണ എന്ന ഗ്രാമത്തിൽ ഉന്നതമായ കത്തോലിക്കാ കുടുംബത്തിൽ 1836 ഏപ്രിൽ 29-ന് അന്റോണിയോ ഫ്രാൻസിസ്കോ സേവ്യർ അൽവാരിസ് ജനിച്ചു. ദൈവവേലയ്ക്കായി തുനിഞ്ഞിറങ്ങിയ അൽവാരീസ് എന്ന യുവാവ് വൈദിക വിദ്യാഭ്യാസത്തിനായി 1853-ൽ ഗോവയിലെ പ്രശസ്തമായ റഷോർ സെമിനാരിയിൽ ചേർന്നു. കത്തോലിക്കാ സഭയിലെ ആഭ്യന്തര കലഹം നിമിത്തം വൈദികനാകാൻ തുനിഞ്ഞിറങ്ങിയ അൽവാറിസിന് പട്ടം കൊടുക്കുവാൻ മെത്രാന്മാർ ഇല്ലാതെയായി. അവസാനം 1862 നവംബർ 6-ന് ബിഷപ്പ് വാർട്ടർ എസ്റ്റിൻ അൽവാറിസിനെ കത്തോലിക്കാ സഭയിലെ ഒരു വൈദികനായി പട്ടം നൽകി. വിശ്വാസപരമായി അൽവാറീസച്ചന് കത്തോലിക്കാ സഭയുമായി ചില കാര്യങ്ങളിൽ വിയോജിപ്പ് ഉണ്ടായി. പോപ്പിന്റെ അപ്രമാദിത്വം അതിൽ പ്രധാനമാണ്. അതുപോലെ കന്യകമറിയാമിനെക്കുറിച്ചുള്ള അമലോത്ഭവ വിശ്വാസം, സഭയുടെയും ഭരണകർത്താക്കളുടെയും ആർഭാടമായ ജീവിതം എന്നിവ അദ്ദേഹത്തിന് കത്തോലിക്കാ സഭയോട് യോജിച്ചു പോകുവാൻ തടസമായിത്തീർന്നു. ഈ അവസരത്തിൽ ഓർത്തഡോക്സ് വിശ്വാസമാണ് ഏറ്റം ശ്രേഷ്ഠമെന്ന് അദ്ദേഹം മനസ്സിലാക്കി. 1887ൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിനെ സന്ദർശിച്ചു. തൽഫലമായി അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് ചേർക്കപ്പെട്ടു. മലങ്കര സഭയ്ക്ക് അത് വലിയയൊരു മുതൽക്കൂട്ട് ആയിരുന്നു. അദ്ദേഹത്തിന്റെ കഴിവും ത്യാഗോജ്ജ്വലമായ പുണ്യജീവിതവും കണ്ട് അദ്ദേഹത്തെ പത്രോസ് മൂന്നാമൻ പാത്രിയർക്കീസിന്റെ അനുമതിയോടെ 1889 ജൂലൈ 29-ന് കോട്ടയം പഴയ സെമിനാരിയിൽ വെച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് കടവിൽ മാർ അത്താനാസിയോസ്, പൗലോസ് മാർ ഈവാനിയോസ്, ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പരുമല തിരുമേനി) എന്നിവർ ചേർന്ന് മെത്രാപ്പോലീത്തായായി വാഴിച്ചു.

ഓർത്തഡോക്സ് വിശ്വാസവും, മിഷനറി പ്രവർത്തനങ്ങളും ആരംഭിച്ച അദ്ദേഹത്തിന് കത്തോലിക്കാ സഭയിൽ നിന്നും പോർട്ടുഗീസ് ഭരണകർത്താക്കളിൽ നിന്നും കഠിനമായ പീഢനങ്ങൾ ഏറ്റു വാങ്ങേണ്ടി വന്നു. ഒരിക്കൽ ഒരു വ്യാപാരശാലയിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ പാത്രത്തിൽ ലഭിച്ചത് തുപ്പലായിരുന്നു. എന്നാൽ അതിൽ അമർഷം തോന്നാതെ "All right I shall keep this for me. Now give Something for the poor" എന്നു പറയുകയുണ്ടായി പിന്നീട് ആ വ്യാപാരി അദ്ദേഹത്തോട് ക്ഷമ ചോദിച്ച് സാമ്പത്തികമായി സഹായിച്ചു.

പ്രായാധിക്യവും രോഗവും ബാധിച്ച അൽവാരിസ് തിരുമേനി 1923 സെപ്റ്റംബർ 23-ന് കാലം ചെയ്തു. 1967-ൽ അന്നത്തെ ബാഹ്യകേരള മെത്രാപ്പോലീത്താ ആയിരുന്ന മാത്യൂസ് മാർ അത്താനാസിയോസ് (മാത്യൂസ് പ്രഥമൻ ബാവാ) തിരുമേനി കാടുപിടിച്ചു കിടന്ന കബറിടം കണ്ടുപിടിക്കുകയും പഞ്ചിം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയ്ക്ക് ആരംഭം കുറിക്കുകയും അദ്ദേഹത്തിന്റെ തിരുശേഷിപ്പ് പള്ളിയിലേക്ക് മാറ്റുവാൻ തീരുമാനിക്കുകയും ചെയ്തു.

ആ പുണ്യാത്മാവിന്റെ കബറിടത്തിലേക്ക് 2012 മെയ് 28-ന് തുമ്പമൺ ഭദ്രാസനാധിപൻ. അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ് തിരുമേനിയുടെ നേതൃത്വത്തിൽ 18 വൈദികരും 13 കൊച്ചമ്മമാരും അവരുടെ ബന്ധുക്കളും ചേർന്ന് നടത്തിയ തീർത്ഥാടനം തീർത്തും അനുഗ്രഹപ്രദവും അനുഭവസമ്പത്ത് ഉളവാക്കുന്നതുമായിരുന്നു. അഭി. യാക്കോബ് മാർ ഏലിയാസ് തിരുമേനിയും വന്ദ്യ വൈദിക ശ്രേഷ്ഠരും ഞങ്ങളെ സ്വീകരിച്ചു.

■

മരുഭൂമിയിലെ നീരുറവ

(സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ-STOC)

ജീവകാരുണ്യ സഹായം 2012

ഭാഗ്യസ്മരണാർഹനായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ 1975 സെപ്റ്റംബർ 12-ാം തീയതി സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2012-ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാസഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

1. ചികിത്സാ ധനസഹായം: മാരക രോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു. **ക്യാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായ രോഗികൾക്കായിരിക്കും പരിഗണന നൽകുക.** ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്ക് സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശയുണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ **മൂന്നു (3)** മാസത്തിനുള്ളിൽ വാങ്ങിയ ഒറിജനൽ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. **ഒറിജനൽ സർട്ടിഫിക്കറ്റ് ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി (അറ്റസ്റ്റേഷൻ) അയയ്ക്കേണ്ടതാണ്.** പരുമല, ശാസ്താംകോട്ട, കാര്യമ്പാടി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചു വരുന്നു. കൂടാതെ 'ശീലോഹാം ഗീവ് സൈറ്റ് പ്രൊജക്ട് -ലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

2. വിവാഹ ധനസഹായം: സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് **40,000** രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിന്റെ കോപ്പി അയച്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു. **വിവാഹ തീയതിക്കു ശേഷം മൂന്നു മാസത്തിനുള്ളിൽ അപേക്ഷ** താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ കിട്ടിയിരിക്കണം.

3. ജീവസന്ധാരണ ധനസഹായം: അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

4.1. വിദ്യാഭ്യാസ സ്കോളർഷിപ്പ്: നിർധനരും നിരാലംബരും പഠനത്തിൽ സമർത്ഥരുമായ **+2** കഴിഞ്ഞ **38** കുട്ടികൾക്ക്, ഒരു കുട്ടിക്കു **10,000/-** രൂപ നിരക്കിൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്റ്റും കോഴ്സ് സർട്ടിഫിക്കേറ്റും (ഇടവക വികാരി അറ്റസ്റ്റ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം കൂടാതെ അപേക്ഷകന്റെ കുടുംബ പശ്ചാത്തലം, ചുറ്റുപാടുകൾ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം, മറ്റു നേട്ടങ്ങൾ എന്നിവയെ കുറിച്ച് വിശദമായി അറിയിക്കുന്നതു നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2012 ഓഗസ്റ്റ് 31-ന്** മുൻപ് കിട്ടിയിരിക്കണം.

4.2. വിദ്യാഭ്യാസ ധനസഹായം: നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കു **+2** നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് 50%-ൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയതും ആദ്യചാൻസിൽ ജയിച്ചതുമായ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും ഇപ്പോഴത്തെ കോഴ്സ് സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2012 ഓഗസ്റ്റ് 31-ന്** മുമ്പ് കിട്ടിയിരിക്കണം.

5.1 ഭവന നിർമ്മാണ ധനസഹായം: കൊട്ടാരക്കര-പുനലൂർ, റാന്നി-നിലയ്ക്കൽ, ഇടുക്കി, ബ്രഹ്മവാർ എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി **1,00,000** (ഒരുലക്ഷം) രൂപ വീതം നൽകുന്നു. സഹായം ലഭിച്ചാൽ നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവായി കരമടച്ച രസീതിന്റെ കോപ്പിയും സഹിതം അപേക്ഷകൾ **2012 ഓഗസ്റ്റ് 31-നു** മുമ്പു കിട്ടിയിരിക്കണം.

5.2 പ്രത്യേക ഭവനനിർമ്മാണ ധനസഹായം: മലങ്കരസഭയിലെ ഭവനരഹിതരായ വിധവകൾക്കു ഭവനം വച്ചുകൊടുക്കുക എന്ന ആശയത്തിലൂന്നി, 46 വയസ്സിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണ്ണമായി ശയ്യാവലംബരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയൊ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി **1,00,000** (ഒരുലക്ഷം) രൂപ നൽകുന്നു. ഇതിലേക്ക് കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും ശുപാർശയും അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവായി കരമടച്ച രസീതിന്റെ കോപ്പിയും സഹിതം അപേക്ഷകൾ 2012 ഓഗസ്റ്റ് 31-നു മുമ്പ് കിട്ടിയിരിക്കണം.

നിർദ്ദേശങ്ങൾ 1) അപേക്ഷാഫോറവും മറ്റു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ്. 2) Advertisement-ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 4) അപേക്ഷകനെ ബന്ധപ്പെടാനുള്ള telephone number അപേക്ഷയിൽ ഉണ്ടായിരിക്കണം. 5) ആർക്കുവേണ്ടിയാണോ അപേക്ഷിക്കുന്നത് അവരുടെ പൂർണ്ണവിവരം അപേക്ഷയിൽ ഉണ്ടായിരിക്കണം.

അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്: അപേക്ഷകൾ സസൂക്ഷ്മം പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയക്കണമെന്നു താൽപര്യപ്പെടുന്നു. Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളിയുടെ സീലും, ചികിത്സാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിരിക്കണം.

അയയ്ക്കേണ്ട വിലാസം:- **The Co-ordinator, STOC office, Betheny Aramana, Tiruvalla-689101, Kerala**

 9-ാം പേജിൽ നിന്നു തുടർച്ച...

രണ്ടു എൻ.എസ്.ജി.കമാൻഡോകളുടെ ജീവനാണ് നഷ്ടപ്പെട്ടത്. സുരക്ഷാഭടൻമാരുടെ ഓരോ നീക്കവും ചാനലിൽ കൂടി കണ്ടുകൊണ്ടിരുന്ന ഭീകരർ കമോൻഡോകൾക്ക് നേരെ നിറയൊഴി ക്കുകയായിരുന്നു.

ചാനലുകാർ ഒന്നു മനസുവെച്ചിരുന്നെങ്കിൽ വിലപ്പെട്ട രണ്ടു ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. അന്ന് രാവിലെ കേരളത്തിലെ ഒരു പ്രമുഖ ചാനലിന്റെ റിപ്പോർട്ടറും അവതാരകയും വാർത്ത അവതരിപ്പിച്ച രീതിയാണ് ഏറെ വിചിത്രം. സംഭവം നടക്കുമ്പോൾ അന്ന് മുംബൈയുടെ ഭരണസാരഥ്യത്തിൽ പ്രധാന പങ്ക് വഹിച്ചിരുന്നത് ഒരു മലയാളിയാണ്. സംഭവത്തെപ്പറ്റി അറിയുന്നതിന് ഈ ഉദ്യോഗസ്ഥനെ ചാനൽ ഓഫീസിൽ നിന്നും വിളിച്ചപ്പോൾ അദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു, ഞാൻ സംഭവം അറിഞ്ഞ് അങ്ങോട്ട് പൊയ് ക്കൊണ്ടിരിക്കുകയാണ് എന്നാണ്. എന്നാൽ നേരത്തെ മനപാഠമാക്കിയ എത്രപേർ മരിച്ചു? എത്ര പേർക്ക് പരുക്കേറ്റു? എവിടെയാണ് സംഭവം? എപ്പോഴായിരുന്നു സംഭവം? തുടങ്ങി കുറേ ചോദ്യങ്ങൾ ഒരുമിച്ച് ചോദിച്ചു. ഈ ഉദ്യോഗസ്ഥൻ വളരെ വിനയത്തോടെ പറഞ്ഞു; ഇപ്പോൾ ഒന്നും പറയാൻ കഴിയില്ല. അവിടെ എത്താതെ ഒന്നും പറയാൻ പറ്റില്ല. എന്നാൽ അടുത്ത നിമിഷം വാർത്ത വായിച്ച അവതാരകയുടെ കമന്റാണ് ഏറെ വിചിത്രം. ഇൻഡ്യയെ നടുക്കിയ ഭീകരാക്രമണം ഉണ്ടായിട്ട് എത്ര പേർ മരിച്ചുവെന്ന വിവരം നൽകാൻ പോലും അധികൃതർക്ക് കഴിയുന്നില്ല. ഇത് രാജ്യ സുരക്ഷയെ അവഗണിച്ചു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ഈ കമന്റ് പിന്നീട് മറ്റൊരാളിൽ നിന്ന് കേൾക്കാനിടയായ ഈ ഉദ്യോഗസ്ഥൻ പറഞ്ഞു. ഇത്രയും വലിയ സംഭവത്തിനി ടയിലും വിളിച്ച ചാനൽ റിപ്പോർട്ടറോട് സംസാരിക്കാൻ തയാറായതാണ് തന്റെ തെറ്റ്. ഈ നിലപാട് സ്വീകരിക്കാൻ ഇപ്പോൾ രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും നിർബന്ധിതമായിക്കൊണ്ടിരിക്കുന്നു. ഒട്ടനവധി വാർത്തകൾ പുറത്ത് കൊണ്ടുവരാൻ ചാനലുകൾക്ക് കഴിയുന്നുണ്ട് എന്നത് വസ്തുത തന്നെയാണ്. എന്നാൽ മുൻ വിധിയോടെയും താൻ ഉദ്ദേശിക്കുന്ന രീതിയിലും വാർത്തകൾ ചമയ്ക്കാൻ റിപ്പോർട്ടർമാർ ശ്രമിക്കുമ്പോഴാണ് വാർത്ത കളിലെ സത്യം പലപ്പോഴും തമസ്കരിക്കപ്പെടുന്നത്. അടുത്ത നാളിൽ ചാനലുകൾ ആഘോഷമാക്കിയ ടി.പി. ചന്ദ്രശേഖരൻ വധവും സി.പി.എം. കേന്ദ്രകമ്മറ്റിയുമെല്ലാം ഇതിന്റെ പ്രകടമായ ഉദാഹരണങ്ങളിലൊന്നാണ്. സി.പി.എം. കേന്ദ്ര കമ്മറ്റി തുടങ്ങുന്നതിന് മുമ്പ് കേരളത്തിലെ ഒരു പ്രമുഖ വാർത്താ ചാനലിന്റെ ഡൽഹിയിലെ റിപ്പോർട്ടർ ഉറപ്പായി റിപ്പോർട്ട് ചെയ്തു. വി.എസിനെതിരേ ശക്തമായ നടപടി ഉണ്ടാകും അത് ഇപ്പോൾ എങ്ങനെ നമുക്ക് പറയാൻ കഴിയുമെന്ന് ന്യൂസ് എഡിറ്റർ ചോദിച്ചപ്പോൾ റിപ്പോർട്ടറുടെ മറുപടി ഇങ്ങനെയായിരുന്നു. കേന്ദ്ര കമ്മറ്റി നടക്കുന്ന ഹാളിലേക്ക് പിണറായിയും വി.എസും നടന്നു പോകുന്ന ശരീരഭാഷ കണ്ടാൽ നടപടി എന്താവുമെന്ന് ഊഹിക്കാൻ കഴിയും. ശരീരഭാഷ വാർത്തയെ നിശ്ചയിക്കുന്ന കാലം വിദൂരമല്ല.

(മംഗളം ദിനപ്പത്രത്തിലെ സീനിയർ ലേഖകനാണ്.) ■

26-ാം ചരമവാർഷികം
22-8-2012



പി.സി. ചാക്കോ
(കുഞ്ഞച്ചൻ)

പാലാക്കുന്നേൽ,
എറികാട്, പുതുപ്പള്ളി

(പുതുപ്പള്ളി വലിയപള്ളി ഇടവകാംഗം)

നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

BRIDEGROOM WANTED

Orthodox ancient family girl 25/163, B.A. (English), GNM-Staff Nurse in reputed hospital near Tiruvalla. D/o Bank Manager. Parents seek God-fearing Orthodox boy working abroad except, USA. or Kerala Deacon (Semmassan)

***Phone :* 0469-2677354**
9400077354
Email : jcherian7305@gmail.com

St. Thomas Higher Secondary School

K.K. Pudur, Coimbatore-641038
Tel: 0422-244254

Wanted B.T. Assistant (High School Assistant) in BA (English, History & Geography) with B.Ed on regular vacancy with Malayalam Second Language from SSLC to Degree level for appointment from September 2012 at Tamilnadu Government Scale of Pay in our Government Aided School. Apply with Bio-data, passport size photograph and copies of certificates to the


Correspondent
St. Thomas Hr. Sec. School,
K.K. Pudur,
Coimbatore 641038
before 25th August 2012.

ഒന്നാം ചരമ വാർഷികം
(26-08-2012)

FR. PHILIP K. ALEX

Kiliyilathu House
Kayamkulam

ജനനം
10-10-1936



മരണം
26-08-2011

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം"


Inserted by loving family

26th Death Anniversary of

OOMMEN SIMON

MANNAKUNNEL THAZHATHU VEEDU,
PATHANAMTHITTA P.O.

ON 07 AUGUST 2012



"Safe in the arms of Lord Jesus Christ"

Inserted by
Sorrowing Family

അനുരഞ്ജനത്തിന്റെ കൂദാശകൾ

ഈശ്വരന്റെ വരപ്രസാദങ്ങൾ മനുഷ്യനു പകർന്നു നല്കുന്ന ദിവ്യകർമ്മങ്ങളാണ് വേദപഠനത്തിൽ കൂദാശകൾ. ഈശ്വര ചൈതന്യത്തോട് താദാത്മ്യം പ്രാപിക്കലാണ് മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഈ വരങ്ങളും പ്രസാദങ്ങളും പകർന്നു കിട്ടുക എന്ന ദിവ്യമായ പ്രക്രിയ. ലൗകീകത്വത്തിന്റെ അടങ്ങാത്ത കൈകടത്തലുകളെ, സർവ്വം ഈശ്വരപ്രകൃതിയിൽ മാത്രം ദൃശ്യമാകുന്ന അന്യൂനമായ ആവിഷ്ക്കാരപാടവത്താൽ ക്രമപ്പെടുത്തിയിരിക്കുന്നു എന്നറിഞ്ഞ് നിരന്തരമായി ചെറുത്തു തോൽപ്പിക്കുന്ന മനുഷ്യന്റെ ജൈത്രയാത്രയാണ് വിജയിക്കുന്ന ഓരോ ആത്മീയ ജീവിതവും. എല്ലാം അതിന്റേതായ താളത്തിൽ പ്രകൃതിയിൽ കൂട്ടിയോജിപ്പിക്കപ്പെട്ടിരിക്കുന്നു. അദ്ധ്വാനവും പ്രാർത്ഥനയും ചേർന്ന ആ നല്ല നിലത്ത് നൂറുമേനി വിളയിക്കയേ വേണ്ടൂ. ഈയൊരു ബോധ്യമാണ് ശരിയായ ഈശ്വരയാശ്രയത്വം. ഈ ബോധ്യത്തിനു നിരക്കാത്ത പരാക്രമങ്ങളാണ് മറ്റൊരർത്ഥത്തിൽ ഏതൊരു പാപവും.



മിനി ആന്റണി I.A.S.,
(ജില്ലാ കളക്ടർ, കോട്ടയം)

ബലി പൂർണ്ണമാകുന്നത് അനുരജ്ഞനത്തിലൂടെ പൂർണ്ണതയിലെത്തിയ വെൺശോഭയുള്ള മനസ്സുകൊണ്ട് അത് അർപ്പിക്കുമ്പോൾ മാത്രമാണെന്ന് ക്രിസ്തുതന്നെ ഓർമ്മിപ്പിക്കുന്നുണ്ട്. പൊറുക്കാൻ കഴിയാത്ത മാനസിക അവസ്ഥയെന്നു പറയുമ്പോൾ അതിൽ എന്തെല്ലാം വരാം? സൃഷ്ടാവിനോട്, പ്രകൃതിയോട്, സഹജനോട്, അവനവനോടുതന്നെ പ്രഖ്യാപിക്കുന്ന എല്ലാ കലഹങ്ങളും ഇതിൽപ്പെടും. ആധുനിക ജീവിതത്തിൽ എവിടെയും ദൃശ്യമാകുന്ന അന്തമില്ലാത്ത മത്സരങ്ങൾ, പ്രകൃതിക്കു നേരെയുള്ള കൈയ്യേറ്റങ്ങൾ ഇവയെല്ലാം മനസ്സിലാക്കപ്പെടേണ്ടത് ഈ വിശകലനത്തിന്റെ പശ്ചാത്തലത്തിലാണ്. പ്രപഞ്ചസൃഷ്ടിയിൽ ദൃശ്യമാകുന്ന സമജ്ഞസമായ സമ്മേളനത്തിൽ ഈശ്വരൻ തന്നെ സന്തോഷിച്ചു എന്ന് ഉല്പത്തി പുസ്തകത്തിൽ പറയുന്നുണ്ട്. മനുഷ്യന്റെ അത്യാർത്തിപൂണ്ടുള്ള കൈയ്യേറ്റങ്ങൾക്കു വിധേയമായി ഈ സംന്തുലനാവസ്ഥ തകർക്കപ്പെടുമ്പോൾ എന്താണ് ക്രൈസ്തവ ധർമ്മം? എന്തായിരിക്കണം ക്രൈസ്തവ സഭകൾക്ക് ഇക്കാര്യത്തിലുള്ള നിലപാട്? നന്നായി ചിന്തിച്ചു രൂപപ്പെടുത്തിയെടുക്കേണ്ട ഒരു ഉത്തരവും ഒരു നിലപാടും ഒരു നയവും ഒരു സാക്ഷ്യവുമാണിത്.

ഭൗതികപുരോഗതിയുടെ അടിസ്ഥാനത്തിൽ മാത്രം ജീവിതത്തിന്റെ വിജയം അളക്കപ്പെടുമെന്നു വരുമ്പോൾ സ്വാഭാവികമായും അവിടെ താനൊഴികെയുള്ള ഇതരചൈതന്യങ്ങളെല്ലാം വിസ്മരിക്കപ്പെടുന്നു. ഈശ്വരനും പ്രകൃതിയും സഹജീവിയുമെല്ലാം ഇത്തരത്തിൽ തിരസ്ക്കരിക്കപ്പെടുന്നതോ വിസ്മരിക്കപ്പെടുന്നതോ ആക്രമിക്കപ്പെടുന്നതോ ആയ ചൈതന്യവിശേഷങ്ങളാണ്. ഈ മൂന്നിനോടുമുള്ള അനുരഞ്ജനം സാധ്യമാകാത്തിടത്ത് കേവല വിജയം ഭൗതികതലത്തിൽ താത്ക്കാലികമായി അനുഭവിക്കുമെങ്കിലും ആന്തരിക സമാധാനം ആത്യന്തികമായി അന്യമാകുന്നു. മനസ്സ് സംഘർഷ കലുഷിതമാകുന്നു. ക്രമേണ ആ സംഘർഷങ്ങൾ കുടുംബത്തിലേക്കും സമൂഹത്തിലേക്കും വ്യാപിക്കുന്നു. സാമൂഹിക കലാപങ്ങൾ, പ്രകൃതി ചൂഷണം കൊണ്ടുണ്ടാകുന്ന വൻദുരന്തങ്ങൾ, ഒരേ വഴിയിലൂടെ ചരിക്കുന്നവർ തമ്മിൽ പോലുമുണ്ടാകുന്ന മത്സരങ്ങൾ തുടങ്ങി യുദ്ധങ്ങൾ വരെ പൊട്ടിപ്പുറപ്പെടുന്നത് കേവലം വ്യക്തികളുടെ മനസ്സിൽ മാത്രമായി ആരംഭിക്കുന്ന ആർത്തി

കളിൽ നിന്നാണ്. അടിസ്ഥാന ആത്മീയ വഴികളിൽ നിന്ന് പാളം തെറ്റിയോടുന്ന, പൊരുത്തപ്പെടലുകൾക്ക് വശംവദരാകാത്ത അശാന്തിമാത്രം പേറുന്ന മനസ്സുകൾക്കുടയോരെയാണ് സുഖപ്പെടുത്തുവാൻ ക്രൈസ്തവവിശ്വാസവും ചിന്തയും കൊണ്ട് സാദ്ധ്യമാകേണ്ടത്. "സൗഖ്യമുള്ളവർക്കല്ല രോഗികൾക്കാണല്ലോ വൈദ്യരെക്കൊണ്ടാവശ്യം"

മതം എന്നാൽ അഭിപ്രായം എന്ന് അർത്ഥം. അത് ഒരുവന്റെ അഭിപ്രായമാണ്; നന്നായി ബോധ്യം വന്ന ദർശനമാണ്. ആ ദർശനത്തിലൂന്നിയ മനസ്സ് അചഞ്ചലവുമായിരിക്കും. ആ ദർശനം ഈശ്വരനെയും പ്രപഞ്ചത്തെയും അപരനെയും ഉൾക്കൊണ്ടുകൊണ്ടുള്ളതാവണം. 'ഉൾക്കൊള്ളുക' എന്നാൽ ഉള്ളിൽ പേറുക എന്നു തന്നെയാണർത്ഥം. അപ്പോൾ അവയുടെ സാന്നിദ്ധ്യത്തെ ആദ്യം അറിയുന്നു; അംഗീകരിക്കുന്നു, പിന്നെ സഹിഷ്ണുതാപൂർവ്വം ഉള്ളിൽ കരുതിക്കൊണ്ട് കുടിയിരുത്തുകയും ചെയ്യുന്നു. അതാണ് വേദപുസ്തകം പഠിപ്പിക്കുന്ന അനുരഞ്ജനം. ഉത്തമബലി നമസ്ക്കാരം തന്നെ. "ന" എന്നാൽ ഇല്ലാതെ എന്നും "മ" എന്നാൽ എന്റെ എന്നും അർത്ഥം. സ്വാർത്ഥതയില്ലാത്ത, ലൗകികാസക്തിയില്ലാത്ത ജീവിതമാണ് 'നമസ്ക്കാരം'. അതു തന്നെയാണ് ബലിയും.


ഓരോ ബലിയർപ്പണവും അനുരഞ്ജനത്തിന്റെ പ്രഖ്യാപനങ്ങളും ആഘോഷങ്ങളും കൊണ്ടുമാത്രം പൂർണ്ണതയിലെത്തുന്ന നമസ്ക്കാരങ്ങളാണ്. ക്രൈസ്തവ വിശ്വാസികളാണെങ്കിൽ ധൈര്യപൂർവ്വം ബലിയർപ്പിക്കേണ്ടേ? ആ ധൈര്യം വരുന്നത് ഈശ്വരന്റെ പരമാധികാരവും പ്രപഞ്ചത്തിന്റെ സംതുലനാവസ്ഥയും അന്യന്റെ അവകാശങ്ങളും അംഗീകരിച്ചു നല്കുന്ന അനുരഞ്ജനത്തിന്റെ ബോധ്യങ്ങളിൽ നിന്നു മാത്രമാണെന്നറിയാം. അപ്പോൾ അവിടെ ശാന്തിയുണ്ടാകും. വാഗ്ദാനമായി രക്ഷകൻ അരുൾച്ചെയ്ത "സന്മനസ്സുള്ളവർക്കു സമ്മാനമായ സമാധാനം"- അല്ലെങ്കിൽ ശാന്തിയെന്ന കുറേയേറെ ആഴത്തിലുള്ള ആത്മീയവരം. ബൃഹദാരേണ്യോപനഷിത്തിൽ പറയുന്ന ശാന്തിയെന്ന "പരസ്പര ധാരണയുളവാക്കുന്ന സമാധാനം" അഥവാ 'Peace that passeth under standing'.

■

നാഗ്പൂർ സെമിനാരി അഡ്മിഷൻ


നാഗ്പൂർ: നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി അടുത്ത ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബിരുദധാരികളായ ഓർത്തഡോക്സ് യുവാക്കൾക്ക് അപേക്ഷിക്കാം. അപേക്ഷാഫോം സെമിനാരി വെബ്സൈറ്റിൽ നിന്നും (www.stots.org) ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 200/- രൂപയുടെ MO/DD സഹിതം Principal, St. Thomas Orthodox Theological Seminary, Kalameshwar P.O., Nagpur-441501 എന്ന വിലാസത്തിൽ 2012 ആഗസ്റ്റ് 25-നകം അയയ്ക്കണം.

നമ്മിലൊരാൾ



കുരുവിള എം. ജോർജ് IRS

'സ്വപ്നവും, അതിന്റെ ലക്ഷ്യവും തമ്മിലുള്ള അന്തരം വലുതും, ലക്ഷ്യപ്രാപ്തിക്കുള്ള പാത ദുർഘടവും ആണെങ്കിലും ഇവയൊന്നും ഭാവിയെപ്പറ്റി സ്വപ്നം കാണുന്നതിന് തടസമല്ല'- പെരിയാറിന്റെ തീരത്ത്, ആലുവ ഫെഡറൽ ഗാർഡൻസിലെ വീട്ടിലിരുന്ന് കോട്ടയം, വാകത്താനം സെന്റ് ജോൺസ് വലിയ പള്ളി ഇടവകാംഗം മൈലയ്ക്കൽ പരേതനായ എം.കെ. ജോർജ്ജിന്റെയും, മേരി ജോർജിന്റെയും മകൻ ആദായനികുതി വകുപ്പ് അഡീഷണൽ കമ്മീഷണർ കുരുവിള എം. ജോർജ് IRS പറയുമ്പോൾ സ്വജീവിതം അതിനുദാഹരണം. സർക്കാർ ജോലി സ്വപ്നം ആയിരുന്ന കാലത്ത് കോട്ടയം സി.എം.എസ്. കോളജിലെ BSc. കെമിസ്ട്രിക്കുശേഷം All India Subordinate Service Commission നടത്തിയ Income Tax Inspectors പരീക്ഷ എഴുതി. പിന്നീട് 75% മാർക്കോടെ MSc. കെമിസ്ട്രി വിജയം അറിഞ്ഞ അന്നു തന്നെ Income





അവനോ വളരണം

Tax Inspector നിയമന ഉത്തരവും ലഭിച്ചു എന്നത് ദൈവനിയോഗം.

തങ്ങളെപ്പോലെ മകനും അദ്ധ്യാപകനാവുക എന്നതായിരുന്നു മാതാപിതാക്കളുടെ ആഗ്രഹമെങ്കിലും, മനുഷ്യജീവിതമെന്ന ശാസ്ത്രത്തെ കൂടുതൽ മനസ്സിലാക്കാൻ പറ്റുന്ന ഒരു വിഭാഗത്തിൽ സേവനം ചെയ്യാൻ സാധിക്കുന്നത് അനുഗ്രഹമായിക്കരുതി. 37 വർഷ കാലയളവിലെ ഏറ്റവും വലിയ നേട്ടം, ഈ വിഭാഗം മനുഷ്യൻ സ്നേഹിക്കുന്നതും, മനുഷ്യനെ സ്നേഹിക്കുന്നതുമായ ഒന്നായി മാറിവരുന്നതു കാണാൻ കഴിഞ്ഞു എന്നതാണ്. അതുകൊണ്ടു തന്നെ ഇതിലെ ഓരോ ജീവിതാനുഭവങ്ങളും ഓരോ പാഠങ്ങളാണ്. മറ്റുള്ളവർ ഭയത്തോടെ വീക്ഷിക്കുന്ന ഒരു വിഭാഗത്തിൽ എന്നെ ഭയത്തോടെ നോക്കാത്ത സാഹചര്യം സൃഷ്ടിക്കുക എന്നതാണ് തന്റെ പോളിസി.

മാതാപിതാക്കളിൽ നിന്നും, പിതൃസഹോദരൻ മൈലയ്ക്കൽ പരേതനായ വന്ദ്യ മർക്കോസ് കോറെപ്പിസ്ക്കോപ്പ അച്ചനിൽ നിന്നും തനിക്ക് ബാല്യത്തിൽ ലഭിച്ച ആദ്ധ്യാത്മികവും, ധാർമ്മികവുമായ ശിക്ഷണം വിലമതിക്കാനാവാത്ത നിധി ആണെന്നും പഴയ കാലത്ത് സ്വഭവനത്തിലെ ആദ്ധ്യാത്മികതയിൽ നിന്നും പ്രേരണയുൾക്കൊണ്ട് കുട്ടികൾ സൺഡേസ്ക്കൂളിലും, ആദ്ധ്യാത്മിക സംഘടനകളിലും സംബന്ധിച്ചിരുന്നുവന്നും, സംഘടനാസംവിധാനം വിപുലീകരിക്കുകയും, ഏകീകൃതമാവുകയും ചെയ്ത ഇക്കാലത്ത് ഇതിനോടുള്ള വിമുഖത ചിന്തിക്കേണ്ടതാണെന്നുമിദ്ദേഹം പറയുന്നു. ആദ്ധ്യാത്മികതയോടുള്ള താൽപര്യത്തെക്കാളുപരി ജീവിത സാഹചര്യങ്ങൾ പുഷ്ടിപ്പെടുത്തുവാനുള്ള അഭിനിവേശമാണിതിനു കാരണം.

മനുഷ്യനും സഭയും തമ്മിലടുക്കാൻ ആദ്ധ്യാത്മികത വർദ്ധിക്കണം. സഭാ ജീവിതം സ്വഭാവമായി നാം വളർത്തേണ്ടതാണ്. രക്ഷ (2 തിമോ. 3:14,15) എന്ന ആഗ്രഹം വി. സഭ കൂടിയേ നിറവേറൂ എന്നും, ഞാൻ ആത്മീകനെന്ന് ഒരാൾ പറയുമ്പോൾ അത് പ്രവൃത്തികളിൽക്കൂടി വെളിവാകേണ്ടതാണെന്നും, പ്രവൃത്തികൾ പരിശുദ്ധാത്മ പ്രചോദിതമാകണമെന്നും (ഗലാ. 5:22) ഇദ്ദേഹം പറയുന്നു.

സഭയുടെ വർക്കിംഗ് കമ്മറ്റിയിലേക്ക് പ. കാതോലിക്കാബാവാ തിരുമേനിയാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഇദ്ദേഹത്തിന് സഭയെക്കുറിച്ചും സ്വപ്നങ്ങളുണ്ട്. കാലഘട്ടത്തിനനുസരിച്ച് ആദ്ധ്യാത്മികതയെ ഊട്ടിഉറപ്പിക്കുവാൻ ഇനിയും പരിശ്രമിക്കണം. സഭയുടെ വിഭവശേഷിയുടെ ഒരു ഭാഗം ഭരണത്തിനായും, ഒരു ഭാഗം സഭയുടെ ഭാവിയായ യുവാക്കളുടെ ക്ഷേമത്തിനായും ഒരു ഭാഗം ആദ്ധ്യാത്മിക സംഘടനകളുടെ ഏകോപനത്തിനായും ഉപയോഗിക്കണം. Church for the people എന്നത് അർത്ഥപൂർണ്ണമാകുന്നതിവിടെയാണ്. അതു തന്നെയായിരിക്കണം ഏറ്റവും ശ്രേഷ്ഠമായ ശതാബ്ദി ചിന്ത-"ആടിനെ തേടി വരുന്ന ഇടയൻ"

ജോലിയുടെ ഭാഗമായി മദ്രാസ്, തമിഴ്നാട്, കോയമ്പത്തൂർ, സേലം എന്നിവിടങ്ങളിൽ താമസിച്ചപ്പോഴെല്ലാം അവിടെയുള്ള ഓർത്തഡോക്സ് പള്ളികളിൽ താൽക്കാലിക അംഗത്വം, ഇപ്പോൾ തൃക്കുന്നത്ത് സെമിനാരി പ്പള്ളി ഇടവകാംഗം. M.G.O.C.S.M. ന്റെ സജീവ പ്രവർത്തകൻ. 1996-ൽ ആയിരത്തോളം പേരെ പങ്കെടുപ്പിച്ച് എറണാകുളത്തു നടത്തിയ കോൺഫ്രൻസ് ദീപ്തസ്മരണയാണ്. ആലുവ ഫെലോഷിപ്പ് കൗൺസിൽ മെമ്പർ, ചർച്ച് വീക്കിലി എഡിറ്റോറിയൽ ബോർഡംഗം എന്നിവയാണ് ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന മറ്റു പദവികൾ. തിരുവല്ല, കണ്ടത്തിൽ പരേതനായ കെ.കെ. ജോർജ്ജിന്റെ മകളും ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസിൽ മാനേജരുമായ ലീല ജോർജ് ഭാര്യ. വിവാഹിതയായ അഞ്ജുമേരി, അനിൽ എന്നിവർ മക്കൾ.

> **ആരാധനയുടെ സത്ത നഷ്ടപ്പെടാതെയുള്ള ഭാഷാശുദ്ധി ഇനിയും കൂടുതലായാവശ്യമാണ്.**

മലങ്കരസഭ മാസിക പരിചയപ്പെടുത്തുന്ന സഭയിലെ പ്രധാന വ്യക്തികളെ സഭയുടെ മുഖ്യശ്രേണിയിലേക്ക് ആകർഷിക്കുവാനുള്ള പദ്ധതികൾ രൂപീകരിക്കണം. സഭാഭരണത്തിൽ പ്രത്യക്ഷമായി പങ്കെടുക്കാൻ സാധിക്കാത്ത ഇങ്ങനെയുള്ളവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് സഭയുടെ പൊതുനന്മയ്ക്കായി ഉപയുക്തമാക്കണം. ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി പഴയസെമിനാരിയിലെ സോഫിയ സെന്ററിൽ വിളിച്ചുചേർത്തിരുന്ന Laymen Conference ഇതിനുദാഹരണം. ആഗോള തലത്തിലേക്ക് വളരുന്ന സഭയ്ക്ക് ഇത് വളരെയേറെ സഹായകരമാണ്. പ. സിനഡിന്റെ നിയന്ത്രണത്തിൽ ആരാധനാക്രമങ്ങൾ വിവിധ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യുന്നത് ശ്രേഷ്ഠമാണ്. സഭയുടെ ഭാവിയുടെ അടിസ്ഥാനം മറ്റു പ്രദേശങ്ങളിൽ ദൃഢപ്പെടുത്തുന്നതിനുള്ള പ്രധാന ഘടകം ഇതാണ്. ആരാധനയുടെ സത്ത നഷ്ടപ്പെടാതെയുള്ള ഭാഷാശുദ്ധി ഇനിയും കൂടുതലായാവശ്യമാണ്. പ. സുന്നഹദോസും, വൈദിക സെമിനാരികളും ഇതിൽ ആഴമായ പഠനം നടത്തണം. മികച്ച പ്രഭാഷകനും, ചിന്തകനും കൂടിയായ ഇദ്ദേഹം അവസാനിപ്പിക്കുന്നത് തന്റെ ജീവിതത്തിന് വിളക്കായ പ്രാർത്ഥനയോടെയാണ്. മാതൃ ഇടവകയുടെ കാവൽ മദ്ധ്യസ്ഥന്റെ പ്രാർത്ഥന-"അവനോ വളരണം-ഞാനോ കുറയണം."


ഏബ്രഹാം ശെമ്മാശൻ, പുതുപ്പള്ളി

പ്രഭാഷണം

സഖറിയാ മാർ നിക്കോളാവോസ്

ഇടവക ഭരണത്തിൽ സ്ത്രീകൾ ഉൾശക്തിവളർത്തണം

സ്ത്രീകളുടെ സ്വാതന്ത്ര്യവും അവകാശവും ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥിതിയിലേക്ക് സഭ മാറിയിരിക്കുന്നു. അത് ഇടവക തലത്തിൽ ഫലപ്രദമായ സ്ത്രീ-പുരുഷ കൂട്ടായ പ്രവർത്തനങ്ങളിലേക്ക് വളർന്നു വരണം.




വേദശാസ്ത്ര വിഷയങ്ങളുടെ അവതരണത്തിലും ഭാഷയിലും പുരുഷ കാഴ്ചപ്പാടുകളാണ് സഭയിലും സമൂഹത്തിലും തലമുറകളായി ഉള്ളത്. ഈ സംസ്കാരത്തിലാണ് നാം നിലനിൽക്കുന്നത്. ഇത് വ്യത്യസ്തമായി കാണുവാനും വ്യാഖ്യാനിക്കുവാനുമുള്ള കാഴ്ചപ്പാടുണ്ടാകണം. സ്ത്രീയെ കീഴ്പ്പെടുത്തുന്ന വ്യാഖ്യാനങ്ങളും ദർശനങ്ങളും പഠിപ്പിക്കുന്നത് സ്ത്രീ വിരുദ്ധ സംസ്കാരത്തിന്റേതാണ്. സദൃശ്യവാക്യങ്ങളിൽ നല്ല ഭാര്യയെകിട്ടണമെന്നുണ്ട്, നല്ല ഭർത്താവിനെക്കുറിച്ചുള്ള വിവരണങ്ങളില്ല. സഭയും സംസ്ക്കാരവും നമ്മെ ശീലിപ്പിച്ചിരിക്കുന്നത്, 'സ്ത്രീ അടിച്ചമർത്തപ്പെടണം' എന്ന സന്ദേശമാണ് കാലങ്ങളായി നൽകിക്കൊണ്ടിരുന്ന ഈ സമീപനത്തിന് മാറ്റമുണ്ടാകണം.

മലങ്കര ഓർത്തഡോക്സ് സഭയുടെ 2011-ലെ സുന്നഹദോസ് അംഗീകരിച്ച സ്ത്രീ പ്രാതിനിധ്യ ബില്ല് എല്ലാ സമിതികളിലും 33 ശതമാനം സംവരണം സ്ത്രീകൾക്കു നൽകണമെന്നായിരുന്നു. എന്നാൽ അത് പുരുഷ സംഘമായ നമ്മുടെ സഭാ മാനേജിംഗ് കമ്മറ്റി നിഷേധിക്കുകയും തിരുത്തുകയും ചെയ്തു. ഇടവക തലത്തിൽ സ്ത്രീകൾക്ക് ഭരണത്തിൽ എത്തിയാൽ മതി എന്നാക്കി. എന്നാൽ സഭകളുടെ ഉന്നത സമിതികളിലേക്കുള്ള പങ്കാളിത്തത്തിനും പ്രാതിനിധ്യത്തിനുമുള്ള നേതൃത്വവും പോരാട്ടവും സ്ത്രീകളിൽ നിന്നും ഉണ്ടാകണം.

ഇടവക ജീവിതത്തിൽ സജീവമായ ആത്മീയത നിലനിർത്തുന്ന വിഭാഗമാണ് സ്ത്രീകൾ. എന്നാൽ സഭയിലും സമൂഹത്തിലും കാലാന്തരമായി നിലനിന്ന സ്ത്രീയെ നിശ്ശബ്ദമാക്കുന്ന പഠിപ്പിക്കൽ മൂലം സ്ത്രീകൾ സഭയിലെ ഉത്തരവാദിത്വങ്ങൾ എടുക്കുവാൻ മടികാണിക്കുകയും പുരുഷന്മാർ അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്ത്രീകൾ ഇടവക യോഗത്തിൽ ഇരിക്കരുത് എന്ന മുൻബോധ്യത്തോടെയാണ് ഇപ്പോഴും സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച് പ്രസ്താവിക്കുന്നതും, വിഷയങ്ങൾ അവതരിപ്പിക്കുന്നതും.





സ്ത്രീകളുടെ അവകാശത്തെക്കുറിച്ച് എല്ലായിടത്തും ക്രിയാത്മകമായ അവബോധം ഉണ്ടാകണം. അവനവന്റെ അവകാശത്തെക്കുറിച്ചുള്ള ബോധ്യം വേണം. യേശുവിന്റെ മാതാവായ മറിയത്തിന്റെ ഗീതത്തിലെ അവസാനഭാഗത്ത് 'ബലവാന്മാരെ, സിംഹാസനത്തിൽ നിന്നും ഇറക്കിവിടും' എന്നാണ്. 'മറിച്ചിടും' എന്നിടത്ത് അല്പം ആക്രമണ സ്വഭാവം ഉണ്ടെന്ന് ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. അധികാരം കീഴടക്കിയ ഒരു ബലസങ്കല്പത്തിന്റെ മാതൃകാവ്യതിയാനം സംഭവിക്കുകയാണ്. ബലമായി അധികാരത്തിൽ നിലനിന്ന ഒരു സംഘം സ്ത്രീകൾക്കായി വാതിൽ തുറന്നു കൊടുക്കുവാൻ നിയമപരമായി സഭയിൽ ബാധ്യത ഉണ്ടായി എന്നത് പ്രത്യേകം ശ്രദ്ധിക്കണം.

'വിവാഹം' ക്രിസ്തുവിൽ ഒന്നാകുന്ന കൂദാശയാണ്. ഉടമ-അടിമ സ്വഭാവമല്ല ഭാര്യക്കും ഭർത്താവിനും ഉണ്ടാകേണ്ടത്. 'ക്രിസ്തുവിൽ ഒന്നാകുന്നു' എന്ന ബോധ്യം സ്ത്രീപുരുഷന്മാർക്ക് ഉണ്ടാകണം. ഭരണഘടനാ വ്യവസ്ഥിതിയിൽ സ്ത്രീകൾക്ക് വോട്ടവകാശം കൊടുത്തു എന്നതിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയാൽ നിലനിന്ന 'അനീതി' നീക്കി എന്നു തിരിച്ചറിയണം. സ്ത്രീകളോട് മലങ്കര സഭ ഓർത്തഡോക്സ് സഭ ചെയ്ത ദൈവനിഷേധമാണ് സ്ത്രീകൾക്ക് വോട്ടവകാശം നിഷേധിച്ചത് എന്ന് അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനി എപ്പോഴും പറയാറുണ്ട്.

വളരെക്കാലമായി സ്ത്രീകൾക്കെതിരെ നിലനിന്ന നീതി നിഷേധം ഇപ്പോൾ പരിഹരിക്കപ്പെട്ടിരിക്കുകയാണ്. സമൂഹത്തിൽ മാറിയ വ്യവസ്ഥിതി തിരിച്ചറിഞ്ഞ് ഇടവകയിലെ ഭരണക്രമീകരണത്തിൽ സ്ത്രീകൾക്ക് വോട്ടവകാശം നൽകിയിരിക്കുന്നു. അവ ഫലപ്രദമായി പ്രയോജനപ്പെടുത്തി സഭയിലും സമൂഹത്തിലും സ്ത്രീ നേതൃത്വ നിര വളർന്നു വരുവാൻ സാധിക്കണം.

നമ്മുടെ നമസ്ക്കാര ക്രമങ്ങളിൽ സ്ത്രീകളെ ശപിക്കുന്നതായ ചില പ്രാർത്ഥനകൾ ഉണ്ട്. ഇവ ഉച്ചരിച്ച് പ്രാർത്ഥിക്കുമ്പോൾ നമ്മിൽ അസ്വസ്തയുണ്ടാകും. സ്ത്രീകൾക്ക് കിട്ടിയ ഭരണപരമായ അവകാശം സന്തോഷത്തോടെ സ്വീകരിക്കണം. സ്ത്രീകളെ ഭരണത്തിൽ ഉൾക്കൊള്ളുവാൻ കഴിയണം. വിവിധ തരത്തിലുള്ള പ്രോത്സാഹനങ്ങളും ബോധനങ്ങളും ഇതിനായി ഉണ്ടാകണം. വേദ അടിസ്ഥാനങ്ങളും പിതാക്കന്മാരുടെ പഠിപ്പിക്കലുകളും കണ്ടെത്തി സ്ത്രീ നേതൃത്വത്തെക്കുറിച്ച് സ്ത്രീ-പുരുഷന്മാരെ പഠിപ്പിക്കുവാൻ കഴിയണം. സ്ത്രീകളും പുരുഷന്മാരും ചേർന്നുള്ള ഇടവക ശുശ്രൂഷ എപ്പോഴും നീതിപൂർവ്വമായിരിക്കും.

ലോകത്ത് സ്ത്രീകൾ കുറഞ്ഞുവരുന്ന രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഉണ്ടാകുന്ന പ്രതിഫലനങ്ങളാണ് സഭയിലും എത്തുന്നത്. എന്നാൽ സ്ത്രീകൾക്ക് അടിസ്ഥാന പരമായി ലഭിക്കേണ്ട അവകാശം പോലും സഭയിൽ എത്തുവാൻ 2011 വരെ കാത്തിരിക്കേണ്ടിവന്നു. ഇടവക തലത്തിൽ ഇതു ഫലപ്രദമാക്കുന്നതിനുള്ള ശക്തമായ പിന്തുണയും നേതൃത്വവും സ്ത്രീകളിൽ നിന്നുണ്ടാകണം. സ്ത്രീകളുടെ ഉൾശക്തി തിരിച്ചറിഞ്ഞ് ഇടവക ഭരണരംഗത്തേക്ക് വരണം. തുടർന്ന് സാമൂഹിക രാഷ്ട്രീയ മേഖലകളിലും ഉത്തമ സ്ത്രീനേതൃത്വം ഉണ്ടാകണം.

സഭയിൽ ക്രിസ്തു ശൈലിയിൽ കേന്ദ്രീകൃതമായ നേതൃത്വം ഉണ്ടാകണം. സ്ത്രീകൾക്കും പുരുഷന്മാർക്കും പങ്കാളിത്തം ഇടവകകളിൽ ശക്തിപ്പെടണം. സഭയിലെ മാറ്റങ്ങൾക്കായുള്ള ആഹ്വാനങ്ങൾ പൂർണ്ണമായും ഇടവക തലത്തിൽ ഉൾക്കൊള്ളുവാൻ വൈദികർക്കും സ്ത്രീ-പുരുഷന്മാർക്കും കഴിയണം. ഇത് നിയമപരമായി ഒരു നിർബന്ധമാകാതെ സ്വാഭാവികമായി ഭരണക്രമീകരണങ്ങളിൽ സ്ത്രീകൾ പങ്കു ചേരണം. സഭയിൽ ഭരണരംഗത്ത് സ്ത്രീ പുരുഷ വേർതിരിവുകൾ ആവശ്യമില്ല. സ്ത്രീകളുടെ സ്വാതന്ത്ര്യവും അവകാശവും ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥിതിയിലേക്ക് സഭ മാറിയിരിക്കുന്നു. അത് ഇടവക തലത്തിൽ ഫലപ്രദമായ സ്ത്രീ-പുരുഷ കൂട്ടായ പ്രവർത്തനങ്ങളിലേക്ക് വളർന്നു വരണം.

അമേരിക്കയിലെ മിക്ക ഇടവകകളും സ്ത്രീകൾക്ക് ഇടവക ഭരണത്തിൽ പങ്കാളിത്തം നൽകുകയും സ്ത്രീകൾക്ക് അതിനുള്ള സ്വാതന്ത്ര്യം ലഭിക്കുകയും അവർ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നു. ഇടവക തലത്തിൽ സ്ത്രീ നേതൃത്വം ഉറപ്പാക്കുന്ന പ. കാതോലിക്കാ ബാവായുടെ കല്പന സമ്പൂർണ്ണമായും അംഗീകരിക്കുവാൻ ഒരു പരിധി വരെ ഇവിടെ കഴിയുന്നു.

(ന്യൂയോർക്കിൽ നടന്ന നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കപ്പിൾസ് കോൺഫറൻസിൽ നടത്തിയ മുഖ്യപ്രഭാഷണം, ജൂൺ 2, 2012)



പൗലോസ് മാർ പക്കോമിയോസ്

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കുറിച്ചി കോലത്തുകളത്തിൽ കെ. കെ. ജോണിന്റെയും മറിയാമ്മ ജോണിന്റെയും രണ്ടാമത്തെ പുത്രനായി 1946 ജനുവരി 26-ന് ജനിച്ചു. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെയും, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെയും കുടുംബാംഗമായതിനാൽ ബാല്യകാലത്തുതന്നെ ആദ്ധ്യാത്മിക തീക്ഷ്ണതയോടെ വളർന്നുവന്നു. ചിങ്ങവനം സെന്റ് തോമസ് സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ നിന്നും ഫിസിക്സിൽ ബി.എസ്.സി. ബിരുദം നേടിയശേഷം 1968-ൽ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്നു.

കൽക്കട്ട ബിഷപ്സ് കോളജിൽ നിന്നും ബി.ഡി. ബിരുദം കരസ്ഥമാക്കി. 1978-80 വരെ ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തി. ഇംഗ്ലണ്ടിലെ ലീഡ്സ് സർവ്വകലാശാലയിൽ നിന്നും എം.റ്റി.എച്ച്. ബിരുദം നേടി.

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് 1973-ൽ ശെമ്മാശുപട്ടം നൽകി. 1974 ജനുവരി 8-ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് വൈദികപട്ടം നൽകി. ഫാദർ പൗലോസ് ഒ.ഐ.സി. എന്ന പേരിൽ മലങ്കരസഭ മുഴുവൻ ധ്യാനഗുരുവായി അറിയപ്പെട്ടു. 1986-93 വരെ ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി പ്രവർത്തിച്ചു.

കോട്ടയം മെഡിക്കൽ കോളജ് ചാപ്പൽ, ചങ്ങനാശ്ശേരി, റാന്നി-പെരുനാട്, ലണ്ടൻ, വടശ്ശേരിക്കര എന്നിവിടങ്ങളിൽ ദീർഘകാലം വൈദിക ശുശ്രൂഷ നിർവ്വഹിച്ചു.

1992 സെപ്റ്റംബർ 10-ന് പരുമലയിൽ നടന്ന മലങ്കര അസോസിയേഷൻ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1992 ഡിസംബർ 18-ന് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, റമ്പാൻ സ്ഥാനം നൽകി.

1993 ആഗസ്റ്റ് 16-ന് പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, 'പൗലോസ് മാർ പക്കോമിയോസ്' എന്ന നാമത്തിൽ എപ്പിസ്ക്കോപ്പയായി വാഴിച്ചു. ഇടുക്കി, അങ്കമാലി ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 2002 ആഗസ്റ്റ് 10-ന് രൂപീകൃതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി. ഹ്രസ്വമായ കാലയളവിൽ മാവേലിക്കര ഭദ്രാസനം ദ്രുതഗതിയിൽ വളർന്നു.

മലങ്കരസഭാ റിലീജിയസ് കമ്മിറ്റി സെക്രട്ടറി, സണ്ടേസ്കൂൾ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി മെമ്പർ, ബാലികാമഠം സ്കൂൾ ഗവേണിങ്ങ് ബോർഡ് മെമ്പർ, മാർത്തമറിയം സമാജം പ്രസിഡന്റ്, കാതോലിക്കേറ്റ് & എം.ഡി. സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1993 മുതൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ആയിരുന്നു. പരുമല സെമിനാരി കൗൺസിൽ അംഗം, കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. നിരവധി എക്യുമെനിക്കൽ സമിതികളിലും പ്രവർത്തനങ്ങളിലും പങ്കുചേർന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ വിദ്യാഭ്യാസ സമിതിയിലും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിലും മലങ്കരസഭയെ പ്രതിനിധീകരിച്ചു.

കിഴക്കമ്പലം ദയറാ, റാന്നി ഹോളി ട്രിനിറ്റി ആശ്രമം എന്നിവയുടെ വിസിറ്റർ ബിഷപ്പ് ആയിരുന്നു. ഹരിപ്പാട് ബാലഭവൻ, ചേപ്പാട് മാർ ദീവന്നാസിയോസ് വൃദ്ധ ഭവൻ എന്നിവയുടെ പ്രസിഡന്റ് ആയിരുന്നു. മാവേലിക്കര ഭദ്രാസനത്തിൽ നിന്നും 2012-ൽ ആരംഭിച്ച 'തെയോനാദം' മാസികയുടെ സ്ഥാപക പ്രസിഡന്റ് ആണ്. ■

സംതൃപ്തിയോടെ വിടവാങ്ങി...

കഴിഞ്ഞ കുറെ വർഷങ്ങളായി ഞാൻ രോഗബാധിതനായിരുന്നു. പക്ഷേ! രോഗം എന്നെ ബാധിച്ചു എന്ന യാഥാർത്ഥ്യം എന്നെ കീഴ്പ്പെടുത്തുവാൻ ഞാൻ അനുവദിച്ചില്ല എന്നതാണ് സത്യം. രോഗാവസ്ഥയിലാണെന്ന് അറിയാമായിരുന്നിട്ടും ശാരീരിക അവശതകൾ ഏറെയുണ്ടായിരുന്നിട്ടും പരിശുദ്ധ സഭയുടെ ഒരു ആവശ്യങ്ങളിൽ നിന്നുപോലും ഞാൻ മാറിനിന്നിട്ടില്ല. കാരണം ഈ സഭയാണ് എന്നെ ഞാനാക്കിയത്. ഈ സഭയാണ് എന്നെ നയിക്കുന്നത്. ഈ സഭയുടെ അന്തസ്സും, പാരമ്പര്യങ്ങളും, ശ്രേഷ്ഠതയും എന്റെ പ്രാണനോളം വിലപ്പെട്ടതായി ഞാൻ കാണുന്നു. ഇത് ദൈവത്തിന്റെ സഭയാണ്. ഇതിനെ ഒരു ശക്തിക്കും തകർക്കുവാൻ ആവില്ല. ഈ സഭയിൽ ശാശ്വതസമാധാനം കൈവരും എന്നുള്ളത് എന്റെ സ്വപ്നവും പ്രത്യാശയുമാണ്. എന്റെ രോഗാവസ്ഥകളിൽ എന്നെ ശുശ്രൂഷിച്ച കോലഞ്ചേരി, പരുമല, ലേക്ക്-ഷോർ എന്നീ ആശുപത്രികളിലെ ഡോക്ടർമാരോടും എല്ലാ സ്റ്റാഫുകളോടും ഉള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. എന്റെ സുഹൃത്ബന്ധത്തിൽ ഉൾപ്പെട്ട രാഷ്ട്രീയ-മത-സാംസ്ക്കാരിക നേതാക്കന്മാരോടുള്ള സ്നേഹവും ഹൃദയത്തിൽ സൂക്ഷിക്കുന്നു...

അരമനനിർമ്മാണത്തിനുണ്ടായ കടബാദ്ധ്യതകൾ എല്ലാം തീർത്തു എന്ന സംതൃപ്തിയോടെയാണ് ഞാൻ യാത്രയാകുന്നത്..... ■

യാത്രയുടെ നാൾവഴി...

മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലിത്തായ്ക്ക് കരൾ സംബന്ധമായ അസുഖം ബാധിച്ചിരുന്നു. ശാരീരിക അസ്വസ്തതകൾ ഉണ്ടായിരുന്നെങ്കിലും സഭാ കാര്യങ്ങളിൽ അത്യുത്സാഹത്തോടെയാണ് ഇടപെട്ടത്. സാമൂഹിക-രാഷ്ട്രീയ ബന്ധങ്ങളിലും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലും സജ്ജീവ സാന്നിധ്യമായിരുന്നു.

2012 ജൂലൈ 21-ന് ശനിയാഴ്ച ശാരീരിക അസ്വസ്ഥതയെ തുടർന്ന് ഉച്ചയ്ക്ക് മൂന്നിന് പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

22 ഞായർ

രാവിലെ 5.30 ന് പരുമല ചാപ്പലിലെ പ്രാർത്ഥനയിൽ സംബന്ധിച്ചു. ഉച്ചയ്ക്ക് 3 മണിക്ക് റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ നടന്ന സ്ഥാപന കൂദാശയിൽ പങ്കെടുത്തു. കബറിടത്തിൽ എത്തിയ പദയാത്രികരെ ആശിർവദിച്ചു.

23 തിങ്കൾ

മാവേലിക്കര അരമനയിൽ വിശ്രമിച്ചു. വൈകിട്ട് അരമനയിൽ എല്ലാവരേയും വിളിച്ചു സംസാരിച്ചു. തമാശകൾ പറഞ്ഞു. എറണാകുളം ലേക്ഷോർ ആശുപത്രിയിൽ പോകുന്നതിനായി തയ്യാറെടുത്തു. നേരത്തെ ഉറങ്ങി.

24 ചൊവ്വ

പതിവിലും നേരത്തെ ഉണർന്നു. ഏഴുമണിക്ക് യാത്ര തിരിക്കുവാനായി തയ്യാറായി പ്രാർത്ഥന നടത്തി. അരമനയുടെ മുമ്പിലെത്തി. അല്പം കഴിഞ്ഞപ്പോൾ വീണ്ടും ചാപ്പലിൽ കയറി പ്രാർത്ഥിച്ചു. 11 മണിയോടെ ലേക്ഷോർ ആശുപത്രിയിൽ എത്തി. ആശുപത്രിയിൽ അഡ്മിറ്റു ചെയ്തു.

27 വെള്ളി

വൈകിട്ട് കിതയ്ക്കുവാൻ തുടങ്ങി. ശാരീരിക ക്ഷീണം വർദ്ധിച്ചു. 4 മണിയോടെ ഐ.സി. യൂണിറ്റിലേക്ക് മാറ്റി. ഡോ. ഫിലിപ്പ് അഗസ്റ്റിൻ തീവ്രപരിചരണ വിഭാഗത്തിൽ എത്തി ആവശ്യമായ ശുശ്രൂഷകൾ നൽകി.

28 ശനി

രാവിലെ ശ്വാസംമുട്ടൽ അനുഭവപ്പെട്ടു. 11 മണിക്ക് കൊല്ലം ഭദ്രാസനാധിപൻ സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലിത്തായുടെ മുഖ്യകാർമ്മികത്വത്തിൽ തൈലാഭിഷേക ശുശ്രൂഷ നടത്തി (അന്തോണിയോസ് തിരുമേനി ലേക്ഷോർ ആശുപത്രിയിൽ ചികിത്സയിലാണ്).

തുടർന്ന് പ. കാതോലിക്കാ ബാവാ, ഡോ. സഖറിയ മാർ അപ്രേം, മാത്യൂസ് മാർ തോവോദോസ്യോസ്, യൂഹാനോൻ മാർ പോളികാർപ്പോസ് എന്നിവർ ആശുപത്രിയിൽ എത്തി പ്രാർത്ഥന നടത്തി.


പ. ബാവാ തിരുമേനി നടത്തിയ പ്രാർത്ഥനയിൽ പക്കോമിയോസ് തിരുമേനി പ്രാർത്ഥനകൾ ഏറ്റു ചൊല്ലി. 12 മണിയോടെ പരുമല പള്ളിയിൽ നിന്നും കൊണ്ടുവന്ന വിശുദ്ധ കുർബാന അനുഭവിച്ചു.

29 ഞായർ

പക്കോമിയോസ് തിരുമേനിയെ സന്ദർശിച്ച അഭി. തിരുമേനിമാരോടും വൈദികരോടും കുശലപ്രശ്നം നടത്തി.

30 തിങ്കൾ

ദീർഘമായ ഉറക്കം. രാവിലെ ഉണർന്നപ്പോൾ നെഞ്ചിനകത്തു വേദന. 'രണ്ടു ദിവസം കഴിയുമ്പോൾ പോകണം' എന്നു പറഞ്ഞു. ഉച്ചയോടെ വളരെ ക്ഷീണിതനായി തീർന്നു.



ഭൗതീക ശരീരം പൊതുദർശനത്തിനായി മാതൃദേവാലയമായ കുറിച്ചി വലിയ പള്ളിയിൽ...

31 ചൊവ്വ

രാവിലെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സന്ദർശിച്ചു. 'കുഞ്ഞൂഞ്ഞ് എവിടെ നിന്നു വരുന്നു എവിടേക്ക് പോകുന്നു' എന്ന് എഴുതി ചോദിച്ചു. ഐ.സി.യു. വിൽ നിന്നു മുറിയിലേക്ക് മാറ്റണമെന്ന് എഴുതി. ആശുപത്രി ചെലവിന് പണം ആവശ്യമെങ്കിൽ ചെക്കു കൊണ്ടുവന്നാൽ ഒപ്പിട്ടു തരാമെന്നു എഴുതി.

2012 ആഗസ്റ്റ് 1 ബുധൻ

രാവിലെ അഞ്ചിന് ശ്വാസതടസം നേരിട്ടു. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പ്രാർത്ഥന.

രാവിലെ 9 മണിക്ക് കാലം ചെയ്തു.

2012 ആഗസ്റ്റ് 2 വ്യാഴം


അന്ത്യവിശ്രമം 2012 ആഗസ്റ്റ് 2-ന് വൈകുന്നേരം 5-ന് റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ. പ. കാതോലിക്കാ ബാവായും സഭയിലെ മറ്റ് മെത്രാപ്പോലീത്തന്മാരും കബറടക്ക ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ■

ബഥനിയിൽ മൂന്നാമത്തെ കബറിടം

മലങ്കര ഓർത്തഡോക്സ് സഭയിലെ ആദ്യത്തെ ആശ്രമമായ റാന്നി പെരുനാട് ബഥനിയിൽ മൂന്നാമത്തെ കബറിടം. അലക്സിയോസ് മാർ തേവോദോസിയോസ് (1938 -1965), യൂഹാനോൻ മാർ അത്താനാസിയോസ് (1978-1980) എന്നിവരുടെ കബറിടം ഇവിടെയാണ്. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ ഭൗതിക ശരീരം കബറടക്കിയതും ബഥനിയിലാണ്. നൂറ് ഏക്കറിൽ അധികം വിസ്തൃതവും പ്രകൃതിരമണീയവുമായ ബഥനി ആശ്രമം 1918-ൽ മുണ്ടൻമലയിൽ പ്രാരംഭമിട്ടു. 1920-ൽ ആശ്രമ പ്രസ്ഥാനമായി വളർന്നു.

അന്ത്യവിശ്രമം റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ

മാർ പക്കോമിയോസിന് കണ്ണീർമൊഴി...



1946-2012
2012 August 1: 9.00 A.M.

മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായ്ക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി. കബറടക്കം ആഗസ്റ്റ് 2-ന് റാന്നി-പെരുനാട് ബഥനി ആശ്രമത്തിൽ നടത്തി.

ആഗസ്റ്റ് ഒന്നിന് രാവിലെ അഞ്ചിന് ശ്വാസതടസം നേരിട്ടതിനെ തുടർന്ന് സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കെ രാവിലെ 9 മണിക്ക് പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ (66) കാലം ചെയ്തു.

കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് എറണാകുളത്ത് സ്വകാര്യ ആശു ▸▸

അന്ത്യ സന്ദേശം

മലങ്കര ഓർത്തഡോക്സ് സഭയാണ് എന്നെ ഞാനാക്കിയത്. ഈ സഭയാണ് എന്നെ നയിക്കുന്നത്. സഭ എന്റെ പ്രാണനോളം വിലപ്പെട്ടതായി ഞാൻ കാണുന്നു. ഇത് ദൈവത്തിന്റെ സഭയാണ്. ഇതിനെ ഒരു ശക്തിക്കും തകർക്കുവാൻ ആവില്ല. ഈ സഭയിൽ ശാശ്വതസമാധാനം കൈവരും എന്നുള്ളത് എന്റെ സ്വപ്നവും പ്രത്യാശയുമാണ്.

5th DEATH ANNIVERSARY

09.08.2012



CHERIAN VARKEY

MANALEL (MELPADOM)
THOLICODE P.O.
NEDUMANGAD

15th DEATH ANNIVERSARY

31-08-2012



AMMUKUTTY GEORGE

AMPRAYIL, THIRUVALLA

നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

ഫ്ളാറ്റ് വിവാദം

അലയൻസ് ഹാബിറ്റാറ്റ് പ്രതിസ്ഥാനത്ത്

കൊച്ചി:- തൃപ്പൂണിത്തറ മേഖലയിൽ ഒരു പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ടാണ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വെൽഫെയർ ഫൗണ്ടേഷൻ പ്രവർ ത്തനം ആരംഭിച്ചത്. പള്ളിക്കു സമീപം സഭാവിശ്വാസികളുടെ വീടുകൾ കൂടി ഉണ്ടാകുവാൻ വേണ്ടി വൈറ്റില പള്ളിക്കാരൻ കൂടിയായ ശ്രീ. ജിറ്റോ ജോസഫ് മാനേജിംഗ് ഡയറക്ടറായ അലയൻസ് ഹാബിറ്റാറ്റ് ആന്റ് റിയൽ എസ്റ്റേറ്റ് ഇൻഡ്യ Pvt. Ltd. നെ പള്ളിയും വീടും എന്ന ആശയത്തിനായി നിർമ്മാണച്ചുമതലകൾ ഭരമേല്പിക്കുകയും ചെയ്തത്. പദ്ധതിയും ധനശേഖരണവും മുൻനിരയിൽ നിന്ന് നടത്തിയ ജിറ്റോ ഒടുവിൽ പണവുമായി മുങ്ങുകയായിരുന്നു. ഫൗണ്ടേഷൻ ഇപ്പോൾ വിഷമവൃത്തത്തിലാണ്. ഫ്ളാറ്റു കമ്പനിക്കാരനെ കാണാനേയില്ല. ടിയാന്റെ അക്കൗണ്ടിലേക്കായിരുന്നു പണം ട്രാൻസ്ഫർ ചെയ്തിരുന്നത്. ഏതായാലും ജിറ്റോയ്ക്കെതിരെ ഐജിക്ക് പരാതി നല്കുകയും കേസന്വേഷണം തൃക്കാക്കര അസി. കമ്മീഷണറെ ഏല്പിച്ചിരിക്കുകയുമാണ്. ഫൗണ്ടേഷൻ ഭാരവാഹികൾ ഉന്നയിക്കുന്ന കാര്യങ്ങൾ പ്രസക്തമാണ്.

i) ഇടപാടുകൾ ടി. ജിറ്റോ നേരിട്ടാണ് നടത്തിയിരിക്കുന്നത് രേഖകൾ കൈമാറിയതുൾപ്പെടെ

ii) നിക്ഷേപകരുടെ പേർക്ക് നൽകിയ ചെക്ക് അലയൻസ് ഹാബിറ്റാറ്റിന്റേതാണ് മടങ്ങിയിരിക്കുന്നത്; ഫൗണ്ടേഷന്റെ ചെക്കുകൾ കൃത്യമാണ്.

iii) തട്ടിപ്പ് ബോധ്യമായപ്പോൾ തന്നെ നിക്ഷേപകരെ വിളിച്ചു കൂട്ടി കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഏതായാലും കൊതിമൂത്തിരുന്ന പട്ടിക്ക് മാങ്ങാണ്ടി കിട്ടിയ മാതിരി സൂര്യ റ്റി.വിയും, കേരള കൗമുദിയുമൊക്കെ ചർവ്വിത ചർവ്വണം നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനിടെ പ്രതിയായ ജിറ്റോ സ്വർഗ്ഗീയ വിരുന്നിൽ ശരണപ്പെട്ടതായും വാർത്തകളുണ്ട്. 'നുഹറോ' എന്ന വാക്ക് പദ്ധതിക്കു വേണ്ടി ഇട്ടുപോയതിൽ പരിഭവിക്കുകയാണ് ഫൗണ്ടേഷൻ.

- ഫാ. തോമസ് കെ. ഏലിയാസ്

▶▶

പത്രിയിൽ ചികിത്സയിലായിരുന്നു.

ഭൗതീക ശരീരം എറണാകുളം, കോട്ടയം, കുഴിമറ്റം ബഥനി ആശ്രമം, കുറിച്ചി വലിയപള്ളി, പരുമലപള്ളി, പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ എന്നിവടങ്ങളിലൂടെ ഭദ്രാസനാസ്ഥാനമായ തെയോഭവൻ അരമനയിൽ രാത്രി 11 മണിയോടെ വിലാപയാത്രയായി എത്തിച്ചു.

ആഗസ്റ്റ് 2-ന് രാവിലെ തെയോഭവൻ അരമനയിൽ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് കബറടക്ക ശുശ്രൂഷകൾ നടന്നു. ഭൗതീക ശരീരം വിലാപയാത്രയായി പന്തളം, പത്തനംതിട്ട, മൈലപ്ര, വടശ്ശേരിക്കര വഴി റാന്നി പെരുനാട് ആശ്രമത്തിൽ കൊണ്ടുവന്നു. സമാപന പ്രാർത്ഥനകൾക്ക് റാന്നി -പെരുനാട് ആശ്രമത്തിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായും മലങ്കര സഭയിലെ മറ്റ് മെത്രാപ്പോലീത്തന്മാരും നേതൃത്വം നൽകി.

വൈകിട്ട് അഞ്ചു മണിയോടെ ഭൗതിക ശരീരം ബഥനി ആശ്രമ ചാപ്പലിൽ കബറടക്കി.

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സഭയുടെ ധീരനായ പുത്രനായിരുന്നുവെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ ബഥനിയിൽ നടത്തിയ അനുശോചന പ്രസംഗത്തിൽ പ്രസ്താവിച്ചു.

* * *

മലങ്കര ഓർത്തഡോക്സ് സഭയുടെ സാക്ഷ്യവും ജീവിതവും തപോനിഷ്ഠയും ഇടയ ശുശ്രൂഷയിൽ ഉൾക്കൊള്ളിച്ച പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റിന്റെ ഉൾഭരണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിനായി അക്ഷീണം യത്നിച്ചു.

പാവനസ്മരണയ്ക്ക്



അഭി. ജോസഫ് മാർ പക്കോമിയോസ്

Inserted by:

ജോസഫ് മാർ പക്കോമിയോസ് മെഡിക്കൽ സെന്റർ

പിറവം ഫോൺ: 0485-2243443, 2242727

പിറവത്തേയും സമീപപ്രദേശങ്ങളിലെയും
ജനങ്ങൾക്ക് ആശ്രയമായ ചികിത്സാകേന്ദ്രം

ഇവിടെ പ്രവർത്തിക്കുന്ന ഡോക്ടർമാരും വിഭാഗങ്ങളും

1.	ഡോ. രാജീവ് വേണുഗോപാൽ MD, DNB, D.Diab *(ചീഫ് ഫിസിഷ്യൻ & ഡയബറ്റോളജിസ്റ്റ്)*	ജനറൽ മെഡിസിൻ
2.	ഡോ. വിനോദ് രാഘവൻ MBBS, MD (ഫിസിഷ്യൻ)	
3.	ഡോ. സിബി ജോസഫ് MBBS, DCH	പീഡിയാട്രിക് വിഭാഗം
4.	ഡോ. മനോജ് കുമാർ ജെ. MBBS, D Ortho, MS Ortho	ഓർത്തോപീഡിക് വിഭാഗം
5.	ഡോ. Miss. സജി ജോൺ MBBS, MD, DNB	ഗൈനക്കോളജി വിഭാഗം
6.	ഡോ. വി.ഒ. പൗലോസ് MBBS, MS, FRCS *(Rtd. Prof. Medical College) (10 am - 1 pm)*	ജനറൽ സർജറി
7.	ഡോ. ജിഷ ജീൻ ജോൺ MBBS, DNB (Ortho)	ഓർത്തോപീഡിക്
8.	ഡോ. ഫിലിപ്പോസ് ജോൺ MBBS, MD, DM *(Thursday 11 am - 1 pm)*	കാർഡിയോളജി വിഭാഗം
9.	ഡോ. സിമി എസ്. MS (ENT), DLO (ഇ.എൻ.റ്റി, സർജൻ) *(Friday 2.30 pm - 5.30 pm)*	ഇ.എൻ.റ്റി വിഭാഗം
10.	ഡോ. ബീന മാത്യു MBBS, DDVL *(Wednesday 10 am - 1 pm)*	ത്വക്ക് രോഗം
11.	ഡോ. പ്രദീപ് കൃഷ്ണൻ MBBS	ആർ.എം.ഒ.
12.	ഡോ. ലീല ജെ. MBBS	ആർ.എം.ഒ.
13.	സിമി മാത്യു BPT	ഫിസിയോതെറാപ്പി
14.	ബിന്ദു കുര്യൻ MSc	മൈക്രോബയോളജി

24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലബോറട്ടറി, ഫാർമസി, എക്സറേ, സ്കാനിംഗ്, ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തീയേറ്ററുകൾ ICU ഒഫ്ത്താൽമിക് തിയേറ്റർ തുടങ്ങിയ സൗകര്യങ്ങളും നിലവിലുണ്ട്, ആംബുലൻസ് - മോർച്ചറി സൗകര്യം ലഭ്യമാണ്

ഈ ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന PEACE Foundation School of Nursing INC യുടേയും
അംഗീകാരത്തോടെ നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു.

സ്ത്രൈണം

രോഹിണി വർഗീസ്, തിരുവല്ല

മാതൃശ്രുതി

"All I am, or can be, I owe to my angel mother"
- Abraham Lincoln.

ഈശ്വരന് ലോകത്ത് എല്ലായിടത്തും ഓടിയെത്തുക വിഷമമായതുകൊണ്ട് തന്നെ സഹായിക്കാൻ അദ്ദേഹം അമ്മമാരെ സൃഷ്ടിച്ചു എന്നൊരു പഴഞ്ചൊല്ലുണ്ട്. അമ്മ എന്നാൽ ജീവിച്ചിരിക്കുന്ന ദൈവമെന്നു തന്നെ അർത്ഥമാക്കണം. "അമ്മേ, അവിടുത്തെ മുമ്പിൽ ഞാനാര്, ദൈവമാര്?" എന്നും കവി പാടുന്നു. ഒരു കുഞ്ഞു ജനിക്കുന്നതോടെ അതിനെക്കാൾ മഹത്വമുള്ള ഒരു വ്യക്തികൂടി ജനിക്കുകയാണ്; അമ്മ! ഒരമ്മയാവുന്നതോടെ ഒരു സ്ത്രീ പഴയൊരാളല്ല, എന്നെല്ലാം ലെബനീസ് കവി ഖലീൽ ജിബ്രാൻ.

ഒരമ്മയുടെ സ്നേഹവും പരിചരണവും നഷ്ടമാകുന്നത് ഒരു കുട്ടിക്ക് ഭാഗ്യം നഷ്ടമാവുകയാണ്. ഇക്കാലത്ത് നിസ്സാര കാരണങ്ങളാൽ തമ്മിൽ അടിച്ചു പിരിയുന്ന യുവദമ്പതികൾ ഇതൊക്കെ ഓർമ്മിച്ചിരുന്നെങ്കിൽ! ജന്മം കൊടുത്തതു കൊണ്ടു



മാത്രം ഒരു സ്ത്രീയും അമ്മയാകുന്നില്ല. വഴിവക്കിലും അമ്മത്തൊട്ടിലിലും കുഞ്ഞിനെ ഉപേക്ഷിക്കുന്നവരില്ലേ? സ്കാനിങ്ങ് നടത്തി പെൺകുഞ്ഞാണെങ്കിൽ ഭ്രൂണഹത്യ നടത്തി ഇല്ലാതാക്കുന്നവരില്ലേ? ജന്മം കൊണ്ടും കർമ്മം കൊണ്ടും അമ്മയാകണം. അതാണു മാതൃധർമ്മം - വി.കന്യകയെപ്പോലെ.

എല്ലാ അമ്മമാരിലും ഉന്നതയാണ് കന്യകമറിയം - ഹൃദയത്തിലൂടെ വാൾ കടന്ന അമ്മ. ബൈബിളിലും സാഹിത്യത്തിലും ഖുറാനിലുമെല്ലാം മേരി നിറഞ്ഞു നിൽക്കുന്നു.

"ഏറ്റവും സുന്ദരമായ നക്ഷത്രത്തെക്കാൾ സുന്ദരി" - വേഡ്സ് വർത്ത്

" രണ്ടാം ഹവ്വ" - ജോൺമിൽട്ടൻ

" പരമ സുന്ദരി, മൈലാഞ്ചിപ്പൂങ്കുല" - ഉത്തമഗീതം

"സ്ത്രീകൾക്കു മാതൃക, ദൈവകല്പനകൾക്കു കീഴ്‌വണക്കമുള്ളവൾ" - വി. ഖുറാൻ

തീരുമാനങ്ങളിൽ ധീര, ദീർഘവീക്ഷണമുള്ളവൾ, സന്മാർഗനിരത, കാരുണ്യവതി, ക്രിസ്തുവിനൊരുക്കിയ ശരീരം, മകനിലൂടെ ചരിത്രത്തിൽ ഇടം കണ്ടെത്തിയവൾ, മകന്റെ ശിഷ്യ, ദൈവപ്രസവിത്രി, ഇതിൽ കൂടുതൽ മഹത്വം മറ്റേതു സ്ത്രീക്കുണ്ട്?

ചരിത്രത്തിൽ പ്രസിദ്ധരായ മാതാക്കളുണ്ട്. സേവനത്തിന്റെ മകുടമണിഞ്ഞ മദർതെരേസ, സാഹിത്യരംഗത്തെ പ്രശസ്തരായ അമ്മമാരാണ് മാക്സിം ഗോർക്കിയുടെ ദൈവഭക്തയായ അമ്മയും, മലയാള കവിതയുടെ തറവാട്ടമ്മയായ ബാലാമണിയമ്മയും. ഇവരിലെല്ലാം - നന്മയുടെ അംശം ഉണ്ട്.

മക്കൾ നിറച്ചുണ്ണുമ്പോൾ സ്വന്തം വിശപ്പു മറക്കുന്ന അമ്മമാരായിരുന്നു പഴയകാലത്തുള്ളത്. ഏതു പാതിരാവിലും ഭർത്താവിനോ മകനോ വേണ്ടി അത്താഴവും വിളമ്പി അടച്ച് കാത്തിരിക്കുന്നവർ, അന്തിപ്പിച്ച കൊടുക്കുന്നവർ, പിടിഅരി മാറ്റി വയ്ക്കുന്നവർ, ശനിയാഴ്ചതോറും വരുന്ന ഭിക്ഷക്കാർക്കു ദാഹമകറ്റാൻ അടുക്കള വരാന്തയിൽ കഞ്ഞിവെള്ളക്കലവും, സംഭാര ഭരണിയും സൂക്ഷിക്കുന്നവർ.... കാരുണ്യത്തിന്റെ മൂർത്തിമദ്ഭാവങ്ങൾ.

ഒരു സ്ത്രീയും ഒരമ്മയും തമ്മിൽ പറയാനാവാത്ത അന്തരമുണ്ട്. കുഞ്ഞുങ്ങൾ ക്കുവേണ്ടി താനെന്തോ ചെയ്തു എന്ന് അമ്മയ്ക്കു തോന്നുകേയില്ല. അതിലവൾ സന്തോഷവതിയാണ്. പനിച്ചു വിറച്ചു മയങ്ങുമ്പോൾ നെറ്റിയിൽ പഴന്തുണി നനച്ചിട്ട്, ഇളം ചൂടുവെള്ളത്തിൽ ഗ്ലൂക്കോസ് ചേർത്തിളക്കി വരണ്ട ചുണ്ടുകളിൽ ചേർത്തു വച്ചു തന്ന എത്രയോ രാവുകൾ! സ്കൂൾ യൂണിഫോം ഇട്ടു വരുമ്പോൾ മുടിയിൽ 'ആയിരം കാലൻ' പിന്നൽ മെടഞ്ഞു വച്ച് ഭംഗിയാക്കുന്ന ഹെയർ ഡ്രസ്സർ, കൂട്ടുകാരെ വീട്ടിൽ കൊണ്ടുവന്നാൽ മന്ത്രവടി ഉഴിഞ്ഞതുപോലെ ഞൊടി നേരം കൊണ്ട് മേശയിൽ വിഭവങ്ങൾ നിരത്തുന്ന ഷെഫ്, സണ്ടേസ്കൂൾ മത്സരങ്ങൾക്കു പാട്ടു പഠിപ്പിച്ചു തരുന്ന മിടുക്കിയായ സംഗീത ടീച്ചർ, സന്ധ്യയ്ക്കു മെഴുകുതിരി കൊളുത്തുവാനും, ദേവാലയ ആരാധനകളിൽ കൃത്യനിഷ്ഠ പാലിക്കുവാനും നിഷ്ക്കർഷിക്കുന്ന കുടുംബിനി, തൊടിയിൽ മഴവെള്ളം സൃഷ്ടിച്ച കൊച്ചു പുഴയിൽ പനിയും ചുമയും കാര്യമാക്കാതെ വാഴപ്പിണ്ടി വെട്ടി ഇട്ട്, വേലക്കാരി പെൺകുട്ടിയോടൊപ്പം തുഴഞ്ഞു നടന്നതിനു ചുട്ട അടി തന്ന ദേഷ്യക്കാരി, അടുക്കളത്തിരക്കിനിടയിലും സമയം കണ്ടെത്തി ക്ലാസ്സ്നോട്സ് പകർത്തി തന്നു സഹായിച്ച കൂട്ടുകാരി..... അമ്മേ, നിനക്കെത്ര ഭാവങ്ങൾ!

ചെറുപ്പത്തിൽ ഉണർന്നെണീറ്റ് അടുക്കളയിലേക്ക് ചെല്ലുമ്പോൾ കാണുന്ന ഒരു പതിവു കാഴ്ചയുണ്ടായിരുന്നു. അടുക്കള വാതിലിൽ നിറഞ്ഞ പാൽക്കുപ്പിയും നീട്ടിത്തന്ന് പുഞ്ചിരിക്കുന്ന ഒരു പെറ്റിക്കോട്ടുകാരി. കൂടെ പാൽക്കുപ്പികൾ നിറച്ച സഞ്ചിയുമായി ഒരു പാവാടക്കാരിയും, അവളുടെ വിരലിൽ തൂങ്ങി, വള്ളി നിക്കറിട്ട ലേശം ബുദ്ധിമാന്ദ്യമുള്ള ഒരു

ശേഷം 36-ാം പേജിൽ



വേരുചുരുൾ-3

കൈവെയ്പ്

- ദൈവം നേരിട്ടു വിളിച്ചവനും കൈവയ്പുണ്ടാകണം
- പ. പൗലോസ് ശ്ലീഹാ പുരോഹിതനായിരുന്നു
- അനുവാദ കല്പനയില്ലാതെ പ്രവർത്തനം അസാധ്യം.
- കൈവെയ്പിന്റെ തുടർച്ചയില്ലാതെ സഭയാകില്ല.
- കപട വേലക്കാർ അപ്പോസ്തോലന്മാരുടെ വേഷം ധരിക്കും
- കള്ള ക്രിസ്തുക്കൾ അത്ഭുതങ്ങൾ കാണിക്കും

യോഹന്നാൻ-20:22-23 ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെമേൽ ഊതി. അവരോട് പരിശുദ്ധാത്മാവിനെ കൈകൊൾവിൻ, ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കും-ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു.

മത്തായി 23:8-10- നിങ്ങളോ റബ്ബീ എന്നു പേരെടുക്കരുത്. ഒരുവനെത്രെ നിങ്ങളുടെ ഗുരു നിങ്ങളോ എല്ലാവരും സഹോദരന്മാർ-ഭൂമിയിൽ ആരേയും പിതാവ് എന്ന് വിളിക്കുത് ഒരുവനത്രെ നിങ്ങളുടെ പിതാവ്. സ്വർഗ്ഗസ്ഥൻ തന്നെ-നിങ്ങൾ നായകന്മാർ എന്നു പേരെടുക്കരുത് ഒരുവനത്രെ നിങ്ങളുടെ നായകൻ ക്രിസ്തുതന്നെ.

തന്റെ ശ്ലീഹന്മാരെ മഹാപുരോഹിതരാക്കി കഴിഞ്ഞുള്ള നിർദ്ദേശമാണിത് -അവരെ ഗുരുക്കന്മാരുടെ ഗുരുക്കന്മരായും-പിതാക്കന്മാരുടെ പിതാക്കന്മാരായും -നായകന്മാരുടെ നായകന്മാരായും-നിയമിച്ചിട്ട് സഭയെ അവരെ ഭരമേൽപ്പിച്ചു.

യോഹന്നാൻ 21:15-23-തന്റെ ഉയർപ്പിനുശേഷം തിബർയ്യൂസ്സ് കടൽക്കരയിൽ വച്ച് പത്രോസിനോട്-കുഞ്ഞാടുകളേയും-പെണ്ണാടുകളേയും ആടുകളേയും ഭരമേൽപ്പിക്കുന്നതായി ക്കാണുന്നു-

എഫേസി 1:22-23-സർവ്വവും അവന്റെ കാൽ കീഴാക്കി വച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി. എല്ലാറ്റിലും എല്ലാം നിറക്കുന്ന അവന്റെ നിറവായിരിക്കുന്ന-അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു.

ശ്ലൈഹികം-ശ്ലീഹന്മാരുടെ കാലം

എബ്രായ-6:1-2 അതുകൊണ്ട് നിർജ്ജീവ പ്രവർത്തികളെക്കുറിച്ചുള്ള മാനസാന്തരം. ദൈവത്തിങ്കലെ വിശ്വാസം-സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം -കൈവയ്പ് മരിച്ചവരുടെ പുനരുത്ഥാനം-എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നേയുമിടാതെ. നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ട് പരിജ്ഞാന പൂർത്തിപ്രാപിപ്പാൻ ശ്രമിക്കുക.

പൗരോഹിത്യം താനെ ഉണ്ടാകുന്നതോ എടുക്കാകുന്നതോ-എടുക്കുന്നതോ അല്ല. പിന്നെയോ ദൈവവിളി-കൈവെയ്പ് മുതലായവയാൽ മാത്രം കിട്ടുന്നവയാണ് കർത്താവു ശ്ലീഹന്മാർക്കും ശ്ലീഹന്മാർ അവരുടെ പിൻഗാമികൾക്കും അങ്ങനെ പരമ്പരയെന്നോയോളം നിലനില്ക്കണം.

എബ്രായർ 5:4-എന്നാൽ അഹരോനെപ്പോലെ ദൈവം വിളിച്ചവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല.

നടപ്പുകൾ 13:3-അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവച്ചു അവരെ പറഞ്ഞയച്ചു. പൗലൂസ് ശ്ലീഹായെ ദൈവം നേരിട്ടു വിളിച്ചവനാണല്ലോ-എന്നാൽ കൈവയ്പിനാൽ മാത്രമാണല്ലോ ശ്ലീഹാസ്ഥാനം ലഭിച്ചത്. അതാണു നാം മുകളിൽ കണ്ട വാക്യം.

ചിലർ വേദപുസ്തകം ദുർവ്യാഖ്യാനം ചെയ്ത് പൗരോഹിത്യം ക്രിസ്തുവിൽ അവസാനിച്ചു എന്നും പുതിയ നിയമ സഭയിൽ പൗരോഹിത്യമില്ലന്നും വാദിക്കുന്നു-കർത്താവിന്റെ ശേഷം പൗരിഹത്യമുണ്ടായിരുന്നു എന്നു കണ്ടാൽ ഇവരുടെ വാദം വെറും പൊള്ളയാണെന്നും പൗരോഹിത്യം ലഭിപ്പാൻ സാധ്യമല്ലാത്തതിനാൽ ആ കൂട്ടർ ഇങ്ങനെ വാദിക്കുകയാണെന്നും മനസിലാക്കാം.

പൗലോസ് ശ്ലീഹാ എന്തു പറയുന്നു എന്നു നോക്കാം.

റോമർ 15:15-16-ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ട് ജാതികളിൽ ക്രിസ്തുയേശുവിന്റെ ശുശ്രൂഷകനായിരിക്കേണ്ടുന്നതിന് ദൈവം എനിക്കു നൽകിയ കൃപനിമിത്തം നിങ്ങളെ ഓർമ്മപ്പെടുത്തും വണ്ണം ഞാൻ ചിലേടത്ത്. അതിധൈര്യമായി ഞാൻ നിങ്ങൾക്കെഴുതിയിരിക്കുന്നു-

മുകളിൽ നാം കണ്ട വാക്യം പൗലോസ് ശ്ലീഹാ പുരോഹിതനാണ ന്നാണല്ലോ.

ഈ നൽവരം പൗലൂസ് ശ്ലീഹാ നൽകുന്നു

നടപ്പുകൾ 14-23- അവൻ സഭതോറും അവർക്ക് പട്ടക്കാരെ (മൂപ്പന്മാരെ) നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു.

നടപ്പുകൾ 15:24-ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെയിടയിൽ നിന്നും പുറപ്പെട്ട് നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു.

ഇവിടെ നാം കാണുന്നത് ശ്ലീഹന്മാരുടെ അനുവാദമില്ലാതെ ആർക്കും ഒന്നും ചെയ്‌വാൻ കഴികയില്ല-

നടപ്പുകൾ 16-4-അവർ പട്ടണം തോറും ചെന്ന് യറുശലേമിലെത്തി അപ്പോസ്തോലന്മാരും മൂപ്പന്മാരും വിധിച്ച നിർണ്ണയങ്ങൾ പ്രമാണിക്കേണ്ടതിന് അവർക്കേല്പിച്ചു കൊടുത്തു.

നടപ്പുകൾ 20:17-38-അവർ എപ്പേസൂസിലേക്കാളയച്ച് സഭയിലെ പട്ടക്കാരെ വരുത്തി അവരോടു പറഞ്ഞത്.

28-ാം വാക്യം-നിങ്ങളെ തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വച്ച ആട്ടിൻകൂട്ടം മുഴുവനേയും സൂക്ഷിച്ചുകൊൾവീൻ-

റോമർ 10:14-15-എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും-അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും-പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും-ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും.

പൗലൂസ് ശ്ലീഹാ എങ്ങനെയുള്ളവരെ മേൽപട്ടക്കാരും-പട്ടക്കാരും-ശെമ്മാശന്മാരും ആക്കണമെന്ന്-മേൽപട്ടക്കാരനായ തീമോത്തിയൂസിനു നിർദ്ദേസം കൊടുക്കുന്നു-

1 തീമോത്തി 3-1-16 വരെ

1 തീമോത്തി 5:17-നന്നായി ഭരിക്കുന്ന പട്ടക്കാരെ-പ്രത്യേകം വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവരെ തന്നെ ഇരട്ടിമാനത്തിനു യോഗ്യരായി എണ്ണുക-

22-ാം വാക്യം-യാതോരുത്തന്റെ മേലും വേഗത്തിൽ കൈവയ്ക്കരുത്.

2-തീമോത്തി 1-6 എന്റെ കൈവയ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു.

തീത്തോസ് 1:5-6- ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നത് ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടന്നതിനും ഞാൻ നിന്നോടാജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ (പട്ടക്കാരെ) ആക്കിവെക്കേണ്ടതിനും തന്നെ.

മുകളിൽ നാം കണ്ട വ്യാഖ്യാനങ്ങൾ എല്ലാം-അപ്പോസ്തോല കൈവയ്പ്-ഇന്നയോളം തുടർച്ചയായി ഉള്ളവർക്കല്ലാതെ സഭയെന്ന് അവകാശപ്പെടുവാൻ ആർക്കും സാധ്യമല്ല-ആയതിനു വേദപുസ്തകത്തിൽ വാക്യവുമില്ല-ഇടക്കാലത്ത് പൊട്ടിപുറപ്പെട്ടതും-പട്ടത്വം കിട്ടാൻ സാധിക്കാത്തതുകൊണ്ട് പട്ടത്വം ആവശ്യമില്ലന്നു പഠിപ്പിക്കുകയും ചെയ്യുന്നു. ഈ കൂട്ടരെ സഭയെന്നു പറവാൻ പാടില്ല-

ശ്ലീഹന്മാരുടെ കൈവയ്പ്-അവരുടെ വിശ്വാസം-ഇവ നിലനിർത്തുന്നവർക്കു മാത്രമെ സഭയെന്നവകാശപ്പെടുവാൻ പാടുള്ളു-റോമ്മാ ലേഖനത്തിൽ നിന്നും നാം കണ്ടു. കർത്താവിനുശേഷവും പൗരോഹിത്യം ഉണ്ടായിരുന്നു എന്നും അതില്ലന്നു പറയുന്നവൻ വേദവിപരീതിയാണെന്നും-

ശ്ലീഹന്മാരുടെ ഉപദേശം മാറ്റുവാൻ ആർക്കും അധികാരമില്ല-

ഗലാത്തി-1-8-9-എന്നാൽ ഞങ്ങൾ നിങ്ങളോടറിയിച്ചതിന് വിപരീതമായി -ഞങ്ങളാകട്ടെ-സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷമറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻപറഞ്ഞതു പോലെ ഞാൻ ഇപ്പോൾ പിന്നേയും പറയുന്നു നിങ്ങളോട് കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ.

യൂദാ-3-ാം വാക്യം... വിശുദ്ധന്മാർക്കൊരിക്കലായി ഭരമേൽപിക്കുന്ന വിശ്വാസത്തിനും വേണ്ടി പോരാടേണ്ടതിന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യമെന്നെനിക്കു തോന്നി-

ശ്ലീഹന്മാരുടെ ഉപദേശവും കൈവയ്പും സ്വീകരിക്കാത്തവർ കള്ളന്മാരാണ്-

2 കോരി. 11-13-15 ഇങ്ങനെയുള്ളവർ കള്ള അപ്പോസ്തോലന്മാർ-കപടവേലക്കാർ-ക്രിസ്തുവിന്റെ അപ്പോസ്തോലന്മാരുടെ വേഷം ധരിക്കുന്നവർ അതാശ്ചര്യമല്ല-സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. (15-ാം വാക്യം) ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല. അവരുടെ അവസാനം അവരുടെ പ്രവർത്തിക്കൊത്തതായിരിക്കും.


മത്തായി 24-23-25- ഇതാ ക്രിസ്തു ഇവിടെ- അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്-കള്ളക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരേയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും ഓർത്തുകൊൾവീൻ ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു.

(പി.ഇ. സ്ക്കറിയ, പുന്നക്കാട്ടിന്റെ കണ്ടെടുക്കപ്പെട്ട പുരാതന ഡയറിക്കുറുപ്പുകളിൽ നിന്നും...) ■

പിൻകോഡ്

ദേവലോകം ബ്രാഞ്ച് പോസ്റ്റാഫീസ് പിൻകോഡ് അതിന്റെ അക്കൗണ്ട് ഓഫീസായ മുട്ടമ്പലം പോസ്റ്റാഫീസിന്റെ പിൻകോഡായ 686004 ആണ്. കത്തിടപാടുകൾ മലങ്കരസഭ മാസിക, ദേവലോകം, കോട്ടയം-686004 എന്ന വിലാസത്തിലാകണം.

For Favours Received



മാതൃശ്രുതി

33-ാം പേജിൽ നിന്നു തുടർച്ച...

നാലുവയസ്സുകാരനും. പാൽ വാങ്ങി വച്ചിട്ട് അമ്മ അടുപ്പത്തിരിക്കുന്ന അപ്പച്ചെമ്പു തുറന്ന് ആവി പറക്കുന്ന കൊഴുക്കട്ടയോ, വട്ടയപ്പമോ, ഏത്തപ്പഴമോ എടുത്ത് ഇലച്ചീന്തിലാക്കി നാലു വയസ്സുകാരന്റെ കുഞ്ഞിക്കൈയ്യിൽ വച്ചു കൊടുക്കുന്നു. അപ്പോഴവന്റെ മുഖത്തൊരു വികലമായ പുഞ്ചിരി വിടരും. ഞങ്ങളുടെ പ്രഭാത ഭക്ഷണത്തിന്റെ ആദ്യപങ്ക് എന്നും അവനു തന്നെ ആയിരുന്നു. ആ മൂവർ സംഘം കലപില ചിലച്ച് അടുത്ത വീട്ടിലേക്ക് ഓട്ടമാകും. ഈ കാഴ്ച കുറെ വർഷങ്ങൾ തുടർന്നിരുന്നു എന്നാണോർമ്മ.

സ്വന്തം മക്കൾ വടിവാളുകൾക്കിരയാകുന്നതു കണ്ട് ചങ്കുപൊട്ടുന്ന അമ്മമാരുടെ കാലമാണിത്. ഊട്ടിവളർത്തിയ കൈകൾക്കഭയം കൊടുക്കാൻ മടിക്കുന്ന, അമ്മയാര് പെങ്ങളാര് എന്നു തിരിച്ചറിവില്ലാത്ത ഒരു ഭ്രാന്തൻ തലമുറയുടെ നടുമുറ്റത്തു നിന്നുകൊണ്ട് പലതും കണ്ടില്ലെന്നു നടിച്ചും, അന്തംവിട്ടും, ഉള്ളു കലങ്ങിയും, ആർത്തലയ്ക്കുന്ന മൗനത്തിൽ ജീവിക്കുമ്പോൾ, "കന്യക മറിയമേ അമ്മേ, പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്" എന്നൊരു ഗദ്ഗദം മാത്രമേ പുറത്തേക്കു വരുന്നുള്ളു... ■

മലങ്കരസഭ

മാന്യ വായനക്കാരോട്

മലങ്കരസഭ മാസിക വന്ദ്യ വൈദികർക്ക് സൗജന്യ നിരക്കിൽ അയച്ചുകൊണ്ടിരിക്കുകയാണല്ലോ. എന്നാൽ പ്രിന്റിംഗിലും മറ്റും ഉണ്ടായ ക്രമാതീതമായ വർദ്ധന മാസികയുടെ പ്രവർത്തനങ്ങളെ സാമ്പത്തികമായി ബാധിക്കുന്നതിനാൽ 2012 സെപ്റ്റംബർ മുതൽ വാർഷിക വരിസംഖ്യയായി വന്ദ്യ വൈദികർ **100** രൂപ നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (വരിസംഖ്യ അടച്ച വൈദികർക്ക് ഇത് ബാധകമല്ല.)

മലങ്കരസഭയുടെ ആയുഷ്ക്കാല വരിക്കാരായ പ്രിയപ്പെട്ടവരോട് ഞങ്ങളുടെ സ്നേഹവും കടപ്പാടും പങ്കു വയ്ക്കുകയാണ് 1946 - ൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പ്രാർത്ഥനാപൂർവ്വം തുടങ്ങി വച്ച ഈ മഹത് പ്രസ്ഥാനം ആയുഷ്ക്കാല വരിക്കാരായ ആദ്യകാല സ്നേഹിതരുടെ പിൻബലത്തിലാണ് കെട്ടിപ്പെടുത്തിരിക്കുന്നത്. ആയുഷ്ക്കാല വരിസംഖ്യയ്ക്ക് സമാനമായ കാലാവധി ആരംഭകാലങ്ങളിൽ നിജപ്പെടുത്തിയിരുന്നില്ല എന്നതും ഈ അടുത്ത കാലം വരെ മാസിക മുടങ്ങാതെ അയച്ചിരുന്നുവെന്നതും ഓർക്കുമല്ലോ. എന്നാൽ മാസിക നടത്തിപ്പുമായി ബന്ധപ്പെട്ട കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് എഡിറ്റോറിയൽ ബോർഡിന്റെ ശുപാർശപ്രകാരം ആയുഷ്ക്കാല കാലാവധി 2012 എന്ന് നിജപ്പെടുത്തിയിരുന്നു. ഈ വിവരം ചൂണ്ടിക്കാട്ടി എല്ലാ ആയുഷ്ക്കാല വരിക്കാർക്കും കത്തുകളും അയച്ചിരുന്നു.

ഈ വിഷമഘട്ടത്തിൽ മാസികയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ആയുഷ്ക്കാല വരിസംഖ്യ മുൻപ് അടച്ചിട്ടുള്ളവർ വരുന്ന മാസം മുതൽ വാർഷിക **വരിസംഖ്യ (150)** തന്ന് സഹായിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

– പത്രാധിപർ

93-ാം വയസ്സിലും എഴുത്തും വായനയും



പ്രായവും ശാരീരിക അസ്വസ്ഥതകളും അലട്ടുമ്പോൾ ഒതുങ്ങിക്കൂടി വിശ്രമിക്കാനൊരുങ്ങുന്നവർക്ക്, ബദലായി ഇതാ ഒരു ഉത്തമ മാതൃക. പത്തനാപുരം താബോർ ദയറായിലെ ഡോ. എൻ. ജെ. തോമസ് റമ്പാൻ 93-ാം വയസ്സിലും ആക്ടീവാണ്.

എന്താണ് എഴുതുന്നതും വായിക്കുന്നതെന്നും ചോദിക്കരുത്. ഒരേ സമയം വിവിധ വിഷയങ്ങളിലൂടെ കടന്നു പോകയാണ് റമ്പാച്ചൻ. പത്തനാപുരം ദയറായുടെ ചരിത്രമാണ് ഒന്ന് തോമ്മാ മാർ ദിവന്നാസ്യോസ് എന്ന സി. എം. തോമസ് റമ്പാൻ ആശ്രമം തുടങ്ങിയ കൊടും ദാരിദ്ര്യത്തിന്റെ കാലം. ഓലപ്പുര, ധർമ്മശേഖരണം ദൈവത്തെ മനം തകർന്ന് വിളിച്ച കാലങ്ങൾ. കാട്ടു പത്തനാപുരത്തിന്റെ ഊഷര ഭൂമിയിൽ തൂമ്പായെടുത്തു കിളച്ചു പറമ്പിലാകെ പച്ചപ്പു വിരിച്ച കാലം സതീർത്ഥ്യരായ മറ്റൊരു കുഞ്ഞോമയും, സഖറിയായും (ഇപ്പോഴത്തെ വലിയ ബാവാ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമനും, കാലം ചെയ്ത സഖറിയ മാർ ദിവന്നാസോസും)

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം അതു മാത്രമായിരുന്നില്ല അന്നു ഞങ്ങളിൽ പകർന്ന ബോധം. നാലാമതായി ചാരിറ്റി അഥവാ (സ്നേഹം)....

പിന്നെ ഇവിടുത്തെ പുതിയ ബ്രദർമാർക്കുള്ള .... ബൈബിൾ ക്ലാസ്സുകൾ...

സന്യാസ പ്രസ്ഥാനം കേവലമൊരു ബ്രദർഹുഡല്ല അതിനപ്പുറമുള്ള ജീവിതശൈലിയാണെന്ന് റമ്പാച്ചൻ ഊന്നിപ്പറയുന്നു.

മാവേലിക്കര നടയ്ക്കാവ് പീടികയിൽ നിന്നും സ്ഥാപക പിതാവിന്റെ വിളി കേട്ട് എം.ഡി. സെമിനാരി, മൂവാറ്റുപഴ അരമന (മാർ തീമോത്തിയോസ്), തൃശ്ശിനാപ്പള്ളി ജർമ്മനിയിലെ മാർബൂൻ അൻസർ ലാൻ തിയോളജിയും സെക്കുലർ വിദ്യാഭ്യാസവുമൊക്കെ പഠിച്ചു കയറിയ വഴികൾ.... ജർമ്മനിയിൽ നിന്നായിരുന്നു ഡോക്ടറേറ്റ് ലഭിച്ചത്.

മലങ്കരസഭാ മാസികയുടെ ചീഫ് എഡിറ്ററായിരുന്ന 12 വർഷം സിനഡ് ഓഫീസ് സെക്രട്ടറിയായിരുന്നു. പത്തിലേറെ ഗ്രന്ഥങ്ങളുടെ രചയിതാവ്.

ബ്രഹ്മവാർ പള്ളിയിൽ ശുശ്രൂഷയനുഷ്ഠിച്ച കാലം സ്മരണയിൽ നിറഞ്ഞു നില്ക്കുന്നു. അൽവാറീസ് മാർ യൂലിയോസിനു ശേഷം ലത്തീൻ ലിറ്റർജിയിൽ നിലനിന്ന അവിടെയുള്ളവരെ മലങ്കരയിലെ വേദശാസ്ത്ര ദർശനങ്ങളിലേക്ക് തിരിച്ചുകൊണ്ടുവന്ന വഴി ശ്രമകരമായിരുന്നു. 150 കിലോമീറ്റർ അപ്പുറമുള്ള മാർത്തോമ്മ സഭയിലെ ഒരു അച്ചന്റെയരികിൽ പോയി കന്നട പഠിച്ചതും translitration നടത്തിയതും ആദ്യം വി. കുർബ്ബാന പിന്നീട് മാമോദീസാ, വിവാഹം, ശവസംസ്കാരം... ഇങ്ങനെ ലിപിരഹിതമായ കൊങ്ങിണിയുടെ ഭൂമികയിൽ നിന്നുകൊണ്ട് കന്നടയിലേക്ക് മലങ്കരയുടെ ആരാധനക്രമങ്ങൾ മൊഴിമാറ്റം ചെയ്തതുമായ ചരിത്രം...

അതൊരു തുടക്കമായിരുന്നു. പിന്നീട് ഔദ്യോഗികവും, ആധികാരികവുമായ നീക്കങ്ങളുണ്ടായി.

ഓടിക്കൊണ്ടിരിക്കുന്ന മെഷീന് റെസ്റ്റ് വേണം. കുറഞ്ഞപക്ഷം ഉപവാസത്തെ അങ്ങനെയെങ്കിലും കാണണം. ആഴ്ചയിൽ രണ്ട് ദിവസം ഇന്നും ഉച്ച വരെ ഉപവസിക്കുന്നു. മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെന്നല്ല... അലട്ടിയിട്ടില്ല.

? ഒരു സന്യാസിയെന്ന നിലയിൽ ജീവിതത്തെ ദർശിച്ചാൽ

നിയമങ്ങൾ അവനവൻ കർശനമാക്കണം. ഒരു കുസൃതി ചിന്തപോലും വ്യഭിചാരത്തിനു തുല്യമാകുമെന്നു കരുതണം. ഈ ബ്രഹ്മചര്യ ജീവിതത്തിലേക്ക് വന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

? ചോദ്യം അപ്രസക്തമാണ് എങ്കിലും... സമ്പാദ്യങ്ങൾ

സ്വകാര്യ അക്കൗണ്ട് ഇല്ല, ദയറായുടെ ഫോൺ ഉപയോഗിക്കുന്നു.... മൊബൈൽ ഇല്ല.

ഒരു ഇരുണ്ട ഇടനാഴിയിലെ മുറിക്കുള്ളിലിരുന്ന് കൂനിപ്പിടിച്ച് വിറച്ചെഴുതുന്ന വന്ദ്യ വയോധികന്റെ ആർഭാടങ്ങളേതുമില്ലാത്ത മുറി. പുസ്തകങ്ങൾ സഹചാരികളെപ്പോലെ ചിതറി കിടക്കുന്നു. ഒരു പെപ്സിയുടെ ഒന്നര ലിറ്റർ കുപ്പിയുടെ അടിഭാഗം മുറിച്ച് പേനാകൾ പറക്കിയിട്ടിരിക്കുന്നു. ഒരു പക്ഷേ ആഗോള കുത്തക സമ്പദ് വ്യവസ്ഥയുമായുള്ള റമ്പാച്ചന്റെ ഏക ബന്ധം ഇതായിരിക്കണം, ഈ പെൻ സ്റ്റാൻഡ്.

പഠിപ്പും വിവരവുമുള്ള ചില സന്യസ്തർ പഴി പറഞ്ഞ് ജീവിതത്തെ മടുപ്പിക്കുന്ന ഇക്കാലത്ത് വന്ദ്യ ഡോ. എൻ. ജെ. തോമസ് റമ്പാച്ചന്റെ വിറപൂണ്ട പൊട്ടിച്ചിരി ഹൃദയമാകെ നിറയ്ക്കുന്നതുപോലെ...

-ഫാ. മുകളിൽ

സെയ്ന്റ് തോമസ് ഓർത്തഡോക്സ് പള്ളി

ഗാസിയാബാദ്, ഉത്തർ പ്രദേശ്

ഡൽഹി ഭദ്രാസനത്തിലുൾപ്പെട്ട ഗാസിയാബാദ് സെയ്ന്റ് തോമസ്സ് ഇടവകയുടെ **മാർ പീലക്സീനോസ് ഭവന ദാന പദ്ധതി , കാതോലിക്കേറ്റ് ശതാബ്ദി ഭവന ദാന /വിവാഹ സഹായ പദ്ധതികളിലേക്ക്** നിർദ്ധനരായ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പദ്ധതികളിൻ പ്രകാരം ഒരു ഭവനത്തിന് ഒന്നര ലക്ഷം രൂപാ വീതം അഞ്ചു ഭവനത്തിനും ഒരു വിവാഹത്തിന് ഒരു ലക്ഷം രൂപാ വീതം രണ്ടു വിവാഹങ്ങൾക്കുള്ള സഹായവും താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ലഭിക്കുന്നതാണ്.

നിബന്ധനകൾ- ഭവന ദാന പദ്ധതി

1. അപേക്ഷക/ൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

2. ഇടവക വികാരി/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്തുകൾ വിശദമായി എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

3. അപേക്ഷകന് സ്വന്തം പേരിൽ കുറഞ്ഞത് മൂന്നു സെന്റ് ബാദ്ധ്യതകളില്ലാത്ത ഭൂമി ഉണ്ടായിരിക്കണം. ആധാരത്തിന്റെ ഒരു കോപ്പിയും കരമടച്ച രസീതിന്റെ കോപ്പിയും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

4. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകന് ഭവന നിർമ്മാണത്തിന്നായി പരമാവധി ഒന്നരലക്ഷം രൂപ അനുവദിക്കുന്നതാണ്. പണിയാൻ പോകുന്ന ഭവനത്തിന്റെ വിശദമായ പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിന്നായി ഗാസിയാബാദ് പള്ളി കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

5. ഇപ്രകാരം പണിയപ്പെടുന്ന ഭവനം കൈമാറ്റം ചെയ്യുകയോ ക്രയവിക്രയം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല. സഹായ ധനം പണിയുടെ പുരോഗതി വിലയിരുത്തി പല ഗഡുക്കളായി മാത്രമേ ലഭിക്കുകയുള്ളു.

6. സാമ്പത്തീക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡിന്റെ കോപ്പി & വരുമാന സർട്ടിഫിക്കറ്റ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

7. ഇപ്പോൾ താമസിക്കുന്ന ഭവനത്തിന്റെ ഫോട്ടോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

നിബന്ധനകൾ- വിവാഹ സഹായ പദ്ധതി

1. അപേക്ഷക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

2. ഇടവക വികാരി/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്തുകൾ, അപേക്ഷക സണ്ടേസ്കൂൾ പഠിച്ചതിന്റെ സാക്ഷ്യ പത്രം ഇവ വിശദമായി എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

3. സാമ്പത്തീക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡിന്റെ കോപ്പി & വരുമാന സർട്ടിഫിക്കറ്റ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

4. വിവാഹ വിളിച്ചുചൊല്ലു കുറിയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.


5. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകയ്ക്ക് വിവാഹ സഹായമായി പരമാവധി ഒരുലക്ഷം രൂപ അനുവദിക്കുന്നതാണ്.

സഹായ പദ്ധതികൾ സംബന്ധിച്ച് ഗാസിയാബാദ് സെയ്ന്റ് തോമസ് ഓർത്തഡോക്സ് ഇടവകക്കമ്മറ്റി എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.

അപേക്ഷകൾ 2012 ആഗസ്ത് 31ന മുമ്പായി

"Rev. Fr. Saji Yohannan , Flat No. SA.1, Sophia Apartments, Abhay Khand - IV, Indirapuram, Ghaziabad (U.P) Pin 201010" എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

ഫാ. ജേക്കബ് മാത്യു, കാരിച്ചാൽ, വൈദിക സെമിനാരി



2012 ഓഗസ്റ്റ് 19

വാങ്ങിപ്പും ശേഷം ഒന്നാം ഞായറും

(മത്താ. 12:46–50, യോഹ. 19:25–27, ലൂക്കോ. 6:39–45)

പരിശുദ്ധ സഭയുടെ മാതാവും രണ്ടാം സ്വർഗ്ഗമെന്നു വിശേഷിപ്പിക്കപ്പെടുന്ന പരി. കന്യകമറിയാം ഈ ലോകം വിട്ടതിനെ ഓർക്കുന്ന ദിനം വാങ്ങിപ്പ് ദിനമായി ആദരിക്കപ്പെടുന്നു. കന്യക മറിയാമിന്റെ മരണത്തിങ്കൽ സ്വർഗ്ഗവാസികളും കർത്ത്യശ്ലീഹന്മാരും ഒത്തുചേർന്ന് ആദരവ് സമർപ്പിക്കുവാൻ ഇടയാക്കി എന്ന് വിശ്വാസം. യേശുവിന്റെ ജനനത്തിനുള്ള അറിയിപ്പിന്റെ (വചനിപ്പ്) സമയത്തും തുടർന്ന് ഏലിശുബായാലും, വി. മറിയം ആദരിക്കപ്പെടുന്നതായി സുവിശേഷം. തുടർന്നുള്ള നൂറ്റാണ്ടുകളിൽ കന്യകമറിയാമിനെക്കുറിച്ച് ആദരവറിയിക്കുന്ന അനേകം പുസ്തകങ്ങൾ വിരചിതമായി. അവ അപ്പോക്രിഫൽ, ഭക്ത, ജീവചരിത്രപുസ്തകങ്ങളായി ലഭ്യമായപ്പോൾ മാതാവിനുള്ള വിശുദ്ധപദവി നിസ്സംശയം അംഗീകരിക്കപ്പെട്ട് ഉറപ്പിക്കപ്പെട്ടു. അങ്ങനെയുള്ള പാരമ്പര്യങ്ങൾ പരി. മാതാവിന്റെ വാങ്ങിപ്പിനെക്കുറിച്ച് ബഹുമാനം ചൊരിഞ്ഞ് വിവരിക്കുന്നുണ്ട്. സുവിശേഷ വിവരണം വിചിന്തനത്തിനെടുക്കാം.

വാങ്ങിപ്പുദിനത്തിൽ രണ്ടു വേദഭാഗങ്ങൾ ഒരുമിച്ച് വായിക്കാം: മത്താ. 12:46-50, യോഹ. 19:25-27. തിരുവചനത്തിന്റെ ആകമാന സന്ദേശം സന്തുലനത്തോടെ നല്കിയിരിക്കുന്നതിന് ഉത്തമദൃഷ്ടാന്തമാണ് വ്യത്യസ്തമെന്നു തോന്നുന്ന സുവിശേഷവിവരണത്തിൽ നല്കിയിരിക്കുന്നത്. ഏവൻഗേലിയിൽ അത് ഒരുമിച്ച് നല്കിയിരിക്കുന്നതിനടിസ്ഥാനം അവ സുവിശേഷങ്ങളിൽ ഉണ്ട് എന്നുള്ളതുകൊണ്ടാണല്ലോ.

പരസ്പര പൂരകമെന്നോ ഒരുവേള വിരുദ്ധമെന്നോ ആദ്യവിവരണത്തിൽ നിന്ന് വളർച്ച പ്രാപിച്ച വിവരണമെന്നോ ഉള്ള അർത്ഥത്തിലും എടുക്കാവുന്നതാണ് അവ. വി. മത്തായിയിലെ വിവരണം അനുസരിച്ച്, പരസ്യശുശ്രൂഷയിൽ പുരുഷാരത്തിനൊപ്പം ആയിരിക്കുന്ന അവസരത്തിൽ യേശുവിന്റെ അമ്മയും സഹോദരങ്ങളും അവിടെ എത്തുന്നു. അവരുടെ ആഗമനം യേശു അറിഞ്ഞു എങ്കിലും അവരുടെ സാന്നിദ്ധ്യം തെര്യപ്പെടുത്തുവാൻ (ackonowledge) ചെയ്യാനൊരുങ്ങാതെ, തന്നെ അനുഗമിച്ചവരെ ശ്ലാഘിച്ച് യേശു പറയുന്നു: 'ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും'. ഒപ്പം വായിക്കുന്ന യോഹ. 19:25-27 ഭാഗത്ത്, കുരിശിൽ തൂങ്ങപ്പെട്ടിരിക്കുന്ന യേശു തന്റെ മാതാവിനെ വത്സല ശിഷ്യനെ ഏല്പിക്കുന്ന സന്തുലന വിവരണം (narration which balances a different description in the very same book - the Gospels) ചേർത്തിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ നാലാം പാദത്തിൽ, വേദപഠനത്തിന്റെ രീതിശാസ്ത്രങ്ങൾ വളർത്തിയെടുക്കുന്നതിൽ പ്രധാനിയായ Brevard S. Childs കാതോലിക്ക വിമർശനം (Canonical Criticism) എന്ന രീതി അവലംബിച്ചു. അതനുസരിച്ച്, വ്യത്യസ്തമെന്നോ വിരുദ്ധമെന്നോ പറയാവുന്ന വിവരണങ്ങൾ തിരുവചന ഭാഗങ്ങളിൽ ഉണ്ടെങ്കിലും, അവയ്ക്കൊപ്പം സന്തുലന ഉദ്ദേശത്തോടെ ചേർത്തിരിക്കുന്ന ഭാഗങ്ങളും വേദപുസ്തകത്തിന്റെ കാനോനിക രൂപത്തിൽ ലഭ്യമാക്കിയിരിക്കുന്നത് പരിഗണിച്ചാകണം വേദവ്യാഖ്യാനം. ഈ പരിഗണനയുടെ തുടർച്ചയായി ഏവൻഗേല്യോന്യ ഭാഗത്തുനിന്ന് രണ്ട് ആശയങ്ങൾ:

1) പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനുള്ള അടുപ്പവും അകലവും

യേശുവിന് തന്റെ മാതാവിനോടും വളർത്തുപിതാവിനോടും പിതൃ-മാതാ വഴിയുള്ള സഹോദരങ്ങളോടും ഉണ്ടായിരുന്ന ബന്ധത്തെക്കുറിച്ച് ചെറിയ സൂചനകൾ മാത്രമെ സുവിശേഷങ്ങൾ നല്കുന്നുള്ളു. ജീവചരിത്രവിഷയങ്ങൾ ചർച്ച ചെയ്യുന്നതിലുപരി യേശു ദൈവപുത്രനാണെന്ന് അറിയിക്കുവാനും, വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുവാനും ഉദ്ദേശിച്ചുള്ളവയാണ് വിവരണങ്ങൾ. ഹ്രസ്വവും സൂക്ഷ്മതപ്രദർശിപ്പിക്കുന്നവയുമായ (laconic) ലഭ്യ ജീവചരിത്ര വിവരണഭാഗങ്ങൾ, ബന്ധുത്വത്തിന്റെ വൈകാരികത മുറ്റിയവയുമല്ല. മറിച്ച് അകലം പാലിച്ചുള്ളവ (detached or impersonal narratives)യുമാണ്. അടുപ്പത്തിനും അകലത്തിനുമിടയിൽ സന്തുലനം കണ്ടെത്തുവാൻ പ്രേരിപ്പിക്കുന്നു ആ വിവരണങ്ങൾ. മാതാപിതാക്കളും കുട്ടികളും തമ്മിലും, ദമ്പതികൾ തമ്മിലും എല്ലാ ഔദ്യോഗിക അനൗദ്യോഗിക ബന്ധങ്ങളിലും സൗഹൃദങ്ങളിലും, അടുപ്പത്തിനൊപ്പം അകലവും (നയപരമല്ല) ബഹുമാനത്തിനും അനുസരണത്തിനും ആവശ്യമെന്നു കാണാം. ആയത് പാലിക്കാത്തിടത്ത് മക്കൾക്ക് അമ്മയപ്പന്മാരോട് അടുപ്പമുണ്ട് പക്ഷെ അനുസരിക്കുവാൻ പ്രേരിപ്പിക്കുന്നതൊന്നുമില്ല എന്നു വരും. സ്ഥാപനാധികാരിയോട് അടുപ്പം ഉള്ളപ്പോൾതന്നെ, അകലം പാലിക്കാതെ സ്ഥാപനത്തിന്റെ നന്മയ്ക്കും സുസ്ഥിതിയ്ക്കും വളർച്ചയ്ക്കും വേണ്ട ഉത്തരവാദിത്വ നിർവ്വഹിക്കലുകൾ അസാദ്ധ്യമാകും. ആദിമ സഭ ഇതു തിരിച്ചറിഞ്ഞാണ് വിവരണങ്ങളിൽ മിതത്വം വരുത്തിയിരിക്കുന്നത് എന്നു കാണാം. എല്ലാത്തിലും ഉപരി,

'സ്വർഗ്ഗസ്ഥ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുക' എന്നതാണ് ലക്ഷ്യം. കന്യകമറിയം ഈ അനുസരണത്തിന് സർവ്വധാ സമർപ്പിത എന്ന് വേദഭാഗം (ലൂക്കോ. 24:49-53, അപ്പോ, 1:14).

2) അമ്മയുടെയും വത്സലശിഷ്യന്റെയും സ്നേഹം തിരിച്ചറിയുന്ന യേശുവും ശിഷ്യനും (യോഹ. 19:25-27)

ആർദ്രത മുറ്റിനില്ക്കുന്ന സമയമാണിത്. യേശു, ശിഷ്യവൃന്ദത്തോടും ശാരീരികമായി ഇഴ അടുപ്പത്തിൽ നിന്ന എല്ലാ ഇടങ്ങളോടും വിടപറയുന്ന സമയം. വൈകാരിക തീവ്രത അവിടെയുണ്ട്. യേശു തിരിച്ചറിയുന്നു, 'തന്റെ അമ്മ,' 'താൻ സ്നേഹിച്ച ശിഷ്യൻ'. രണ്ടും ഒരുവനിലേക്ക് സ്നേഹം കവിഞ്ഞൊഴുകുന്ന രണ്ട് മഹത് സ്ഥാനങ്ങൾ തന്നെ. അതേതോതിൽ സ്നേഹം തിരിച്ചു നല്കാനാകാത്തവിധം അപാരമായ കവിഞ്ഞൊഴുക്കലുള്ള സ്ഥാനങ്ങളാണവ. യേശുവിനൊപ്പം അവ തിരിച്ചറിയപ്പെടേണ്ടതുണ്ട്. വാത്സല്യം ചൊരിഞ്ഞ ഇടങ്ങൾ തിരിച്ചറിയപ്പെടാതെ പോകുന്നുവോ? യോഹന്നാന്റെ ഭാഷ്യമാകയാൽ 'താൻ ഏറ്റം സ്നേഹം അർപ്പിച്ചതും ആ ഗുരുവിൽതന്നെ' എന്ന ബോധ്യത്തിലാകണം തന്നെ ഗുരു ഏറ്റം സ്നേഹിച്ചിരുന്നു എന്ന് മനസ്സിലാക്കിയത്. തിരിച്ചറിയലുകൾക്കു മധ്യത്തിലാണ് ഉത്തരവാദിത്വങ്ങൾ പ്രഖ്യാപിക്കുക, അവ നിർവഹിക്കുക, പരസ്പരം ഏല്പിക്കൽ യാഥാർത്ഥമാകുക.

ഓഗസ്റ്റ് 26
വാങ്ങിപ്പിനു ശേഷം രണ്ടാം ഞായർ
(ലൂക്കോ. 11:9-20)

ഏവൻഗേലി വിവരണത്തിൽ രണ്ട് വ്യത്യസ്ത കാര്യങ്ങൾ പരാമർശിക്കപ്പെടുന്നു. അതിന്റെ രണ്ടാം ഭാഗം മറ്റൊരവസരത്തിൽ വിശകലനത്തിന് വിധേയമാക്കിയതിനാൽ ആദ്യഭാഗം അടിസ്ഥാനപ്പെടുത്തി ധ്യാനപംക്തി തയ്യാറാക്കുന്നു. മൂന്ന് ആശയങ്ങൾ:

1) സ്ഥായീഭാവമുള്ള അപേക്ഷകൾ

പ്രതീക്ഷ നല്കുന്ന വാക്കുകൾ പ്രചോദനമാകും. ജീവിതാനുഭവങ്ങളിൽ യാചനയും അന്വേഷണവും മുട്ടിവിളിക്കലും ഒരു തുടർകൃത്യമാണ്. യാചിച്ചുകൊണ്ടേയിരിക്കുക എന്ന തുടർകൃത്യത്തിന്റെ കാല സൂചന (Tense) യാണ് വേദഭാഗത്തുള്ളത്. "ചിലർ നിങ്ങളെക്കുറിച്ച് അവരുടെ അവശ്യങ്ങളിൽ മാത്രമെ ഓർക്കാറുള്ളു, നിങ്ങളെ സമീപിക്കാറുള്ളു എന്നതിൽ നിങ്ങൾ ദുഃഖിക്കേണ്ട, അവർ നിങ്ങളെ ഓർക്കുന്നു എന്നത് തന്നെ വലിയ കാര്യം. ഡോക്ടറേയും ദൈവത്തെയും അങ്ങനെ തന്നെ" എന്ന അർത്ഥത്തിൽ മൊബൈൽ സന്ദേശം വന്നത് ഓർക്കുന്നു. ദൈവത്തെ ഓർക്കുന്നത് എപ്പോൾ? അവിടുത്തോടുള്ള അപേക്ഷകൾ എന്തെല്ലാം? അപേക്ഷകൾ സമർപ്പിക്കുവാനല്ലാതെ ദൈവബന്ധം നിലനിർത്തുന്നുവോ? ദൈവബന്ധത്തിൽ സ്ഥായീഭാവം ഉണ്ടോ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം ഒന്നുമാത്രം: യാചനയും, മുട്ടിവിളിക്കലും, അന്വേഷണവും അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുക. ആഗ്രഹങ്ങൾക്ക് അന്തമില്ലാത്തതിനാൽ അപേക്ഷകളും ഒടുങ്ങില്ല എന്നതുകൊണ്ടു മാത്രമല്ല അത്. ദൈവബന്ധത്തിൽ അനുസ്യൂതം ഭക്തൻ തുടരുക തന്നെ വേണം.

വൈകുന്നേരത്തും രാവിലെയും ഉച്ചയ്ക്കും യഹോവയോട് സങ്കടങ്ങൾ ബോധിപ്പിച്ച് കരയും എന്നും (സങ്കീ. 53:17) അവിടുന്ന് അപേക്ഷ കേൾക്കുമെന്നും സങ്കീർത്തനക്കാരൻ പ്രത്യാശിക്കുന്നത് സ്ഥായീഭാവത്തോടെയാണ്. "ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും" (സങ്കീ. 34:1) എന്നിങ്ങനെ സ്ഥായീഭാവത്തിന്റെ വെളിവാക്കലുകൾ ദൃഢതരം തന്നെ. യഹോവയെക്കുറിച്ച് സ്ഥിരമായ ആശ്രയത്വത്തിന്റെ ശൈലം/പാറ (സങ്കീ. 19:14,31:3) എന്നിങ്ങനെ പറയുമ്പോൾ സ്ഥിരമായ ആശ്രയത്വത്തിനുള്ള ആഹ്വാനം കൂടിയാണത്.

ആധുനികതയുടെ മുഖമുദ്രയായി പല കാര്യങ്ങളെക്കുറിച്ചും പറയാറുണ്ടെങ്കിലും ഒന്നിനോടും വിധേയപ്പെടാതെ, സ്ഥിരമായി ഒന്നിനോടും ചേർന്നു നില്ക്കാതെ (Commitment phoebe സമർപ്പണഭയം) മൂലം വിവാഹം കഴിക്കാത്തവരുടെ എണ്ണം വർദ്ധിക്കുന്നു എന്ന് പഠനങ്ങൾ. എന്ന പ്രമാണം നവീകരിച്ചു എന്ന് തോന്നും. ജോലി, ബന്ധങ്ങൾ, വാസഇടങ്ങൾ, താല്പര്യങ്ങൾ എന്നിവയൊന്നും സ്ഥിരമായുള്ളവയായി സങ്കല്പിക്കുന്നത് വിട്ടുകളഞ്ഞുവോ? എത്ര ദൂരവ്യാപകമായ ആഘാതങ്ങളാണിത് ഉണ്ടാക്കുക?

2) എപ്പോഴും നന്മയായി മാത്രം നിലകൊള്ളുന്നവർ

അമ്മയപ്പന്മാരുടെ കാര്യത്തിൽ ഇത് ഏറെ കൃത്യമാണ്. ചില നെടുവീർപ്പുകളുടെ മധ്യത്തിൽ അവർ പകച്ച് തങ്ങളല്ലാതെയായി പെരുമാറിയായാലും മാതാപിതാക്കൾ തങ്ങളുടെ മക്കളോടുള്ള ഇടപെടലിൽ നന്മമാത്രം സ്ഥായീഭാവത്തോടെ സൂക്ഷിക്കുന്നു. 'കരുണ', 'ഉദരം' (ഗർഭപാത്രം) എന്നീ നാമങ്ങളും ക്രിയകളും ശേമ്യഭാഷയിൽ 'റഹേം' എന്ന പദത്തിൽനിന്നാണ് വരുക. പല അർത്ഥ തലങ്ങളും അതിനുള്ളതിൽ ഒന്ന് സ്ഥായീഭാവത്തെ കാണിക്കുന്നതാണ്. അത് മൗലികവും കലർപ്പില്ലാത്തതും പരസ്പരം ഗാഢബന്ധത്തിലുള്ളതുമാകുന്നു. യഹോവ ഇസ്രായേലിനോടുള്ള തന്റെ കാരുണ്യത്തെ സൂചിപ്പിക്കുവാൻ "അമ്മ തന്റെ കുഞ്ഞുങ്ങളെ..." എന്ന ബിംബം ഉപയോഗിക്കുന്നതിൽ ഈ മാറ്റമില്ലായ്മ സൂചിപ്പിക്കുവാനാണ്. 'ഞാൻ ആകുന്നവൻ ഞാനാകുന്നു'. എന്ന ദൈവനാമ വെളിപ്പെടുത്തലും ഇതോടൊക്കുന്നു. (പുറ. 3:14-16); താൻ എപ്പോഴും അങ്ങനെതന്നെ. എന്നാൽ ഇവ ഒരു അനുഗ്രഹമോ വാഗ്ദത്തമോ മാത്രമായല്ല ഒരു വെല്ലുവിളിയും ഉത്തരവാദിത്വവുമായി സ്വീകരിക്കപ്പെടേണ്ടതുണ്ട്.

മക്കൾ മീൻ ചോദിച്ചാൽ ഒരിക്കലും പാമ്പിനെ കൊടുക്കില്ല മാതാപിതാക്കൾ. യേശുവിന്റെ വാക്കുകൾ, ചോദ്യങ്ങളുയർത്തി സംഭാഷണം ശക്തിപ്പെടുത്തി സന്ദേശങ്ങൾ സൃഷ്ടിച്ചാണ്. മാതാപിതാക്കൾക്ക് മക്കൾ തിരിച്ചു നല്കുന്നവയെ ആകാം 'പാമ്പും' 'തേളും' 'കല്ലും' പ്രതിനിധാനം ചെയ്യുന്നത്. ശക്തമായ താരതമ്യത്തിനു ശേഷം ദൈവം അതിലെത്ര അധികം എന്നാണ് സന്ദേശം.

3) യാചനകൾക്കായി എപ്പോഴും തുറന്നിട്ടിരിക്കുന്ന ദൈവവാതിലുകൾ

'ദൈവം തന്നോടു യാചിക്കുന്നവരുടെ അപേക്ഷ എപ്പോഴും സ്വീകരിപ്പാൻ ഒരുക്ക'മാണെന്ന് തിരുവചനം. തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികമായി നല്കുമെന്ന് യേശു അറിയിക്കുന്നതായി വി. ലൂക്കോസും (11:13) നന്മ എത്ര അധികമായി നല്കും എന്ന് വി. മത്തായിക്കും (7:11) ഖണ്ഡിതമായി അറിയിക്കുന്നു.

തങ്ങളുടെ ഉന്നതവിദ്യാഭ്യാസം നേടിയ മകൻ വീടുവിട്ടുപോയിട്ട് തിരിച്ചു വരുന്നതും കാത്ത്, സ്വന്തം വീട് കെട്ടിയ ശേഷവും ആ സ്ട്രീറ്റും വാടകവീടും മാറാതെയും വാതിൽ അടയ്ക്കാതെയും അതേ സ്ഥലത്തുതന്നെ താമസിക്കുന്ന മാതാപിതാക്കളെ ഒരു പട്ടണത്തിൽ പരിചയപ്പെട്ടു. അവരുടെ മകൻ എപ്പോൾ തിരിച്ചുവന്നാലും വീട് തിരിച്ചറിവാൻ ഇടയാകണം എന്ന് ആ മാതാപിതാക്കൾക്ക് നിർബന്ധം. തുറന്നിട്ടിരിക്കുന്ന കരുണാവാതിൽ അടയ്ക്കാത്ത കർത്താവ് തന്നോട് യാചിക്കുന്നവർക്ക് "എത്ര അധികമായി കൊടുക്കും". കർത്താവേ! നിന്റെ ദൈവത്വത്തിന് യോജ്യവും മനുഷ്യത്വത്തിന് അഴകായതുമായ പരിശുദ്ധാത്മാവിനെയും നന്മയെയും ഞങ്ങൾക്ക് നല്കണമെ.

സെപ്റ്റം. 2
വാങ്ങിപ്പിനു ശേഷം മൂന്നാം ഞായർ
(മത്താ. 17:22-27)

രണ്ട് വ്യത്യസ്തകാര്യങ്ങൾ ഏവൻഗേലി ഭാഗത്ത് ചേർന്നു കാണുന്നു: യേശു തന്റെ മരണപുനരുത്ഥാനങ്ങളെക്കുറിച്ച് മുന്നറിയിക്കുന്നു, ദൈവാലയ നികുതി നല്കുന്നത് സംബന്ധിച്ചുള്ള അന്വേഷണം, അതിനുള്ള വഴിയൊരുക്കൽ, നികുതി നല്കുവാനുള്ള കല്പന എന്നിവയാണവിടെയുള്ളത്.

സുവിശേഷങ്ങളിലെ ചെറിയ ചെറിയ സംഭവവിവരണങ്ങൾ സന്ദേശങ്ങൾ സന്നി

വേശിപ്പിക്കുന്നവ തന്നെ. നേരിട്ട് സന്ദേശങ്ങൾ രൂപീകരിച്ച് നല്കുകയോ വേദശാസ്ത്രവിശകലനത്തിലേക്കു കടക്കുകയോ ചെയ്യുന്നത് സുവുശേഷങ്ങളിൽ ഇല്ല തന്നെ. ഉപക്ഥകളുടെ പച്ചയായ വിവരണങ്ങൾ ആണ് സുവിശേഷങ്ങൾ നല്കുന്നത്. സഭാചരിത്രപുസ്തകത്തിലേക്കും (അപ്പോ. പ്രവൃത്തി) ലേഖനങ്ങളിലേക്കും എത്തുമ്പോൾആണ് വ്യാഖ്യാനതലം അവയ്ക്ക് കൈവരുന്നത്. വേദഭാഗം അടിസ്ഥാനമാക്കി ത്രിവിധ ചിന്തകൾ:

1) മരണ-ഉയിർപ്പറിഞ്ഞുള്ള ദുഃഖം

യേശുവിന്റെ ഇഹലോകജീവിതം മരണലെത്തുന്ന സമർപ്പണത്തിന്റേതായിരുന്നു എന്ന് ആവർത്തിച്ച് മുന്നറിയിക്കപ്പെടുന്നു (ലൂക്കോ 9:15, മത്താ. 16:21, 17:22–23, 20:18–19, മർക്കോ. 8:31, 9:30–32, യോഹ. 12:32). മനുഷ്യാവതാര ലക്ഷ്യം മരണ-ഉയർപ്പുകളോട് ബന്ധിപ്പിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. യോർദ്ദാന്റെ കരയിലും ചെറു മരുഭൂപ്രദേശത്തും യേശുവിനെ അവതരിപ്പിച്ചറിയിച്ച, മുന്നോടി 'കുഞ്ഞാടെന്നും' 'പാപവാഹിയായ കുഞ്ഞാ ടെന്നും' ആണ റിയിച്ചത്. ആവർത്തിച്ചറിയിച്ച 'മരണ 'വാർത്ത, യേശുവിനെക്കുറിച്ചുള്ള സൽബോധ്യത്തിലേക്ക് ശിഷ്യവൃന്ദത്തെ നയിക്കുക എന്നതുപോലെ ഇന്നത്തെ വായനക്കാരന് (ഭക്തന്) അത് പ്രായോഗിക ജീവിതാനുഭവമാക്കുവാനുദ്ദേശിച്ചുള്ളതുമാണ്. യേശുവിന്റെ മരണം പ്രതീക്ഷ നല്കുന്ന മരണമാണ്. കല്ലറയ്ക്കപ്പുറത്ത് ജീവിതം ഉണ്ടെന്നുള്ള പ്രതീക്ഷ നല്കുന്നത്. കല്ലറ സമാനമായ എത്രഎത്ര അനുഭവ സാഹചര്യങ്ങൾ? യേശുവിന്റെ മരണം ഒരു ധാർമ്മിക (moral) പ്രമാണമോ പ്രചോദനമോ മാത്രമായല്ല കണക്കാക്കപ്പെടേണ്ടത്. അത് രക്ഷാദായകം (salvific) ആയി സ്വീകരിക്കപ്പെടണം.

പന്തിരുശിഷ്യന്മാർ യേശുവിനെ പിൻപറ്റുമ്പോൾ അവർ സ്വാഭാവികമായി (എല്ലാവരും യഹൂദന്മാരും പ്രത്യേകാൽ 11 പേർ ഗലീലക്കാരുമാണ്) പ്രതീക്ഷിച്ചത് തങ്ങൾക്ക് അപ്പോഴുള്ള രാഷ്ട്രീയ-സാമൂഹിക അടിമത്തങ്ങളിൽനിന്നുള്ള വിടുതൽ ആകണം. തങ്ങൾ രക്ഷകനായി കണ്ട വ്യക്തി, 'ശത്രുക്കളാൽ' കൊല്ലപ്പെടുമെന്നറിയുമ്പോൾ അവരുടെ ആശങ്ക വർദ്ധിക്കുക സ്വഭാവികം മാത്രം. എന്നാൽ യേശു തന്റെ പിതാവിന്റെ 'ഇഷ്ട'ത്തിലും ദൈവത്വ-മനുഷ്യത്വസമ്മേളനത്തിൽ തന്റെ ചുമതലയിലുമാണ് ഉറച്ചുനില്ക്കുന്നത്. മനുഷ്യാവതാരലക്ഷ്യം അവിടെ മുഖ്യമാണ്. മരണത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കാൻ അവർ ഒരുങ്ങുമ്പോൾ പുനരുത്ഥാനത്തിന്റെ പ്രാധാന്യവും അവർക്ക് ഉൾക്കൊള്ളാനായി.

2) മനസ്സുരൂപപ്പെട്ടുവരുന്ന ശിഷ്യൻ

ഈ ആശയം മുന്നെഴുതിയ മരണ-പുനരുത്ഥാന ബോധ്യത്തിലേക്ക് ശിഷ്യന്മാർ വളരുകയായിരുന്നു എന്നു ഇതിലും തുടർന്ന് വിവരിക്കുന്ന ദ്വിദ്രഹ്മക്കാര്യത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. ദ്രഹ്മയുടെ കാര്യത്തിൽ പത്രോസ് ആദ്യം പറയുന്ന 'ഉവ്വ്' (വാ. 24) എന്നുള്ളതിലും രണ്ടാമത് അവനോട് യേശു പറയുന്ന വിശദീകരണത്തിൽ മൗനമായി നിന്ന് അംഗീകരിക്കുന്നതിലും (പത്രോസിന്റെ മറുപടിയോ പ്രതികരണമോ സുവിശേഷകൻ ചേർത്തിട്ടില്ല) പത്രോസും സഖാക്കളും യേശുവിന്റെ ബോധ്യത്തിലേക്ക് വളരുകയായിരുന്നു എന്നുവേണം കരുതാൻ.

വേദഭാഗത്തുള്ള ദൈവാലയ നികുതി, 12 വയസ്സു തികഞ്ഞ യഹൂദ പുരുഷൻ ദൈവാലയ സംരക്ഷണത്തിനായി സമർപ്പിക്കേണ്ട വാർഷിക തലവരിയാണ്. പ്രതിവർഷം അരശേക്കൽ അഥവാ രണ്ട് ദ്രഹ്മ ആണ് വരിസംഖ്യ: രണ്ടുപേർക്ക് ചതുർദ്രഹ്മ ആവശ്യമാകുന്നത് അങ്ങനെയാണ്. ഒപ്പം വായിക്കാം; സംഖ്യാ. 3:40–51, പുറ. 30: 11–16, 38:25–26. 'ചുങ്കമോ കരമോ' എന്ന് കൊടുത്തിരിക്കുന്നത് (വാ. 25) വസ്തുക്കളുടെ നീക്കത്തിൽ സമർപ്പിക്കേണ്ടതും (Customs) തലവരിപ്പണവും (Taxes) ആണ്.

ശിഷ്യൻ ഗുരുമാനസത്തോളം വളരണം എന്നതാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

3) ഇടർച്ച വരുത്താതിരിക്കുവാനുള്ള സന്ദേശം

നികുതി സമർപ്പിക്കുവാൻ ആവശ്യമാണോ എന്ന ചോദ്യത്തിനുത്തരം അന്വേഷിക്കുന്നതിനിടയിൽ യേശുവിന്റെ മഹത്വത്തിലേക്കും ദൈവപുത്രൻ എന്ന അവകാശത്തിലേക്കും സൂചന നല്കുന്നു. സർവ്വത്തിന്റെയും മേൽ അധികാരമുള്ളവനാണ് സൃഷ്ടാവ്. കുശവന് കളിമണ്ണിന്മേലും രൂപപ്പെട്ടുവന്ന പാത്രങ്ങളിന്മേലും അധികാരമുണ്ട്. ഒപ്പം, താൻ അർപ്പകനും സ്വീകാരകനും ആണെന്ന ചിന്തയും പങ്കിടാം (എബ്രായ ലേഖനം). എന്നാലും നികുതി സമർപ്പണം ലൗകികാധികാരത്തോട് ചേർന്നു നില്ക്കുന്നതിന്റെ ഭാഗമാകയാൽ ഇടർച്ച വരുത്താതെ നല്കണം എന്നാണ് പത്രോസ് മുതലായവരോടുള്ള സന്ദേശം. ചില ചിന്തകൾ വിശകലനത്തിനെടുക്കാം.

* ദൈവാലയ അധികാരിയും പിതൃ ആലയ അവകാശിയുമാണ് യേശു (ലൂക്കോ. 4:29, മത്താ. 16:60

* യേശുവിന്റെ മനുഷ്യത്വം പൂർണ്ണമാണ് (ദൈവത്വംപോലെ)

* ലൗകികാധികാരങ്ങൾക്ക് കീഴ്പ്പെടുക മാത്രമല്ല പൗരധർമ്മത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് കുതിക്കണം.

* ശ്ലീഹന്മാർ ഇതെക്കുറിച്ചറിയിക്കുന്നത് സ്വീകരിക്കണം (റോമ. 13:1–7, പത്രോ. 2:13–15)

* ചെന്നുചേർന്ന് പ്രവാസജീവിതം നയിക്കുന്ന പട്ടണത്തിന്റെ നന്മ അന്വേഷിക്കണം എന്ന യെരമ്യാവിന്റെ സന്ദേശം സ്വീകരിക്കണം.

സെപ്റ്റം. 9
വാങ്ങിപ്പിനു ശേഷം നാലാം ഞായർ
(മത്താ. 5:38–48)

പ്രതികാരം സ്നേഹം സൽഗുണ പൂർണ്ണത

മുന്നെഴുതിയ മൂന്ന് ആശയങ്ങളുടെ വിശദീകരണമായി കാണാവുന്ന പർവ്വത പ്രസംഗഭാഗമാണ് ഏവൻഗേല്യോൻ ഭാഗം.

വി. മത്തായി 5–7 അധ്യായങ്ങൾ യേശുവിന്റെ പർവ്വത പ്രസംഗം എന്നോണം അവതരിപ്പിച്ചിരിക്കുന്നു. പുരുഷാരത്തെ കണ്ട് യേശു ഗലീലയിലെ ഒരു കുന്നിൻ മുകളിലേക്ക് കയറിയിരുന്ന് അവരോട് സംഭാഷിച്ചു തുടങ്ങി എന്നും (മത്താ. 5:1) അവിടെ ഇരുന്ന് അധികാരമുള്ളവനായി അവരോടു സംസാരിച്ചു പൂർത്തിയാക്കി മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ അവനെ കാത്തിരുന്ന പുരുഷാരം അവനെ താല്പര്യപൂർവ്വം പിന്തുടർന്നു എന്നും വേദഭാഗം (മത്താ. 7:28–8:1). സുവിശേഷകൻ തന്റെ വിവരണത്തിന്റെ ഒരു യൂണിറ്റായി ആ ഭാഗം അവതരിപ്പിച്ചിരിക്കുന്നു. വിവരണത്തിന് ത്രിവിധഭാഗങ്ങളുള്ളതായി അനുമാനിക്കാം. സാമൂഹിക പെരുമാറ്റത്തിന് തിരുത്തൽ നിർദ്ദേശിക്കുന്നവയാണവ.

1) പ്രതികാരം അരുത്, അതിക്രമം ഏറ്റ് രണ്ടാം മൈൽ പോകുക.

മനുഷ്യ സമൂഹത്തിനു പരിചിതമായ സംസ്ക്കാരങ്ങളിലും സാമൂഹികവും വ്യക്തിഗതവുമായ യാഥാർത്ഥ്യങ്ങളിലും ഉൾക്കൊള്ളാൻ വിഷമമുള്ളതെന്നു തോന്നുന്നവയാണ് പർവ്വത പ്രസംഗത്തിലുള്ളത് എന്ന് പൊതുവെ നിരീക്ഷിക്കാറുണ്ട്. പ്രതികാരം സംബന്ധിച്ച് മോശെയുടെ കാലത്ത് പ്രചാരത്തിൽ വന്നതും അതിനുമുമ്പ് നിലവിലിരുന്നതുമായ ചില രീതികൾ നിലവിലിരുന്നതിന്റെ സൂചനകൾ വി. വചനത്തിലുണ്ട്. പൂർവ്വന്മാരോട് അരുളിചെയ്തത് എന്ന രീതിയിൽ യേശു അവയെ സൂചിപ്പിച്ചിരിക്കുന്നു. (മത്താ. 5:33, 38,43, പുറ. 21:23–25, ലേവ്യ. 24:19,20, ആവ. 19:18–21) അവിടെയെല്ലാം നിയന്ത്രിതവും ആനുപാതികവും ആയ രീതിയിൽ പ്രതിപകരം ചെയ്യുന്നതിന് അനുവദിച്ചതായി കാണുന്നു. ഭേദ്യം ചെയ്ത് നഷ്ടം വരുത്തിയവരോട് സ്വാഭാവികമായി തോന്നാവുന്ന കോപം അടങ്ങുന്നതിന് സഹായകമാകത്തക്ക ക്രോധ പ്രകാശനമാകാം അവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അതിലെ പ്രായോഗികത അന്നു നിലവിലിരുന്ന രീതികളോട് ചേർത്തു ചിന്തിച്ചാൽ ഏറെ ഉൾക്കൊള്ളാവുന്നതാകും, അനിയന്ത്രിതവും അനാനുപാതികവും പൈശാചികവുമായ ക്രോധപ്രകടനങ്ങൾ നിലവിലിരുന്നതായി വി. വേദംതന്നെ സൂചന നല്കുന്നു (ഉല്പ. 34:25–29). 'കണ്ണിനു പകരം കണ്ണ്' എന്ന പ്രമാണം,

മുന്നെഴുതിയ കാഴ്ചപ്പാടിൽ ഏറെ 'പരിഷ്കൃതമായ' നിയമം തന്നെ.

എന്നാൽ അതിലും നാടകീയവും ആദർശപരവുമായ മാറ്റ മാണ് യേശു നിർദ്ദേശിച്ചിരിക്കുന്നത്: പ്രതിപകരം അരുത്, അതി ക്രമത്തിനൊരുങ്ങുന്നവന് മേൽമുണ്ടുകൂടി നല്കുക, നിർബന്ധിച്ച് ഒരു നാഴിക നടത്തുന്നവനൊപ്പം ഒരു അധിക നാഴിക (the second mile) കൂടി നടക്കുക.

ക്രിസ്തുവിന്റെ മാതൃകയും (1 പത്രോ. 2:21-23) കലഹമരുത് എന്ന കല്പനയും നമുക്ക് പിന്തുടരുവാൻ ഉള്ളതല്ലെ?. പ്രതികാര താല്പര്യവും സ്വാർത്ഥതയുടെ കവിച്ചിലും ഇന്നിന്റെ മുഖമുദ്ര യായത് തിരുത്തേണ്ടതല്ലെ? മാറ്റം ദൈവമക്കളിൽ തുടരട്ടെ.

2) സ്നേഹത്തിന് അതിർത്തികുറിക്കരുത്, സ്വാർത്ഥരഹി തമാകണം

പുതിയ നിയമം സ്വീകരിച്ചിട്ടുള്ള പഴയനിയമ വ്യാഖ്യാനം സവിശേഷശ്രദ്ധ ആകർഷിക്കുന്നതുതന്നെ. പഴയനിയമ വാക്കു കൾ, ഭാഗങ്ങൾ, സംഭവങ്ങൾ, വ്യക്തികളെക്കുറിച്ചുള്ള പുതിയ നിയമത്തിൽ ഉദ്ധരിക്കപ്പെടുകയോ പരാമർശിക്കപ്പെടുകയോ ചെയ്യുമ്പോൾ ചില വ്യതിയാനങ്ങളോടെയും പുതിയ അർത്ഥത ലങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ആകാം. മക്കളെച്ചൊല്ലി കരയുന്ന റാഹേലിനെക്കുറിച്ചും (മത്താ. 2:17) കാഴ്ചഅപ്പത്തെക്കുറിച്ചുള്ള പരാമർശനത്തിലെ പുരോഹിതനെക്കുറിച്ചും, പ്രവാചകന്മാരെയും രാജാക്കന്മാരെക്കുറിച്ചും എല്ലാം ഈ വ്യാഖ്യാന രീതി കാണു ന്നു. "ശത്രുവിനെ ദ്വേഷിക്കണം" എന്നുള്ള പൂർവ്വിക കല്പന യെക്കുറിച്ചുള്ള പരാമർശം (5:43) ഇതുപോലെ വ്യാഖ്യാനപരം തന്നെ. 'പുറജാതികളെയും ദുഷ്ടന്മാരെയും വെറുക്കണ'മെന്നുള്ള ആവർത്തന നിയമത്തെ (7:16, 20:17) 'അവരുടെ നാശത്തിനാ യുള്ള' സങ്കീർത്തന താല്പര്യത്തിനൊപ്പം (സങ്കീ. 109) ചേർത്തു വ്യാഖ്യാനിച്ചിരിക്കുന്നു എന്നു വേണം കരുതുവാൻ. എന്തായാലും പൂർവ്വിക മനസ്സിലാക്കൽ ഓർപ്പിച്ച് വളരെ ഉയർന്നുള്ള പ്രമാണം യേശു നല്കിയിരിക്കുന്നു; 'നിങ്ങൾ ശത്രുക്കളെ സ്നേഹിപ്പിൻ', 'അനുഗ്രഹിപ്പിൻ'. കുരിശിലെ ത്യാഗവും അവർക്കായുള്ള പ്രാർത്ഥ നയും മാത്രമല്ല ക്രിസ്തുജീവിതം തന്നെ ഇതിന് ഉത്തമ മാതൃക യായി അവിടുന്നു നല്കി. Right precept from a right teacher elucidated though a right model.

3) സൽഗുണ പൂർത്തിക്കായുള്ള ആഹ്വാനം (വാ. 48)

ഏവൻഗേലി ഭാഗത്തിന്റെ അവസാന വാക്യം ആ അദ്ധ്യായ ത്തിന്റെയും ഒപ്പം ക്രിസ്തീയ ജീവിത പ്രമാണത്തിന്റെയും പാരമ്യം സൂചിപ്പിക്കുന്നു. പിതാവാം ദൈവത്തിന്റെ മാതൃകയിൽ സൽഗുണപൂർത്തിയുള്ളവരാകണം എന്നാണ് ആഹ്വാനം. ദൈവ പൈതൽ ആഗ്രഹിച്ച് പലതും മറന്നു "ക്രിസ്തുയേശുവിൽ ദൈവ ത്തിന്റെ പരമവിളിയുടെ വിരുതിനായി ഓടേണ്ടത്" (ഫിലി. 3:12-14) ഈ ലക്ഷ്യം (ലാക്ക്) മുന്നിൽ വച്ചുകൊണ്ടാകണം. വിളിച്ച വിശു ദ്ധനായ സ്വർഗ്ഗീയ പിതാവിനു ഒത്തവണ്ണം നടക്കണം എന്ന് വി. പത്രോസ് (1 പത്രോ. 1:15-16). ആദ്യ രണ്ട് ആശയങ്ങൾക്കൊപ്പം ചേർത്ത് വായിക്കുമ്പോൾ വി. ലൂക്കോസ് രേഖപ്പെടുത്തിയതു പോലെ 'പിതാവിനെപ്പോലെ മനസ്സലിവിൽ' (6:36) വേണം പ്രതി കാരചിന്തയെ അകറ്റേണ്ടതും അതിർത്തികുറിക്കപ്പെടാത്ത സ്നേഹം പ്രകാശിപ്പിക്കേണ്ടതും. "ഞാൻ വിശുദ്ധനായിരിക്കുന്ന തുപോലെ നിങ്ങളും...." (ലേവ്യ. 19:2)

Mob. 9745691320

For Favours Received






Kunjamma Mathew
Poomthuruthil, Kidangannur







Sosamma Yohannan

ഒരു വിശ്വാസി

A Blessed & Loving Memory of Our Appachan & Ammachi



A. C. JOSEPH

BORN: 17.04.1908
EXPIRED: 12.08.1997
[15TH MEMORY]

ANANTHANAM
P.O. PAYIPAD, HARIPAD

Inserted by:-

A.J. John, Leela John & Robin John
281/2-Gopal Niwas SHER-E-Punjab
Andheri East, Mumabi-93
Mob. 9833588116 / 9892159315




THANKAMMA JOSEPH

BORN: 17.11.1915
EXPIRED: 21.05.1988
[24TH MEMORY]

പുസ്തകശാല

മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

ഫാ. ഡോ. ജോസഫ് ചീരൻ (എഡിറ്റർ)



ബഹുമുഖ പ്രതിഭയായ സഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് II ന്റെ ജീവിതം സമഗ്രമായി നാല് കാണ്ഡങ്ങളിലായി പ്രതിപാദിക്കുന്നു. മലങ്കര സഭയുടെ ചരിത്രവും സംസ്ക്കാരവും വിവിധ ലേഖനങ്ങളിൽ പ്രതിസ്പന്ദിക്കുന്നു. മാർ ദിവന്നാസിയോസ് II ന്റെ ജീവിതകാലത്തും അതിനു ശേഷവും നടന്ന പ്രമുഖ നിരീക്ഷണങ്ങൾ ഈ വാല്യത്തിൽ സമാഹരിച്ചിരിക്കുന്നു. അവതാരിക: പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ്, എം.ജി.ഡി. പബ്ലിക്കേഷൻസ് കുന്നംകുളം. വില-500, പേജ് 590

സ്നേഹത്തിന്റെ പാളങ്ങളിലൂടെ...

കെ. വി. മാമ്മൻ (എഡിറ്റർ)



മലങ്കരസഭാ മിഷൻ ബോർഡിന്റെ അതുല്യ സഞ്ചാര മിഷനറിയായ കെ. ഐ. ഫിലിപ്പ് റമ്പാന്റെ ജീവിതവും സാക്ഷ്യവും അവതരിപ്പിക്കുന്ന കൃതി. ഒന്നാം ഭാഗത്ത് റമ്പാച്ചന്റെ ജീവിത ചരിത്രവും രണ്ടാം ഭാഗത്ത് റമ്പാച്ചനെക്കുറിച്ചുള്ള സാക്ഷ്യവിവരണങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. അവതാരിക: ഫാ. ഡോ. റ്റി. ജെ. ജോഷ്വ, സെന്റ് പോൾസ് ബാലഭവൻ, തിരുവാതുക്കൽ, കോട്ടയം, വില-100,

പേജ് 230

സഭാചരിത്ര പ്രവേശിക : പ്രശ്നോത്തരി:

ഫാ. സൈമൺ ജേക്കബ് മാത്യു.



സഭാ സ്ഥാപനകാലം മുതൽ 2012 വരെയുള്ള സഭാ ചരിത്രം ആസ്പദമാക്കി ചോദ്യോത്തര രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പുരാതനസഭാചരിത്രം, ഓർത്തഡോക്സ് സഭകൾ മലങ്കര സഭാചരിത്രം, സഭാ ഭരണഘടന, സഭകളിലൂടെ എന്നീ വിഭാഗങ്ങളിലായി രണ്ടായിരത്തോളം ചോദ്യങ്ങളും ഉത്തരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സഭാചരിത്രം പഠിക്കുവാൻ താൽപര്യമുള്ളവർക്കും സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കും ഉത്തമം. അവതാരിക : ഫാ. ഡോ. റ്റി. ഐ. വർഗീസ്, കോപ്പികൾ സഭാ ബുക്ക് സ്റ്റോളിൽ ലഭിക്കും.

വില - 130, പേജ് 176

പുരാതന ദേവാലയങ്ങളിലൂടെ മലങ്കരസഭ മാസിക

പഴമപ്പെരുമ

വർഗീസ് ജോൺ തോട്ടപ്പുഴ, ഡോ. എം. കുര്യൻ തോമസ്



കൊല്ലം കാദീശാപള്ളി

പുരാതന തുറമുഖമായ കൊല്ലത്ത് മാർത്തോമ്മൻ പൈതൃകം അവകാശപ്പെടാവുന്ന ഏക ദേവാലയമാണ് ഇന്ന് വി. ദൈവമാതാവിന്റെ നാമത്തിൽ അറിയപ്പെടുന്ന കൊല്ലം കാദീശാ ഓർത്തഡോക്സ് പള്ളി. പുരാതന തുറമുഖമായ കൊല്ലത്ത് പ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയുടെ പള്ളി, ക്രിസ്താബ്ദം ഒന്നാം സഹസ്രാബ്ദത്തിൽത്തന്നെ കടലെടുത്തുപോയി. തുടർന്ന് കൊല്ലത്തെ നസ്രാണികൾ ഭൂരിഭാഗവും സമീപ ഗ്രാമങ്ങളിലേയ്ക്കു കുടിയേറി.

ക്രിസ്തുവർഷം ഒൻപതാം ശതകത്തിന്റെ ആദ്യകാലത്ത് പേർഷ്യൻ വർത്തകനായ സബ്രീശോ സകുടുംബം കൊല്ലത്തു കുടിയേറി. അദ്ദേഹത്തോടൊപ്പം പൗരസ്ത്യ കാതോലിക്കാ മഹാനായ തീമോത്തി ദ്വിതീയൻ അയച്ച രണ്ടു മിഷിനറി മേല്പട്ടക്കാരയ മാർ സാബോർ, മാർ അപ്രോത്ത് എന്നിവരും ഉണ്ടായിരുന്നു. സബ്രീശോ കൊല്ലം പട്ടണവും, തുറമുഖവും പുതുക്കിപണിതു. അതോടൊപ്പം ഒരു പള്ളിയും, പള്ളിയെചുറ്റി അങ്ങാടിയും പണിതീർത്തു. ക്രിസ്തു വർഷം 825 - ൽ തുറമുഖം തുറക്കുകയും, പള്ളിയിൽ വി. ബലി ആരംഭിക്കുകയും ചെയ്തു. ആ വർഷമാണ് മലയാള അബ്ദമായ *കൊല്ലവർഷത്തിന്റെ* ആരംഭം.


സത്യ വിശ്വാസികളുടെ പള്ളി എന്ന അർത്ഥത്തിൽ *ത്രിസൈശുബ്ഹോ* (ഓർത്തഡോക്സ്) പള്ളി എന്നാണ് പുതിയപള്ളിക്കു പേരിട്ടത്. അതു പ്രാദേശിക ഉച്ചാരണത്തിൽ *തരിസാപ്പള്ളി* എന്നായി. നസ്രാണികൾ മൊത്തത്തിൽ *തരിസായ്ക്കൾ* എന്നും അറിയപ്പെട്ടു തുടങ്ങി. ഇന്ന് കൊല്ലം പള്ളിക്കാർ *കൊല്ലക്കാരൻ മുതലാളി* എന്നാണ് അറിയപ്പെടുന്നത്. കൊല്ലവർഷം 24 - ൽ കേരള ചക്രവർത്തിയായ കോത്താണു ഇരവിയുടെ കാലത്ത് വേണാട്ടു രാജാവായ അയ്യനടികൾ തിരുവടികൾ തരിസാപ്പള്ളിക്ക് രണ്ടു ചെപ്പേടുകൾ നൽകി. ഈ ചെപ്പേടുകൾ വഴി പള്ളിക്കും അങ്ങാടിക്കും സംരക്ഷണവും, പ്രത്യേക വ്യാപാര മേഖലയും, പള്ളിക്കാർക്ക് ശ്രേഷ്ഠ പദവികളും, അളവുകളുടെയും തൂക്കത്തിന്റെയും മേൽനോട്ടവും ഏല്പിച്ചു കൊടുത്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതി വരെ ളാപ്പാലത്തിനു തെക്കുള്ള നസ്രാണികൾ എല്ലാം, *കുരക്കേണിക്കൊല്ലത്തു കുടിയിരിക്കും നസ്രാണി* എന്നാണ് അറിയപ്പെട്ടിരുന്നത്.

ക്രിസ്തുവർഷം 1500 - ൽ പോർട്ടുഗീസുകാർ കൊല്ലത്തെത്തി. താമസിയാതെ കൊല്ലത്തെ എക ക്രൈസ്തവ ദേവാലയമായ തരിസാപ്പള്ളി അവർ കൈയ്യടക്കി. അവരുടെ റോമൻ കത്തോലിക്കാ വിശ്വാസവുമായി ഒത്തുപോകാനാവാതെ കൊല്ലത്തെ നസ്രാണികൾ ക്രിസ്തുവർഷം 1519 - ൽ ഒരു കിലോമീറ്ററോളം അകലെ മേലേക്കൊല്ലത്ത് ഒരു പുതിയ ദേവാലയം സ്ഥാപിച്ചു പിരിഞ്ഞു. അതേ നൂറ്റാണ്ടിൽ തരിസാപ്പള്ളി കടലെടുത്തു പോയതതോടെ മാർത്തോമ്മൻ പൈതൃകത്തിന്റെയും തരിസാപ്പള്ളിയുടേയും പിന്തുടർച്ചയുള്ള ഏക ദേവാലയമായ പുതിയ പള്ളി, കൊല്ലത്തെ അവശേഷിക്കുന്ന ഏറ്റവും പുരാതന ദേവാലയമായി.

തെരിസാപ്പള്ളിയുടെ സ്ഥാപകരും, മലങ്കര നസ്രാണികൾ പരിശുദ്ധരായി ഗണിക്കുന്നവരുമായ മാർ സാബോർ, മാർ അപ്രോത്ത് എന്നിവരുടെ സ്മരണാർത്ഥമാണ് പുതിയ പള്ളി സ്ഥാപിച്ചത്. അവരെ അനുസ്മരിക്കുന്ന ഒരു പുരാതന ശിലാലിഖിതവും ഈ പള്ളിയിലുണ്ട്. 1599 - ൽ ഉദയംപേരൂർ സുന്നഹദോസ് മാർ സാബോർ, മാർ അപ്രോത്ത് എന്നിവർ പരിശുദ്ധരല്ലാ എന്നു പ്രഖ്യാപിക്കുകയും അവരുടെ പേരിലുള്ള പള്ളികളെല്ലാം സകല വിശുദ്ധന്മാരുടെയും - *കാദീശ* - പേരിലേയ്ക്കു മാറ്റുകയും ചെയ്തു. നിരണം, തിരുവിതാംകോട്, ആർത്താറ്റ് എന്നിവ പോലെ നേരിട്ടു മാർത്തോമ്മൻ പൈതൃകം ഉള്ള ദേവാലയമാണ് കൊല്ലം കാദീശാ പള്ളി.



WEDDING





പത്തനംതിട്ട കൊച്ചുപാറേട്ട് പ്രൊഫ. കെ.സി. മാണിയുടേയും ഓമനാ മാണിയുടേയും മകൻ ജോമു ജോർജ് എം. പാറേട്ടും കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളജ് മുൻ പ്രിൻസിപ്പൽ ഡോ. കെ.സി. രാജുവിന്റെയും റോസമ്മ രാജുവിന്റെയും മകൾ ജിഷാ എലിസബത്ത് രാജുവും പത്തനംതിട്ട സെന്റ് ബേസിൽ അരമന ചാപ്പലിൽ 2012 ജൂലൈ 8-ന് വിവാഹിതരായി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ എന്നിവർ ആശംസകൾ നേർന്നു.



മധുര ഭാഷകൻ

ഫാ. പി.വൈ. ജെസൻ

ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും (ദാനിയേൽ 12:3)

20-ാം നൂറ്റാണ്ടിൽ ജീവിച്ച് സഭയെ പ്രാർത്ഥനയുടെ സുഗന്ധത്താൽ പ്രശോഭിപ്പിച്ച ആചാര്യശ്രേഷ്ഠനാണ് മൈലപ്ര മാത്യൂസ് റമ്പാൻ. 1904 സെപ്റ്റംബർ 30-ന് കുമ്പഴ വേലശേരിൽ ഈശോ കത്തനാരുടെയും അച്ചാമ്മയുടെയും മകനായി ജനിച്ച മാത്യൂസ് റമ്പാൻ സ്വയം തിരഞ്ഞെടുത്ത സന്യാസത്തിന്റെ വഴികളിലൂടെ ദൈവത്തിനുവേണ്ടി ജീവിതമർപ്പിച്ചു.

തണ്ണിത്തോട്, തുമ്പാക്കുളം, മണ്ണീറ, എലിമുള്ളുംപ്ലാക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തവർക്കായി ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ അതികഠിനമായ പ്രയാസങ്ങൾ സഹിച്ചുകൊണ്ട് വിശ്വാസികൾക്കൊപ്പം നിന്നു.

ആർഷഭാരതത്തിന്റെ സന്യാസചര്യകൾ ജീവിതത്തിൽ പകർത്തിയ പുണ്യാത്മാവാണ് മാത്യൂസ് റമ്പാൻ. സർവ്വസംഗ പരിത്യാഗിയായി മൗനം, ധ്യാനം, കഠിനമായ ഉപവാസം തുടങ്ങിയ ജീവിതനിഷ്ഠകളിലൂടെ ഭാരതത്തിലെ ക്രൈസ്തവ സന്യാസത്വത്തിന് ഒരു പുതിയമുഖം പരിചിതമാക്കി. തന്റെ അടുക്കൽ പ്രാർത്ഥിച്ചു ആശ്വാസം കണ്ടെത്തിയവർ സമർപ്പിച്ച കാഴ്ചകൾ തന്റെ സുഖലോലുപതയ്ക്കോ, ആഡംബരജീവിതത്തിനോ മാറ്റിവയ്ക്കാതെ സമസൃഷ്ടികളിലേക്ക് ദാനം ചെയ്യുവാനും സഭയ്ക്കുവേണ്ടി അതൊക്കെയും മുതൽക്കൂട്ടുവാനും ആ പിതാവിനു കഴിഞ്ഞു. പ്രാർത്ഥനയും സന്യാസവുമൊക്കെ ഹൈടെക്ക് ജീവിതത്തിനും, സമ്പത്ത് ആർജ്ജിക്കുവാനും, അധികാരം ഉറപ്പിക്കുവാനും ഉള്ള ചെപ്പടി വിദ്യകളായി ആധുനിക യുഗത്തിൽ മാറ്റിമറിക്കുമ്പോൾ മാത്യൂസ് റമ്പാൻ നിഷ്ഠയോടുകൂടിയ ജീവിതശൈലിയാക്കി.

തണ്ണിത്തോട്ടിലും തുമ്പാക്കുളത്തും നെൽകൃഷിയും മറ്റും ചെയ്തു അട്ടച്ചാക്കൽ പ്രദേശത്ത് പാവങ്ങൾക്കുവേണ്ടി കഞ്ഞിയും മറ്റു ദാനങ്ങളും നൽകി.

പ്രാർത്ഥനയെന്നാൽ ദൈവത്തോടുള്ള നിരന്തരമായ മധുരഭാഷണമാണ്. അദ്ദേഹത്തിന്റെ ഡയറി കുറിപ്പുകളിലൂടെ രേഖപ്പെടുത്തപ്പെട്ട പ്രാർത്ഥനകൾ ഒരു സാധാരണമനുഷ്യന്റെ ജീവിതത്തെയും ഹൃദയത്തെയും സ്പർശിക്കുന്നു. ഒരു കുഞ്ഞ് പിതാവിനോട് സംസാരിക്കുന്നതുപോലെ ഉരുവിട്ട നിഷ്കളങ്കമായ പ്രാർത്ഥനകൾ. കർത്തൃസവിധം പൂകി രണ്ടു പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും അനേകർ ഇന്നും ഈ പിതാവിന്റെ പുണ്യമായ പ്രാർത്ഥനാജീവിതത്തിൽ ശരണപ്പെടുന്നു. *21-ാം ഓർമ്മപ്പെരുന്നാൾ സെപ്റ്റംബർ 4-ന് അദ്ദേഹം കബറടങ്ങിയ മൈലപ്രാ മാർ കുറിയാക്കോസ് ദയറായിൽ* ■



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

ഒരു മനോഹര നഗരത്തിൽ ഒരു വലിയ സർക്കസ് നടക്കുകയാണ്. അനേകം ആളുകൾ ആ സർക്കസ് ആസ്വദിച്ച് കൊണ്ടിരിക്കുകയാണ് കാണികൾ ശ്വാസമടക്കിപ്പിടിച്ച് നിൽക്കുന്ന തരത്തിൽ അനേകം പ്രകടനങ്ങൾ കലാകാരന്മാർ അവതരിപ്പിക്കുന്നുണ്ട്. ഓരോ പ്രകടനങ്ങളിലും ഓരോരുത്തരും ലയിച്ചിരിക്കുകയാണ്. ഇടവേളകളിൽ കോമാളി വേഷധാരികൾ വന്ന് അവരുടെ ഐറ്റം അവതരിപ്പിക്കുകയാണ്.

സർക്കസ് കൂടാരത്തിന്റെ ഒരു ഭാഗത്ത് തീ പടർന്നു പിടിച്ചു. കാണികൾ ഇതറിയാതെ കോമാളിത്തരങ്ങളിൽ ലയിച്ചിരിപ്പാണ്. കോമാളികളുടെ നേതാവ് സർക്കസ് കൂടാരം കത്തിത്തുടങ്ങിയത് അറിഞ്ഞപ്പോൾത്തന്നെ അയാൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "കൂടാരം കത്തുകയാണ്" ഇത് കേട്ട് ജനങ്ങൾ ചിരിച്ചു അവർ വിചാരിച്ചു അയാൾ തങ്ങളെ കബളിപ്പിക്കുകയാണെന്ന് അവർ കോമാളിയെ കയ്യടിച്ച് പ്രോത്സാഹിപ്പിച്ചു. കോമാളി ഞെട്ടിപ്പോയി അയാൾ കൂടുതൽ ഉച്ചത്തിൽ വിളിച്ച് പറഞ്ഞു. "ഞാൻ തമാശ പറയുകയല്ല. കൂടാരം കത്തുകയാണ്" ജനങ്ങൾ കൂടുതൽ കയ്യടിച്ച് ചിരിച്ചു. കോമാളിക്ക് എന്ത് ചെയ്യണമെന്ന് അറിയാതെയായി അവൻ നെഞ്ചത്തടിച്ച് പറയാൻ തുടങ്ങി "എന്നെ വിശ്വസിക്കൂ. കൂടാരം കത്തുകയാണ് നിങ്ങൾ അപകടത്തിലാണ്" പക്ഷെ ആരും അവനെ വിശ്വസിച്ചില്ല. ആളുകൾ ചിരിച്ചു കൊണ്ടേയിരുന്നു. അവർ കത്തിച്ചാമ്പലായി.

ഒരു വൃദ്ധൻ ഭൂമിയിലെ വൻമരങ്ങൾ മുറിച്ചിട്ട് ഒരു വലിയ കപ്പലുണ്ടാക്കി പ്രളയം ഉണ്ടാകുമെന്ന് അയാൾ ഉറക്കെപ്പറഞ്ഞു കൊണ്ടിരുന്നു. അത് വരെ മഴയെന്തെന്ന് കാണാത്തവർ ചിരിച്ച് കൊണ്ടേയിരുന്നു. മഞ്ഞ് പൊങ്ങുന്ന ഭൂമിയിൽ പ്രളയം അവരുടെ ചിരി വർദ്ധിച്ചതല്ലാതെ വൃദ്ധനെ അവർ ഉൾക്കൊണ്ടില്ല ഭൂമിയുടെ ഒരു വലിയ പൊട്ടിച്ചിരിപോലെ പ്രളയം ഉണ്ടായി ചിരിയുടെ ശേഷിപ്പുമുണ്ടായില്ല.

നിങ്ങളമർന്നിരിക്കുന്ന ലോകത്ത് നിങ്ങളുടെ കാൽച്ചുവട്ടിൽ വരെ പലതും കത്തിയെരിയുന്നുണ്ട്. നിങ്ങളുടെ വ്യഗ്രതകൾ ലോകത്തെ വിഴുങ്ങാൻ പരവേശപ്പെടുമ്പോൾ നിങ്ങളെ വിഴുങ്ങിക്കളയാവുന്ന ഒരു പ്രളയത്തിന്റെ ശേഷിപ്പുണ്ടെന്നും ഓർത്തുകൊള്ളണം.

ഉള്ള് കത്തുന്നതും,
വീട് പൊട്ടിത്തെറിക്കുന്നതും
നാട് ചേരി തിരിയുന്നതും
നാവ് ചോര ചീന്തുന്നതും
നാമറിയണം.
ഒരു പിൻ വിളിയിൽ നാം
ജാഗരൂകമാകണം.



LETTERS TO THE EDITOR

പള്ളികളുടെ പദവി

ജോഷ്വാ അച്ചൻ ജൂൺ ലക്കത്തിലെഴുതിയ പള്ളികളുടെ പദവി നിർണ്ണയം എന്ന ലേഖനം വളരെയേറെ ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. ഏതു മാനദണ്ഡമാണ് കത്തീഡ്രൽ, മഹാഇടവക, വലിയപള്ളി എന്നിവ കണക്കാക്കുന്നതിന് ഉപയോഗിക്കുക എന്ന് ഒരു നിശ്ചയവുമില്ല. ഒരു വലിയ പള്ളിയും കൂടുതൽ കുടുംബാംഗങ്ങളുമുണ്ടെങ്കിൽ ഈ പദവി ലഭിക്കും എന്നുള്ളത് ഒരു വലിയ പോരായ്മ തന്നെയാണ്. ഏതു സ്ഥാനവും വാരിക്കോരി കൊടുത്താൽ അതിന് വിലയില്ലാതാകും.

സഭയിൽ പള്ളികൾക്ക് പദവികൊടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കല്പനകൾ തീർച്ചയായും പാലിക്കപ്പെടണം.

പ്രത്യേക പദവി ആഗ്രഹിക്കുന്ന ഇടവക എല്ലാക്കാര്യത്തിലും സ്വയം പര്യാപ്തമായിരിക്കണം.

കെ.റ്റി. വർഗീസ്, നൂറനാട്

■

'ചിത്രവിലക്കു' ഒഴിവാക്കണം

പള്ളികളുടെ നാമഹേതുക്കളായ പരിശുദ്ധന്മാരുടെയും, മഹാപുരോഹിതന്മാരുടെയും ചിത്രങ്ങൾ പള്ളിയിൽ പ്രദർശിപ്പിച്ച്, വിശ്വാസികൾക്കു പാവനസ്മരണയ്ക്കും മദ്ധ്യസ്ഥതയ്ക്കും സാധിക്കത്തക്ക വിധം ഒരുക്കുന്നതും ഈ സഭകളുടെ ചിരപുരാതന വിശ്വാസാചാരത്തിന്റെ ഭാഗം തന്നെ. അതിൽ വിവേചനവും, വിവാദവും ഉണ്ടാക്കുകയല്ലാവേണ്ടത്. ദേവാലയ സ്ഥാപനം മുതൽ അതിൽ വച്ചിരിക്കുന്ന ചിത്രങ്ങളിൽ ചിലത്, അവരെ സഭ 'പരിശുദ്ധരായി' പ്രഖ്യാപിച്ചിട്ടില്ല എന്ന പേരിൽ മാറ്റേണ്ടി വരുന്നതും ചിലതിനു വിലക്കുകൾ കൽപ്പിക്കുന്നതും പ്രശ്നം സങ്കീർണ്ണമാക്കാനല്ലേ ഇടയാക്കുക!

സഭയുടെ പരമാദ്ധ്യക്ഷന്മാരായിരുന്ന കാലം ചെയ്ത പ. ബാവാമാരുൾപ്പെടെയുള്ള ശ്രേഷ്ഠ മഹാപുരോഹിതന്മാരുടെ ചിത്രങ്ങൾക്കു മലങ്കര ഓർത്തഡോക്സ് സഭയുടെ ചില പള്ളികളിൽ വിലക്കു ഏർപ്പെടുത്തുന്നത് ന്യായീകരിക്കാനാവുമോ?

സി.കെ. കുറിയാക്കോസ്,
ചിറപ്പുറത്ത്, കുഴിമറ്റം

■

ആധുനികം

ജൂൺ ലക്കത്തിൽ വന്ന 'ആധുനികം' എന്ന ചെറുകഥ മനോഹരമായിരുന്നു. ഈ കാലഘട്ടത്തിന്റെ കഥ, വ്യഥാ സ്ഥൂലതയില്ലാതെ, ചെത്തിമിനുക്കിയ വാക്യങ്ങളിൽ അവതരിപ്പിച്ച കഥാകൃത്തിനു അഭിനന്ദനങ്ങൾ.

- ബാബു ജേക്കബ്

■

ഒരുനാൾ വരും

"ഒരുനാൾ വരും" എന്ന തലക്കെട്ടിൽ പള്ളിയാരാധനയിൽ കാലോചിതമായി വരുത്തേണ്ട മാറ്റത്തെക്കുറിച്ച് പ്രതിപാദിച്ചതിന്റെ ചുവടു പിടിച്ചാണീ കത്ത്.

അനുതാപകരമായ വി. കുർബ്ബാന അർപ്പണം വിശ്വാസികളെ ആരാധനയിലേക്ക് ലയിപ്പിച്ചു നിർത്തുന്നതിൽ ഒരു പ്രധാന ഘടകമാണ്. ഹൃദയത്തിൽ നിന്നുയരുന്ന ഭക്തി സാന്ദ്രതയ്ക്കാണ് മുൻതൂക്കമെങ്കിലും, അതോടൊപ്പം ആകർഷണീയമായ "ചൊല്ലും ചൊലുത്തും" കൂടി ഒരു ക്വാളിറ്റി ആയി വൈദിക വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

അതുപോലെ നമ്മുടെ ശുശ്രൂഷകളുടെ സമയക്രമീകരണം കാലഘട്ടത്തിന്റെ ആവശ്യമാണ്. ദനഹാ ശുശ്രൂഷ, പെസ്സഹാ, ഈസ്റ്റർ ശുശ്രൂഷ ഇവ വെളുപ്പിനെ രണ്ടു മണിക്ക് ആരംഭിച്ച്, പുലർച്ചെ അവസാനിക്കുന്ന വിധത്തിലാണ്. മിക്കവാറും പള്ളികളിൽ ഏകാഗ്രതയോടെ ഏവരും ഒന്നിച്ചു പങ്കെടുക്കേണ്ടതായ ഈ ശുശ്രൂഷകളിൽ നല്ലൊരു ശതമാനം ജനങ്ങൾ പള്ളിപ്പരിസരങ്ങളിൽ കുത്തിയിരുന്നു ഉറക്കം തൂങ്ങുകയാണ് പതിവ്. അതിനാൽ കാനോനികമായും, വിശ്വാസപരമായും കാര്യമായ പ്രശ്നങ്ങൾ ഇല്ലെങ്കിൽ ഈ ശുശ്രൂഷകൾ സന്ധ്യാനമസ്കാരത്തോടുകൂടി ആരംഭിച്ച് പാതിരാത്രിക്കു മുൻപായി പൂർത്തിയാക്കിയാൽ കൂടുതൽ ജനപങ്കാളിത്തം ഈ ശുശ്രൂഷകളിൽ ഉണ്ടാവും.

ജോൺസി കോട്ടൂർ

■

പള്ളികളുടെ പദവി

പള്ളികളുടെ പദവി നിർണ്ണയം എന്ന ലേഖനത്തിന്റെ സംഗ്രഹം ഇടവകകൾക്ക് പദവികളും അംഗീകാരവും അഭിനന്ദനവും ഒക്കെ നൽകുമ്പോൾ മുഖ്യ അളവു കോലായി മാറേണ്ടത്, ആ ഇടവകയിലെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളായിരിക്കണമെന്നാണ്.

എന്നാൽ നിർഭാഗ്യം സഭയുടെ അടിസ്ഥാന ശിലകളായി വർത്തിക്കുന്ന ഇടവകകളിലെ ആദ്ധ്യാത്മികപ്രസ്ഥാനങ്ങൾക്കോ പ്രവർത്തകർക്കോ അർഹമായ അംഗീകാരമോ പരിഗണനയോ വേണ്ടത്ര ലഭിക്കുന്നില്ല.

വേതനമില്ലാത്ത സേവനം മാത്രം നൽകുന്ന, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ ഇടവക തലചുമതലക്കാരും പ്രവർത്തകരും ആത്മീയാചാര്യന്മാരിൽ നിന്നും സഭാ നേതാക്കളിൽ നിന്നുമൊക്കെ ഒരു വാക്കോ, ഒരു വാക്കോ, ഒരു ചെറുപുഞ്ചിരിയോ അഭിനന്ദനമായി കിട്ടുവാൻ ആഗ്രഹമില്ലാത്തവരായിരിക്കയില്ല.

എം.ടി. കുര്യൻ,
പുതുപ്പള്ളി

■

ഭയാനക ചിത്രങ്ങൾ

ഭയാനകമായ ചിത്രങ്ങൾ മലങ്കരസഭ മാസികയിൽ നിന്നും ഒഴിവാക്കുന്നത് നന്നായിരിക്കും.

വർഗീസ് ഡാനിയേൽ,
കുടപ്പനക്കുന്ന്

■

MEANINGFUL

The July issue of Malankara Sabha had an excellent article by Col. (Retd.) Alex P. Philip.

I think you should take it up at convenient Synod to make our church service more meaningful to the younger generations.

Most of them come after *Thubden* and just stand. No response. We have to somehow change it.

You should do your best

Mammen Varghese,
Kottayam

■

പഴമപ്പെരുമ

'മലങ്കരസഭ'മാസിക കെട്ടിലും മട്ടിലും കൂടുതൽ നന്നായി വരുന്നതിൽ സന്തോഷിക്കുന്നു. 'പഴമപ്പെരുമ' എന്ന പംക്തി ശ്രദ്ധേയമാണ്. മലങ്കരസഭയുടെ തലപ്പള്ളികളിലൊന്നും കുന്നംകുളം മെത്രാസനത്തിന്റെ ആസ്ഥാന ദേവാലയവുമായ ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലിനെക്കുറിച്ചുള്ള കുറിപ്പു കണ്ടപ്പോൾ ആ ഇടവകാംഗമായ എനിക്കും ഏറെ സന്തോഷം അനുഭവപ്പെട്ടു. ഏതാനും കാര്യങ്ങൾ കൂടെ അനുബന്ധമായി കുറിക്കട്ടെ.

ഈ ദേവാലയം നില്ക്കുന്ന താലൂക്കിന്റെ പേര് കുന്നംകുളം തലപ്പള്ളി താലൂക്ക് എന്നാണ്! തലപ്പള്ളി എന്ന ഒരു സ്ഥലം ഈ താലൂക്കിൽ എങ്ങുമില്ല. മറിച്ച് ഈ ദേവാലയത്തിന് കേരള ചരിത്രത്തിൽ തന്നെയുള്ള ബഹുമാന്യസ്ഥാനം സൂചിപ്പിക്കപ്പെടുന്ന - ഉദയംപേരൂർ സുന്നഹദോസ് ബഹിഷ്ക്കരിക്കുക മാത്രമല്ല, കുന്നംകുളത്തേക്ക് സൈനീക അകമ്പടിയോടും റോമിന്റെ അപ്പോസ്തോലിക ധാർഷ്ട്യത്തോടു കൂടെ എഴുന്നള്ളിവന്ന പറങ്കി മെത്രാനെ ആർത്ത് ആട്ടിയ 'അയത്ത അറ്റത്തെ'- ആർത്താറ്റ് - പള്ളിയെന്ന അർത്ഥത്തിലാണ് കുന്നംകുളം ചാട്ടംകുളങ്കര പള്ളി ആർത്താറ്റ് ദേവാലയമെന്ന് അറിയപ്പെട്ടു തുടങ്ങിയത്. ടിപ്പു സുൽത്താൻ പള്ളി ആക്രമിക്കുകയും തീവച്ച് നശിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആ സംഭവവും ആർത്താറ്റ്

എന്ന നാമവും തമ്മിൽ ബന്ധമില്ല.

കോട്ടയം പഴയ സെമിനാരി ആരംഭിക്കുന്നതു വരെയും ആർത്താറ്റ് പള്ളിയുടെ തെക്കുകിഴക്കു ഭാഗത്ത് സെഹിയോൻ മാളിക എന്ന പേരിൽ ഒരു മല്പാൻ പള്ളിക്കൂടം ക്രമീകൃതമായി നടന്നിരുന്നു. പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാൻ (ദീവന്നാസ്യോസ് II), കായംകുളം ഫീലിപ്പോസ് റമ്പാൻ തുടങ്ങി അനേക പണ്ഡിതർ ഇവിടെ അദ്ധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ട്. ആദ്യമലയാള വേദപുസ്തക തർജ്ജമയുടെ അകകളരിയും സുറിയാനി വേദഗ്രന്ഥങ്ങളുടെ പകർത്തെഴുത്ത് സ്ഥലവുമായി അനേക നാളുകൾ ഈ സ്ഥാപനം പ്രവർത്തിച്ചു. ഇവിടം സന്ദർശിച്ച ബുക്കാനൻ സായിപ്പ് ഒരു സ്വർണ്ണമെഡൽ (പത്താക്ക്) ഈ ദേവാലയത്തിനും തിയോളജിക്കൽ സ്ക്കൂളിനുമായി സമ്മാനിച്ചത് ഇന്നും പള്ളി മേടയിൽ സൂക്ഷിക്കുന്നു. പിന്നീട് പഴയസെമിനാരി നവീകരണകാറ്റിൽ പ്രവർത്തന രഹിതമായപ്പോഴും ഇവിടെ പഠനം പുനരാരംഭിക്കുകയും സഭയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. പുലിക്കോട്ടിൽ രണ്ടാമൻ (ദീവന്നാസ്യോസ്-5) ഇവിടെ വിദ്യാർത്ഥിയും പിന്നീട് അദ്ധ്യാപകനുമായി പ്രവർത്തിച്ചു. യുയാക്കീം മാർ കൂറിലോസ്, പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (പുലിക്കോട്ടിൽ ഒന്നാമന്റെ സഹോദരപുത്രനും രണ്ടാമന്റെ പിതൃസഹോദരനുമായി ദീർഘകാലം ആർത്താറ്റ് വികാരിയായി പ്രവർത്തിച്ചു) തുടങ്ങിയവർ അദ്ധ്യാപകരായിരുന്നു.

ഡോ.ഗീവർഗീസ് മാർ യൂലിയോസ്,
അഹമ്മദാബാദ് ഭദ്രാസനം

■


'സൂര്യ'നെ തളയ്ക്കണം

വാർത്താ പ്രക്ഷേപണം മാധ്യമങ്ങളുടെ അവകാശമാണ്. പക്ഷേ വാർത്തകളെ വളച്ചൊടിക്കുകയോ മത-വികാര-വിചാര വിശ്വാസങ്ങളെ അധിക്ഷേപിക്കുകയോ ചെയ്താൽ പ്രതികരിക്കണം. കോലഞ്ചേരിപ്പള്ളിയും കൊച്ചിയിലെ വില്പനയെയുംപ്പറ്റിയുള്ള വാർത്തകൾ 'സൂര്യ'ടവിയിൽ പ്രക്ഷേപണം ചെയ്തത്, മദ്യക്കുപ്പികളുടെ പശ്ചാത്തലത്തിൽ 'വെളിവുനിറഞ്ഞോരീശോ...' എന്ന ഗാനത്തോടെയായിരുന്നു. നമ്മുടെ വിശുദ്ധ കുർബാനയുടെ ആരംഭസ്തുതി വികലമായി ഉപയോഗിച്ചതിൽ ആർക്കും ദുഃഖമില്ലേ, പ്രതിഷേധമില്ലേ?

ആദ്യം, ജനകീയമായ അംഗീകൃതവഴി സ്വീകരിക്കാം. ഇനി നമ്മേ അടച്ചാക്ഷേപിക്കുന്ന ഒരു പ്രക്ഷേപണം ഉണ്ടായാൽ (ഏതു ചാനലായാലും) ഒരാഴ്ചക്കുള്ളിൽ ഇന്റർനെറ്റ് അറിയാവുന്നവരെല്ലാം www.ibfindia.com എന്ന website ൽ complaints and Redressals ക്ലിക്ക് ചെയ്ത് ബ്രോഡ്കാസ്റ്റിംഗ് കൗൺസിലിനോട് (BCCC) പരാതിപ്പെടൂ. Website നിറയ്ക്കൂ! അടുത്ത പടി പിന്നീട്. മൗനം സമ്മതമായി ഇനിയാരും കരുതാനിട വരരുത്. .

Col (Retd) Alex Philip

■



മനുഷ്യൻ ജീവിച്ചിരിക്കുന്നത് അവന്റെ പുരുഷാർത്ഥങ്ങൾ സാധിക്കാനാണ്. തന്റേതായ കടമകളും, കർത്തവ്യങ്ങളും നിറവേറ്റിക്കൊണ്ട്, താൻ ആരാണ്? തന്റെ ജന്മ (ജീവിത) ലക്ഷ്യമെന്താണ്? എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് സർവ്വേശ്വരനിലേക്കുള്ള പ്രയാണത്തിൽ രോഗദുരിതങ്ങളില്ലാത്ത ദീർഘായുസ്സ് അത്യന്താപേക്ഷിതമാണ്.

"ആയുഃകാമയമാനേന ധർമ്മാർത്ഥ സുഖസാധനം ആയുർവേദ ഉപദേഷ്ഠ വിധേയഃ പരമാദരഃ!"

ധർമ്മ, അർത്ഥ, കാമ, മോക്ഷങ്ങളിലൂടെ (ധർമ്മത്തിലൂന്നിയ അർത്ഥസമ്പാദനത്തിലൂടെ, മോക്ഷത്തിലുള്ള അടങ്ങാത്ത കാമത്തിലൂടെ) മനുഷ്യന് കടന്നുപോകാൻ വേണ്ടി ആയുസ്സിനെ ആഗ്രഹിക്കുന്നു. സമഗ്രമായ ആരോഗ്യം മനുഷ്യന് സ്വായത്തമാക്കാൻ വേണ്ടിയാണ് ആയുർവേദം ഉപദേശിക്കപ്പെട്ടിരിക്കുന്നത്. ഇങ്ങനെയുള്ള ആയുർവേദം അനാദിയും അനന്തവുമാണ്.

ആയുർവേദത്തിന്റെ പരമലക്ഷ്യമായ ആരോഗ്യപരിപാലനത്തിനായി അവൻ അനുഷ്ഠിക്കേണ്ട കർമ്മങ്ങളെ ദിനചര്യ, ഋതുചര്യ, സദ്വൃത്തം, ആഹാരവിധി തുടങ്ങിയ ശീർഷകങ്ങളിലൂടെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

ദിനചര്യയിലൂടെ നമുക്ക് ആ വിഷയങ്ങളിലേക്ക് കടക്കാം. 'ദിനചര്യ' എന്നുപറഞ്ഞാൽ മനുഷ്യൻ രാവിലെ ഉണരുന്നതു മുതൽ ഉറങ്ങുന്നതു വരെ ഒരു ദിവസം അവൻ ചെയ്യേണ്ടുന്ന കർമ്മങ്ങളാണ്.

"ബ്രാഹ്മേ മുഹൂർത്തേ ഉത്തിഷ്ഠേത് ... സ്വസ്ഥേ രക്ഷാർത്ഥമായുഷഃ"

ആയുസ്സിന്റെ രക്ഷയ്ക്കായി സ്വസ്ഥനായ ആൾ (ആരോഗ്യവാൻ) ബ്രാഹ്മമുഹൂർത്തത്തിൽ തന്നെ എഴുനേല്ക്കണം. ബ്രാഹ്മമുഹൂർത്തത്തിന്റെ സമയക്ലിപ്തതയെപ്പറ്റി വിവിധ ആചാര്യന്മാർക്ക് വ്യത്യസ്ഥമായ അഭിപ്രായങ്ങളാണ് ഉള്ളത്. തർക്കവിതർക്കങ്ങളിലേക്ക് കടക്കാതെ നമുക്ക് അത് രാവിലെ 4 മണി മുതൽ 5.15 AM വരെയുള്ള സമയമായി എടുക്കാം.

എഴുന്നേറ്റാൽ ഉടൻ തന്നെ ശാരീരാദി മലനിർവാരണം (മലമൂത്രാദി വിസർജ്യങ്ങൾ) ചെയ്യണം. ശരിയായ ശോധനയ്ക്കു ശേഷം പല്ല് തേയ്പ്, നാവു വൃത്തിയാക്കുക. മൂക്കിൽ മരുന്നൊഴിക്കുക, കവിൾകൊള്ളുക എന്നീ കർമ്മങ്ങൾ വേണ്ടവിധം അനുഷ്ഠിക്കുക. ശേഷം ശാരീരമാസകലം (തലമുതൽ പാദം വരെ) എണ്ണ പുരട്ടുക.

"അഭ്യംഗമാചരേത് നിത്യം സജരാശ്രമ വാതാഹാ, ദൃഷ്ടിപ്രസാദപുഷ്ട്യായു സുസ്വപ്ന ത്വക്ദാർഢ്യകൃത്, ശിരശ്രവണപാദേഷ്ഠു വിശേഷണ ശീലയേത്", 'അഭ്യംഗം' അഥവാ എണ്ണതേയ്ക്കൽ

പതിവായി ചെയ്താൽ അത് ജരാനരകളെ അകറ്റുകയും, ശാരീരിക-മാനസിക ക്ഷീണങ്ങളേയും, വാതത്തേയും ശമിപ്പിക്കുകയും ചെയ്യും. അത് കൂടാതെ കണ്ണിന്റെ കാഴ്ചശക്തി, ദേഹപുഷ്ടി, ദീർഘായുസ്സ് എന്നിവയെ പ്രദാനം ചെയ്യുന്നു. ശരിയായ രീതിയാലുള്ള എണ്ണതേയ്ക്കലിനു ശേഷം ലഘുവായ വ്യായാമങ്ങൾ ചെയ്യുക.

"ലാഘവം കർമ്മസാമർത്ഥ്യം ദീപ്തോഗ്നി, മേദസഃക്ഷയഃ വിഭക്തഘന ഗാത്രത്വം വ്യായാമാദുപജായതേ", ശരീരത്തിനു ലഘുത്വം, പ്രവർത്തികൾ ചെയ്യാനുള്ള സാമർത്ഥ്യം, ദഹനം, വർദ്ധിപ്പിക്കും ദുർമേദസ്സിന്റെ നാശം, ഉറച്ച ശരീരം എന്നിവയാണ് വ്യായാമത്തിന്റെ പ്രയോജനം ഇവിടെ നാം മനസ്സിലാക്കേണ്ട പ്രധാന വസ്തുത, കഠിനമായ വ്യായാമ മുറകളെ ആയുർവേദം പ്രോത്സാഹിപ്പിക്കുന്നില്ല എന്നുള്ളതാണ്.

'അർദ്ധ ശക്ത്യാ നിഷേവ്യസ്തു.....' നല്ല ആരോഗ്യമുള്ളവർ പോലും ശരീര ബലത്തിന്റെ പകുതി ശക്തി ഉപയോഗിച്ചു മാത്രമേ വ്യായാമം ചെയ്യാവൂ. ഇനിയാണ് സ്നാനം അഥവാ കുളിയുടെ പ്രത്യേകതകളും ആവശ്യകതയും.

"സ്നാനം ദീപനമായുഷ്യം വൃഷ്യം ഊർജ്ജബലപ്രദം....!"

ശാസ്ത്രനിബദ്ധമായ കുളി-ദഹനശക്തിയെ വർദ്ധിപ്പിക്കുകയും, ജീവശക്തിയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നതാകുന്നു. കൂടാതെ ആയുസ്സിന് ഹിതവും, ലൈംഗികശേഷി വർദ്ധിപ്പിക്കുന്നതും, മാനസികമായ സന്തോഷത്തേയും ബലത്തേയും ഉണ്ടാക്കുന്നതുമാകുന്നു.

ശരീരത്തിനുണ്ടാകുന്ന ചൊറിച്ചിൽ, അഴുക്ക്, തളർച്ച, വിയർപ്പ്, മടി/അലസത, ദാഹം. എന്നിവയെ ശമിപ്പിക്കുന്നതുമാകുന്നു. വിസ്തര ഭയത്താൽ ദിനചര്യകളെ കുറിച്ചുള്ള വിശദീകരണം ഉപസംഹരിക്കുകയാണ്. ദൈനംദിന കർമ്മങ്ങൾക്കു ശേഷം രാത്രി സുഖകരമായ രീതിയിലും, സൗകര്യങ്ങളോടും കൂടി നേരത്തെ തന്നെ കിടക്കുക. വേണ്ട വിധത്തിലുള്ള ഉറക്കവും ഉണർച്ചയും മനുഷ്യന്റെ ശാരീരികവും, മാനസികവും, ലൈംഗികവുമായ സന്തുലിതാവസ്ഥയ്ക്ക് ഒഴിച്ചുകൂട്ടാനാവാത്തതും, അത്യാവശ്യവുമാണ്.

സർവ്വേ ജനാഃ സുഖിനഃ, സർവ്വേ സന്തു നിരാമയാ

(9946661101)

മാർ പക്കോമിയോസിന്
ജന്മനാട് വിട നൽകി



കുറിച്ചി: പിറന്ന നാടിന്റെ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി ഏറ്റുവാങ്ങി മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് കുറിച്ചി വലിയ പള്ളിയോട് വിടവാങ്ങി. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കുടുംബാംഗമായ മാർ പക്കോമിയോസ് തിരുമേനി കുറിച്ചി കോലത്തുകളത്തിൽ നെയ്ശേരിൽ കുടുംബാംഗമാണ്.

മാതൃ ഇടവകയായ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് വലിയ പള്ളിയിൽ പൊതുദർശനത്തിനുവച്ച ഭൗതിക ശരീരത്തിൽ വിവിധ തുറകളിലുള്ള ആയിരക്കണക്കിനാളുകളാണ് അന്ത്യാഞ്ജലി അർപ്പിച്ചത്. സഹോദരങ്ങളും, ബന്ധുക്കളും അയൽക്കാരും, കണ്ണീരോടെയാണ് പള്ളിയിൽ നടന്ന ശുശ്രൂഷകളിൽ പങ്കെടുത്തത്.

മൂന്നരയോടെയാണ് ഭൗതിക ദേഹവും വഹിച്ചുകൊണ്ടുള്ള ആംബുലൻസ് പള്ളിമുറ്റത്തേക്ക് എത്തിയത്. ഈ സമയം വൈദികരും, നൂറുകണക്കിനാളുകളാണ് അന്ത്യയാത്ര നൽകാനായി ഇവിടെ കാത്തുനിന്നത്. തുടർന്ന് കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ശുശ്രൂഷകൾ ആരംഭിച്ചു.

ഡോ. യൂഹാനോൻ മാർ തേവോദോറോസ്, കുര്യാക്കോസ് മാർ ക്ലീമ്മീസ്, ആർച്ച്ബിഷപ്പ് ജോസഫ് പൗവ്വത്തിൽ, മാർത്തോമ്മാ സഭ കോട്ടയം-കൊച്ചി ഭദ്രാസനാധിപൻ മാത്യൂസ് മാർ മക്കാറിയോസ്, ക്നാനായ സഭയ്ക്കുവേണ്ടി കുര്യാക്കോസ് മാർ ഈവാനിയോസ്, ഓർത്തഡോക്സ് സഭ അൽമായ ട്രസ്റ്റി എം.ജി. ജോർജ് മുത്തൂറ്റ് എന്നിവർ അന്ത്യാഞ്ജലി അർപ്പിച്ചു.

എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ, കൊടിക്കുന്നിൽ സുരേഷ് എം.പി., സുരേഷ് കുറുപ്പ് എം.എൽ.എ., ജോസഫ് എം. പുതുശ്ശേരി, ജോബ് മൈക്കിൾ, സണ്ണി കല്ലൂർ തുടങ്ങിയവർ അന്ത്യോപചാരമർപ്പിച്ചു.

OSSAE-OKR Annual General Body Meeting Postponed

Kindly note that the Annual General Body Meeting of OSSAE-OKR which was scheduled to be held on 8-9 September 2012 is postponed to be held on 15-16 September 2012 at STOTS. For further information contact Fr. Dr. Geevarghese K (Director). Mob 09657188982,

rejiachan@hotmail.com

മാവേലിക്കരയുടെ പ്രഥമ മെത്രാപ്പോലീത്ത


മാവേലിക്കര: 2002-ൽ മാവേലിക്കര ഭദ്രാസനം രൂപീകരിച്ചപ്പോൾ മെത്രാപ്പോലീത്തായായി നിയമിതനായത് പൗലോസ് മാർ പക്കോമിയോസ് ആണ്.

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ കൊല്ലം, നിരണം, ചെങ്ങന്നൂർ ഭദ്രാസനങ്ങളിലെ 40 പള്ളികൾ ഉൾക്കൊള്ളിച്ച് 2002 ആഗസ്റ്റ് 10-ലെ 134/2002 -ാം നമ്പർ കല്പന പ്രകാരം മാവേലിക്കര ഭദ്രാസനം രൂപീകരിച്ചു.

തഴക്കര എം. എസ്. സെമിനാരി താൽക്കാലിക ഭദ്രാസന കേന്ദ്രമായി അനുവദിച്ചു.

2004 ഡിസംബർ 11-ന് നടന്ന ഭദ്രാസന പൊതുയോഗം മാവേലിക്കര ഭദ്രാസനത്തിന് ആധുനികരീതിയിലുള്ള ആസ്ഥാന മന്ദിര സമുച്ചയം നിർമ്മിക്കുവാൻ തീരുമാനിച്ചു. മാവേലിക്കര ഗവ. ആശുപത്രി ജംഗ്ഷനിൽ തെക്ക് കിഴക്കായി അരകിലോമീറ്റർ അകലം ഒന്നര ഏക്കർ വസ്തു 35 ലക്ഷം രൂപയ്ക്ക് വാങ്ങി. ഇവിടെയാണ് മൂന്നു കോടി രൂപ ചെലവിൽ 13000 ചതുരശ്രഅടിയിൽ പണിത ആസ്ഥാന മന്ദിരമായ തെയോഭവൻ അരമന.

ചുമതലയേറ്റു



ഫാ. ജെയിംസ് മർക്കോസ് പടിയറ




ഫാ. റിഞ്ചു പി. കോശി അടൂർ

ബാലസമാജം കേന്ദ്ര ഭാരവാഹികളായി ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനി പ്രസിഡന്റായും, ഫാ. ജെയിംസ് മർക്കോസ് പടിയറ (കോട്ടയം ഭദ്രാസനം) വൈസ് പ്രസിഡന്റായും, ഫാ. റിഞ്ചു പി. കോശി (അടൂർ-കടമ്പനാട് ഭദ്രാസനം) ജനറൽ സെക്രട്ടറിയായും ചുമതലയേറ്റു. ജോയിന്റ് സെക്രട്ടറിമാരായി- ജേക്കബ് തോമസ് ഇളവെട്ടയിലും, ആനി ജോൺ ശങ്കരത്തിലും; ട്രഷറർ- ഷൈജു ജോൺ, പ്ലാവിളവീട്, കുണ്ടറ തെരഞ്ഞെടുത്തു.


ശതോത്തര രജത ജൂബിലി ഉദ്ഘാടന സമ്മേളനം

മല്ലപ്പള്ളി: പാതിക്കാട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ശതോത്തര രജത ജൂബിലി 125 വർഷം ഉദ്ഘാടനം ആന്റോ ആന്റണി എം.പി. നിർവ്വഹിച്ചു. അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ജീവകാരുണ്യ പദ്ധതികൾ മാത്യു ടി തോമസ് എം.എൽ.എ. ഉത്ഘാടനം ചെയ്തു. സ്ലീബാ റമ്പാൻ, ഫാ. കെ. എ. എബ്രഹാം, ഫാ. ജോജി എം. എബ്രഹാം, വികാരി ഫാ. ജോൺ മാത്യു, ശാന്തമ്മ വർഗീസ്, ജോജി കെ. ജേക്കബ്, ഡോ. ഐസക് തോമസ് എന്നിവർ പ്രസംഗിച്ചു. 125 വർഷം മുമ്പ് പരിശുദ്ധ പരുമല തിരുമേനിയാണ് ശിലാസ്ഥാപനം നടത്തി ദേവാലയം നിർമാണം പൂർത്തിയാക്കിയത്. ജൂബിലിയോടനുബന്ധിച്ച് വിവാഹ സഹായ പദ്ധതി, പെൻഷൻ പദ്ധതി, കാൻസർ രോഗികൾക്കുള്ള ചികിത്സാ പദ്ധതി, മാർ ഒസ്താത്തിയോസ് വിദ്യാഭ്യാസ സഹായ പദ്ധതി, ഇടവക സംഗമം എന്നീ പരിപാടികൾ ശതോത്തര ജൂബിലിയോടനുബന്ധിച്ച് നടത്തുന്നു.

കരസ്ഥമാക്കി




കാർത്തികപ്പള്ളി സെന്റ് തോമസ് കത്തീഡ്രൽ ഇടവകയിൽ പ്ലാവന്നാൽ വീട്ടിൽ ഉമ്മൻ പി മാത്യുവിന് കേരള സർവ്വകലാശാലയിൽ നിന്നും ഡമോഗ്രഫിയിൽ പി.എച്ച്.ഡി. ലഭിച്ചു. തിരുവനന്തപുരം പോപ്പുലേഷൻ റിസേർച്ച് സെന്റർ ഉദ്യോഗസ്ഥനാണ്. ഭാര്യ മീരാ ജോൺ.



വിവാഹ സഹായനിധി കമ്മിറ്റി കൺവീനറായി കോശി ഉമ്മൻ കിഴക്കേടത്തിനെ നിയമിച്ചു. കൊട്ടാരക്കര-പുനലൂർ ഭദ്രാസനം പട്ടമല, സെന്റ് ജോർജ് ഇടവക.



സൺഡേസ്ക്കൂൾ 10-ാം ക്ലാസ്സ് പരീക്ഷയിൽ യു.എ.ഇ. യിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിനയ മറിയം കോശി, അബുദാബി സെന്റ് ജോർജ് കത്തീഡ്രൽ അംഗവും പന്തളം തേജസ് ലൗലി ഹോമിൽ കോശി മാത്യുവിന്റെയും സൂസൻ കോശി മാത്യുവിന്റെയും മകളുമാണ്.



All India Conference of Intellectuals ഏർപ്പെടുത്തിയ അവാർഡിന് ബാംഗ്ലൂർ അൾസൂർ സരസ്വതീപുരം ഗോൾഡൻ കാസിലിൽ റിട്ട. ലഫ്. കേണൽ കെ. സി. ജോർജ് അർഹനായി. കൊച്ചിയിൽ നടന്ന ചടങ്ങിൽ മുൻ പഞ്ചാബ് ഗവർണ്ണർ ഒ.പി. വർമ്മ അവാർഡ് സമ്മാനിച്ചു. പന്തളം കുടശ്ശനാട് കാരോട്ടു കുടുംബാംഗമായ കെ. സി. ജോർജ് ബാംഗ്ലൂർ ഇന്ദിരാനഗർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമാണ്.



ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നിന്നും ബി.എ. ഇക്കണോമിക്സിന് എല്ലാ വിഷയത്തിനും A+ നേടിയ നീഹാ സൂസൻ ജേക്കബ്. പത്തിച്ചിറ സെന്റ് ജോൺസ് ഇടവക പ്രൊഫ. ജേക്കബ് ജോർജിന്റെയും, ഡോ. ബീനാ ജേക്കബിന്റെയും മകൾ.



ആന്റിനർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇൻഡ്യ (അനാസി) ഏർപ്പെടുത്തിയിട്ടുള്ള 2012 ലെ 'സ്ത്രീ ജ്യോതി അവാർഡ് 2012 കരസ്ഥമാക്കിയ ശ്രീമതി കുഞ്ഞന്നാമ്മ കുഞ്ഞ്. കൊടുമൺ പഞ്ചായത്ത് ഐക്കാട് 15-ാം വാർഡ് മെമ്പറും, അടൂർ-കടമ്പനാട് മെത്രാസനത്തിലെ ഐക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗവുമാണ്.'



കോഴിക്കോട് NIT യിൽ നിന്നും ബി.ടെക് സിവിൽ എഞ്ചിനീയറിംഗിന് രണ്ടാം സ്ഥാനം നേടിയ അലീന അലക്സ് കോഴിക്കോട് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകയിലെ ഡോ. അലക്സ് ഉമ്മന്റേയും, ഡോ. ബീനാ ഉമ്മന്റേയും (ഇരുവരും കോഴിക്കോട് മെഡിക്കൽ കോളേജ്) മകൾ.

ഒ.വി.ബി.എസ്. ഗാനങ്ങൾ ക്ഷണിക്കുന്നു

ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ 2013-ലേക്കുള്ള ഗാനങ്ങൾ ക്ഷണിക്കുന്നു. "കർത്താവിന്റെ സന്നിധിയിൽ താഴുവിൻ അവൻ നിങ്ങളെ ഉയർത്തും" എന്നതാണ് ചിന്താവിഷയം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി മറ്റ് ഭാഷകളിലോ ഗാനങ്ങൾ എഴുതി, ട്യൂൺ ചെയ്ത് സി.ഡി. യിൽ പാടി, ഒ.വി.ബി.എസ്. ഡിപ്പാർട്ട്മെന്റ്, ഒ.എസ്.എസ്.എ.ഇ. കാതോലിക്കേറ്റ് പാലസ്, ദേവലോകം, കോട്ടയം എന്ന വിലാസത്തിൽ സെപ്റ്റംബർ 20-ന് മുമ്പ് അയയ്ക്കുക. *ഫോൺ; 9446448215*



സീറോ മലബാർ സഭയുടെ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന കേന്ദ്രം സന്ദർശിച്ചപ്പോൾ. ചിക്കാഗോ രൂപതാ അധ്യക്ഷൻ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, സീറോ മലങ്കര കാത്തലിക് ബിഷപ് ഡോ. തോമസ് മാർ യൗസേബിയോസ്, ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കോളാവോസ്, മുംബൈ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് എന്നിവർ സമീപം.

സി.ആർ.പി.എഫ് ക്യാമ്പിൽ ഓർത്തഡോക്സ് ആരാധന

തിരുവനന്തപുരം പള്ളിപ്പുറം സി.ആർപി.എഫ് പട്ടാളക്യാമ്പിൽ ഓർത്തഡോക്സ് ആരാധന ആരംഭിച്ചു. തലസ്ഥാന നഗരിയിൽ വിവിധ സ്ഥലങ്ങളിൽ പുതുതായി ഇടവകകളും ആരാധനാ കേന്ദ്രങ്ങളും ആരംഭിക്കുന്നതിന്റെ ഭാഗമായി പട്ടാളക്യാമ്പിലെ ചാപ്പലിൽ ഓർത്തഡോക്സ് ആരാധന നടത്തുന്നതിന് അനുമതി ലഭിച്ചു. ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രഥമ കുർബാന അർപ്പിച്ചു. തലസ്ഥാന നഗരിയിലും പരിസര പ്രദേശങ്ങളിലും പുതിയ ഇടവകകൾക്കു രൂപം കൊടുക്കുന്നതിനായി ജോസഫ് സാമുവെൽ കറുകയിൽ കോർ എപ്പിസ്ക്കോപ്പായെ മെത്രാപ്പോലീത്താ നിയമിച്ചു. വി. സ്തേഫാനോസ് സഹദായുടെ നാമത്തിലാണ് പുതിയ ആരാധനാ കേന്ദ്രം. സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ സി.ആർ.പി.എഫ്. ക്യാമ്പ് പള്ളിപ്പുറം തിരുവനന്തപുരം എന്നായിരിക്കും ആരാധനാ കേന്ദ്രത്തിന്റെ പേര്. ലത്തിൻ കത്തോലിക്കാ സഭയ്ക്കു മാത്രമെ അവിടെ ആരാധന നടത്തുവാൻ അനുമതി ലഭിച്ചിരുന്നുള്ളു.

അഖില മലങ്കര പ്രസംഗ മത്സരം

കായംകുളം ഫിലിപ്പോസ് റമ്പാൻ അനുസ്മരണ പ്രസംഗ മത്സര തലത്തിൽ 2012 സെപ്റ്റംബർ 8-ാം തീയ്തി ശനിയാഴ്ച രാവിലെ 9.30 മുതൽ അടൂർ കണ്ണംകോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് നടക്കുന്നതാണ്. ഓർത്തഡോക്സ് സഭയിലെ ഓരോ ഇടവകയിൽ നിന്നും 14-നും 21-നും ഇടയ്ക്ക് പ്രായമുള്ള ഒരു അംഗത്തിന് പങ്കെടുക്കാം. പ്രസംഗത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപാ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്. അന്വേഷണങ്ങൾക്ക് :9495537537

പിൻമൊഴി

കാക്കികൾ പൂക്കുന്ന കാലം

വെള്ളത്തേക്കാൾ കട്ടിയുള്ള രക്തം എന്നൊക്കെ ഉള്ളിൽത്തട്ടി പറയുന്ന ആത്മ ബന്ധമൊന്നും ഒഞ്ചിയത്ത് മൃതിയടഞ്ഞ സഖാവുമായി കോൺഗ്രസിനില്ല. രക്തബന്ധങ്ങൾക്ക് മുറിവേല്ക്കുമ്പോൾ സഹോദരൻ കാട്ടുന്ന ആത്മവീര്യവുമല്ല അഭ്യന്തരമന്ത്രിക്കുള്ളത്. ചുവപ്പുകൊടിയോട് ഒരു സാധാരണ കോൺഗ്രസുകാരന്റെ മനോഭാവം മാത്രമാണിത്. മുനമടങ്ങും മുമ്പ് വാൾ വീശി സംഹാരം തികയ്ക്കുന്ന ഒരുതരം വാനരഭീതി.

കൊല അപലപിക്കപ്പെടേണ്ടതു തന്നെ. പക്ഷേ എല്ലാ പാതകങ്ങളോടും ഈ മനോഭാവം ഇല്ലാത്തതെന്തേ. കാട്ടിലും മേട്ടിലും പോലീസ് കാട്ടുന്ന ഈ വ്യഗ്രത സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി മാത്രമാണെന്നു പറഞ്ഞാൽ നിക്ഷേധിക്കാകുമോ. മരിച്ചത് ഒരു കോൺഗ്രസുകാരനായിരുന്നെങ്കിൽ പോലും ഇത്രയുമൊരു ശുഷ്ക്കാന്തി കാണില്ലായിരുന്നുവെന്നാണ് പിൻമൊഴി.

എത്രതന്നെ ആധുനിക പരിശീലനം കിട്ടിയാലും കിന്നരിത്തലപ്പാവുകൾക്കു താഴെ കേരളാ പോലീസിനെന്നും ഓച്ഛാനം മാത്രമാണ് വശമെന്നാണ് ഞങ്ങൾ ധരിച്ചിരുന്നത്. പക്ഷേ ഇപ്പോൾ പറയുന്നു ആരും അറസ്റ്റിന് അതീതരല്ല ഭേഷ്! പക്ഷേ നിങ്ങൾക്ക് താല്പര്യമുള്ള ഒരു കേസിന്റെ കാര്യത്തിൽ മാത്രം ഇതാകരുത്.

പെരുമ്പാവൂരിന്റെ വിരിമാറിൽ വെട്ടേറ്റു മരിച്ച ഒരു മലങ്കര വർഗീസിന്റെ നിലവിളി കേരളാ പോലീസിന്റെയും സി.ബി.ഐ.യുടെയും ഫയലിൽ കുടങ്ങിക്കിടക്കുകയാണ്. ഇപ്പോൾ കാണിക്കുന്ന നിർഭയത്വത്തിന്റെ ഒരു ശതാംശമെങ്കിലും കാണിച്ചാൽ... ഭൂമിയിൽ നിന്ന് നിലവിളിക്കുന്ന ഹാബേലിന്റെ രക്തത്തിന് ഒരറുതി യുണ്ടാകും.

അതുമാത്രമല്ല നേതാക്കളേ എല്ലാ കൊലകൾക്കും തുമ്പുണ്ടാകണം. ജീവനെ വച്ച് വിലപറയുന്ന അക്രമം അവസാനിപ്പിക്കണം. പോലീസ് ആദ്യം ക്രമസമാധാനം നിയന്ത്രിക്കട്ടെ. കള്ളപ്പണത്തിനും കോടികൾക്കും മുമ്പിൽ കിടുങ്ങി നിൽക്കാതെ വരവിൽപ്പെടാത്ത വരുമാനങ്ങൾ കണ്ടുകെട്ടട്ടെ. അധർമ്മികളുടെ നവരത്ന മോതിരക്കല്ലുകളെക്കാൾ പ്രഭ നിയമപാലകരുടെ കൈവിലങ്ങിനുണ്ടെന്ന് പൊതുജനത്തെ കാണിക്കട്ടെ! പിന്നെ മതി കാറിന്റെ സൺഫിലിം പോന്താൻ മുറി ബ്ലെയിഡുമായി പെരുവഴിത്തിരുവിൽ പതിയിരിക്കുന്നതും, ഒരു തടിലോറിയുടെ പേപ്പറുകൾ പലവട്ടം എണ്ണിനോക്കുന്നതും... പിന്നെ ഒരുകോടി വിലയുള്ള ഒരു ഹമ്മർ കാണുമ്പോൾ വാപൊത്തി നിന്നുപോകുന്നതും മറ്റും മറ്റും...

* * * *

ഗുണിതം: വാഹനപരിശോധന നടത്തി വൻതുക പിരിച്ചു നൽകണമെന്ന് ഉന്നത നിർദ്ദേശം: വാർത്ത.


നിയമലംഘനവും തന്നിഷ്ടവുമൊക്കെ പെരുമഴ പോലെ ഓരോ ദിനവും കടന്നുവരട്ടെ എന്ന ശുഭപ്രതീക്ഷയോടും പ്രത്യാശയോടും പ്രാർത്ഥനാപൂർവ്വം കേരളാ സർക്കാർ.com

- ഫാ. മുകളിൽ



പാവനസ്മരണയ്ക്ക്

40-ാം ഓർമ്മദിനം,
2012 സെപ്റ്റംബർ 9



അഭി. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ

മാവേലിക്കര ഭദ്രാസനാധിപൻ (1946-2012)

കോലത്തുകളത്തിൽ നെയ്ശ്ശേരിൽ
കുറിച്ചി, കോട്ടയം

ബ്രിഗേഡിയർ കെ. ജോൺ കുരുവിള, എറണാകുളം
ഡോ. സാറാമ്മ കോശി, തിരുവനന്തപുരം
തോമസ് ജോൺ
ഉമ്മൻ ജോൺ, കുവൈറ്റ്
ജോൺ കെ. ജോൺ, യു.എസ്.എ.

സന്തപ്ത കുടുംബാംഗങ്ങൾ

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004

RNI No. 3076/1946, Reg. No. KL/KTM/236/2012-14
License No. KL/CR/KTM/WPP-47/2012-14
Licensed to Post Without Pre-Payment

11–ാം ചരമവാർഷികം

11-08-2012



M. MATHEW MUTHOOTTU

Founder - Muthoottu Group

Chairman - Muthoottu Mini Group

Inserted by: Sorrowing Family

PRINTED AND PUBLISHED BY FR. THOMAS P. MUKALIL FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT CATHOLICATE PRESS KOTTAYAM-04; CHIEF EDITOR DR. ZACHARIAH MAR APREM RS. 15/-